MAR THOMA

# MESSENGER

A PUBLICATION OF THE DIOCESE OF NORTH AMERICA & EUROPE APRIL 1999



*Best Compliments*

*from*

Babu, Kusumam, Joby
Jeena & Julie

Titus Family
Kent, WA

---

# Airlines have a commitment to quality... Aero Controls has built a reputation on it.

Aero Controls was established in 1985 with emphasis on providing the highest quality repairs and overhauls for hydraulic, pneumatic, mechanical, electro-mechanical and electronic components utilized in Boeing and Douglas aircraft.

**AERO CONTROLS, INC.**

1602 Pike Street N.W. • Auburn, WA 98001 • Phone: (206) 735-3350
Fax: (206) 939-0530 • Telex: 62897575

# Mar Thoma Messenger

*The official publication of the Diocese of North America & Europe*

**VOL. XVIII No. 2**
**April 1999**

**EDITORIAL BOARD**

**Rev. K. Y. Jacob**
Manager and Treasurer
(516) 377-3311
marthoma@aol.com

**Abraham Thomas**
Editor and Publisher
(732) 695-1015
abethomas@aol.com

**Rev. Kurien George**
(516) 868-1328

**James T. Philip**
(718) 761-1295
jamestphilip@mindspring.com

**Mrs. Mini Joys Thomas**
(718) 465-2358

**Mailing Address:**

Mar Thoma Messenger
Sinai Mar Thoma Center
2320 S. Merrick Ave., Merrick, NY 11566

Tel. (516) 377-3311
Fax (516) 377-3322

**Subscription Rates:**

| | U.S. | CAN. |
|---|---|---|
| Four Issues | $10.00 | $15.00 |
| Eight Issues | $18.00 | $25.00 |

**Advertisement Rates:**

| | Four-Issues | One Issue |
|---|---|---|
| Back Cover Page | $1,500.00 | $500.00 |
| Front/Back Cover Inside | $1,000.00 | $300.00 |
| Inside Full Page | $ 500.00 | $150.00 |

*Articles published in the Messenger are solely of the author's view. Messenger is not responsible or liable for the contents of the articles in any way.*

## CONTENTS

**Message From the Metropolitan** . . . . . . . . . . 2

**Message From the Diocesan Bishop** . . . . . . . . . . 5

**104th Maramon Convention** . . . . . . . . . . 7–21

**Ecumenism**
Dr. P. M. Mammen . . . . . . . . . . 22

**Do We Know Our Church?**
Rev. Dr. K. T. Joy . . . . . . . . . . 27

**The Mar Thoma Church in Global Context**
Dr. George K. Zachariah . . . . . . . . . . 30

**Focus Seminar — 1999**
Mathew Kallumpram . . . . . . . . . . 33

**Evil Effects of Alcohol Abuse and Dependency**
Roy C. Thomas . . . . . . . . . . 35

**Bible Cross Word Puzzle** . . . . . . . . . . 37

**Diocesan News** . . . . . . . . . . 39

***Cover:***

The Most Rev. Dr. Alexander Mar Thoma Metropolitan commissioned The Rt. Rev Dr. Philipose Mar Chrysostom Suffragan Metropolitan as Officiating Metropolitan and The Rt. Rev. Dr. Joseph Mar Irenaeus Episcopa as Suffragan Metropolitan at a special service held on March 15, 1999 at Thiruvalla.

# *Best Wishes to*



**The Most Rev. Dr. Alexander Mar Thoma**
**Metropolitan**



**The Most Rev. Dr. Philipose Mar Chrysostom**
**Officiating Metropolitan**



**The Rt. Rev. Dr. Joseph Mar Irenaeus**
**Suffragan Metropolitan**

*We uphold them in our prayers*

**MESSENGER**

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ദൈവത്തിൻെറ അതിരറ്റ കൃപയാൽ ഈ വർഷവും മാരാമൺ കൺവൻഷൻ അനുഗ്രഹമായി നടക്കുവാൻ ദൈവം സഹായിച്ചതിനായി സ്തോത്രം ചെയ്യാം. ദൈവവചനം പരിശുദ്ധാത്മ ശക്തിയിൽ, ദൈവഭൃത്യന്മാർ ഘോഷിക്കുകയുംബഹുസഹസ്രം ജനങ്ങൾ അത് പ്രാർത്ഥനാപൂർവ്വം സ്വീകരിക്കുകയും ചെയ്തു. പ്രകൃതിയെയും ദൈവം അനുകൂലമായി നിയന്ത്രിച്ചു. കൺവൻഷൻെറ നടത്തിപ്പ് സംബന്ധിച്ച് ചില അപശബ്ദങ്ങൾ നേരത്തേ കേൾക്കുന്നതിന് ഇടയായി. എങ്കിലും വിവിധ സമുദായ നേതാക്കൾ സൗഹൃദപൂർവ്വം അവ അടിസ്ഥാന രഹിതമാണെന്ന് പ്രസ്താവിക്കയുണ്ടായി. മുൻപതിവനുസരിച്ചുള്ള എല്ലാ പരിപാടികളും യാതൊരു തടസ്സവും കൂടാതെ നടക്കുവാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും നൽകി. വൈദ്യുതി, ഇറിഗേഷൻ, ആരോഗ്യവകുപ്പ്, ക്രമസമാധാനം ആദിയായ എല്ലാ സർക്കാർ വകുപ്പുകളും വേണ്ട സഹകരണം നൽകുകയുണ്ടായി. പൊതുയോഗങ്ങൾ, ബൈബിൾ ക്ലാസുകൾ, കുട്ടികൾക്കും യുവജനങ്ങൾക്കുമായുള്ള പ്രത്യേക മീറ്റിംഗുകൾ, എക്യുമെനിക്കൽ സമ്മേളനം, സാമൂഹിക പ്രശ്നങ്ങൾ സംബന്ധിച്ച യോഗം, സഭയിലെ വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിലുള്ള സമ്മേളനങ്ങൾ ആദിയായവ ഏറ്റവും പ്രയോജനമായിരുന്നു. വിവിധ മിഷ്യൻ ഫീൽഡുകളിൽ നിന്നും വന്നുചേർന്ന പ്രവർത്തകരുടെ സംഗമം എല്ലാവർക്കും പുതിയ ഉന്മേഷം പകരുന്നതായിരുന്നു.

ആരോഗ്യപരമായ കാരണങ്ങളാൽ പ്രാരംഭയോഗത്തിൽ മാത്രം പന്തലിൽ ചെന്ന് യോഗത്തിൽ സംബന്ധിക്കുന്നതിനേ എനിക്കു സാധിച്ചുള്ളൂ. മറ്റുള്ള പരിപാടികളിൽ റിട്രീറ്റ് സെൻററിൽ ഇരുന്നുകൊണ്ട് മൈക്കിൻെറ സഹായത്തോടുകൂടെ പങ്കുകൊണ്ട് മുഴുവൻ സമയവും അവിടെ താമസിച്ച് പ്രസംഗകർക്കും പ്രത്യേക സന്ദർശകർക്കും ആവശ്യമായ കൂട്ടായ്മ നൽകി. ദൈവകൃപ ധാരാളം അനുഭവിക്കാൻ സാധിച്ചു. നിലനിൽക്കുന്ന ഫലം ഉണ്ടാകുവാൻ ഏവരും തുടർന്നും പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണം.

കൺവൻഷനിൽ നൽകിയ എൻെറ പ്രാരംഭ സന്ദേശത്തിൽ രണ്ടു കാര്യങ്ങൾ പ്രത്യേകം ഓർമ്മിപ്പിച്ചു. 1. ദൈവരാജ്യത്തിൻെറ സാക്ഷികളായി നാം ഇന്നു ജീവിക്കുന്നത് വിവിധ മതാനുസാരികളുടെ മദ്ധ്യത്തിലാണ്. പ്രയോജനകരമായ സാക്ഷ്യം നിർവ്വഹിക്കണമെങ്കിൽ എല്ലാവരേയും സ്നേഹിക്കുന്നതിനും, ആദരിക്കുന്നതിനും സാധിക്കണം. അവരിലുള്ള നന്മ അംഗീകരിക്കുകയും വേണം. അതേസമയം യേശുക്രിസ്തുവിൽ കൂടി നൽകിയിട്ടുള്ള പാപമോചനത്തിൻെറയും, പുതുജീവിൻെറയും അനുഭവം വെളിപ്പെടുത്തണം. പൊതുനന്മയ്ക്കായുള്ള പ്രവർത്തനങ്ങളിൽ വിവിധ മതസ്ഥരുമായും കഴിയുന്നത്ര ചേർന്ന് പ്രവർത്തിക്കണം. 2. ഇക്കാലത്ത് വർഗ്ഗീയ വിദ്വേഷവും, ന്യൂനപക്ഷങ്ങൾക്കെതിരായുള അക്രമപ്രവർത്തനങ്ങളും ചില സ്ഥലങ്ങളിൽ ഉണ്ടാകുന്നുവല്ലോ. ആ സാഹചര്യത്തിൽ ദൈവസ്നേഹത്തിൽ അവ സഹിക്കുന്നതിനും, ദോഷം ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും സാധിക്കണം. ക്രൂശിൻെറ പാതയിൽകൂടെ ധൈര്യപൂർവ്വം ദൈവരാജ്യ ദൂതുകൾ നൽകുവാൻ ദൈവാത്മശക്തിയിൽ പ്രവർത്തനം തുടരണം. "തെറ്റായ മാർഗ്ഗങ്ങളുപയോഗിച്ച് മതപരിവർത്തനം നടത്തുന്നു". എന്ന ആരോപണത്തിന് കാരണം നൽകാതെ സൂക്ഷിക്കണം. ക്രിസ്തീയ സഭയ്ക്കുള്ളിൽ തന്നെ ഐക്യതയുടെയും, സേവനത്തിൻെറയും, അനുഭവം വർദ്ധിക്കണം. അയൽക്കാരെ അവരുടെ ആവശ്യങ്ങളിൽ കരുതി ശുശ്രൂഷിക്കുന്ന പ്രവർത്തനം വർദ്ധിച്ചുവരണം.

മാർത്തോമ്മാ സഭയിൽ ഓരോ അംഗവും യേശുക്രിസ്തുവിൻെറ സാക്ഷിയായിരിക്കണം എന്ന ലക്ഷ്യത്തോടുകൂടെയാണ് "സന്നദ്ധസുവിശേഷക സംഘം" 75 വർഷം മുമ്പ് സ്ഥാപിതമായത്. അതിൻെറ പ്ലാറ്റിനം ജൂബിലി മാരാമൺ കൺവൻഷൻ സമയത്ത് ഉൽഘാടനം ചെയ്യപ്പെട്ടു. വൈദികർ മാത്രമല്ല, സഭയിലെ എല്ലാ പുരുഷന്മാരും സ്ത്രീകളും ഉൾപ്പെടുന്ന അത്മായസമൂഹം ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുന്നവരാകുന്നതിന് ഈ സംഘടന പ്രവർത്തിക്കുന്നു. അതിൻെറ ശാഖയായി ഇടവകകളിൽ "ഇടവക മിഷൻ" ക്രമീകരിച്ചിട്ടുണ്ട്. പല ഇടവകകളിലും അതിൻെറ പ്രവർത്തനം കൂടുതൽ ശക്തിപ്പെടേണ്ടിയിരിക്കുന്നു എന്നു കാണുന്നു. ഏതു ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരായാലും ആ ജോലിയിൽ കൂടെ യേശുക്രിസ്തു നൽകുന്ന പുതുജീവനും സ്നേഹത്തിനും വിശുദ്ധിക്കും, നീതിക്കും സാക്ഷ്യം വഹിക്കുവാൻ സാധിക്കണം. അതിനായി ആവശ്യമായ ക്രിസ്തീയ കൂട്ടായ്മയും ദൈവവചന പഠനവും ഇടവകകളിൽ ശക്തിപ്പെടണം.

ഈ വർഷം ഫെബ്രുവരി 14-ാം തീയതി 'വലിയ നോമ്പ്' ആരംഭിച്ചു. കർത്താവിൻെറ കഷ്ടപ്പാടുകളെ സാക്ഷിക്കുന്നതിനും ക്രൂശിലെ സ്നേഹത്താൽ ജീവിതം പുതുക്കുന്നതിനും നോമ്പാചരണം സഹായകമാ

യിത്തീരണം. ദൈവവചന പഠനത്തിനും പ്രാർത്ഥിനയ്ക്കും കൂടുതൽ സമയം വേർതിരിക്കേണ്ടതാണ്. ചില കാര്യങ്ങളിലെങ്കിലും വർജ്ജനം ആചരിച്ച് അതിൽ കൂടെ മിച്ചംവരുത്തുന്ന പണം സുവിശേഷഘോഷണത്തിനും ആതുരസേവനത്തിനുമായി ഉപയോഗിക്കുന്നതിന്, നമുക്കു ലഭിച്ചിട്ടുള്ള ആഹ്വാനവും പാരമ്പര്യവും തുടരുന്നത് അനുഗ്രഹകരമായിരിക്കും.

മാരാമൺ കൺവെഷനെ തുടർന്ന് സഭയിലെ പത്തു എപ്പിസ്കോപ്പാമാരും സംബന്ധിച്ച റിട്രീറ്റ് മൂന്നു ദിവസത്തേക്ക് ചരൽക്കുന്നിൽ വച്ചു നടന്നു. നമ്മുടെ ഇടവകകളിൽ ക്രിസ്തീയ സാക്ഷ്യം വർദ്ധിക്കുന്നതിന് ആവശ്യമായ കാര്യങ്ങളെപ്പറ്റി പഠിക്കുകയും, ചർച്ചകൾ നടത്തുകയും, പ്രാർത്ഥിക്കുകയും ചെയ്തു. താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതിന് തീരുമാനിച്ചു.

1. ഇടവകകൾക്കുള്ളിൽ ദൈവവചന പഠനത്തിനായി ഗ്രൂപ്പുകൾ ക്രമീകരിച്ച് പഠനം സഫലമാക്കുക. അതിനായി, ചെങ്ങന്നൂർ - തുമ്പമൺ ഭദ്രാസനത്തിൽ ക്രമീകരിച്ചിരിക്കുന്ന സിലബസും ലഘു ഗ്രന്ഥങ്ങളും എല്ലാ ഭദ്രാസനങ്ങളിലും ഉപയോഗിക്കാവുന്നതാണ്.

2. അയൽക്കാരുമായുള്ള ബന്ധം ശക്തിപ്പെടുത്തുക.

അതിനായി അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കുക. ജാതിമതഭേദമന്യേ അയൽക്കാർ ഒരുമിച്ചു ചേർന്ന് സ്നേഹത്തിൻെറ ആത്മാവിൽ പൊതുനന്മയ്ക്കായുള്ള പദ്ധതികൾ പരിഗണിക്കുകയും മദ്യപാനം ആദിയായ ദോഷങ്ങൾക്കെതിരെ പ്രവർത്തിക്കുകയും ചെയ്യുക.

3. ഓരോ ഇടവകയും ഏതെങ്കിലും ഒരു മിഷൻ ഫീൽഡുമായി പ്രത്യേകം ബന്ധം പുലർത്തുകയും ആ ഫീൽഡിനുവേണ്ടി പ്രാർത്ഥിക്കുകയും ആവശ്യങ്ങളിൽ സഹായിക്കുകയും ചെയ്യുക.

4. വൈദിക വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിലും പരിശീലിപ്പിക്കുന്നതിലും കൂടുതൽ ശ്രദ്ധപതിക്കുക. സേവനത്തിനുള്ള സന്നദ്ധത വൈദിക ശുശ്രൂഷയിലും പൊതുജീവിതത്തിലും ലക്ഷ്യമാക്കിത്തീർക്കുക.

സഭയിൽ ആരംഭിച്ചിരിക്കുന്ന ദയറായ പ്രസ്ഥാനം കൂടുതൽ ശക്തമാകുന്നതിന് പ്രവർത്തിക്കുക. സേവിനിമാരുടെ ഒരു സംഘടനയും ക്രമീകൃതമാകുവാൻ പ്രോത്സാഹിപ്പിക്കണം. കൂടുതൽ ഫലവത്തായ സേവനം സഭയ്ക്ക് നിർവ്വഹിക്കുന്നതിന് ഇതുമൂലം സാധിക്കണം.

എനിക്ക് വർദ്ധിച്ചുവരുന്ന ശരീര ക്ഷീണം പരിഗണിച്ച് ഔദ്യോഗിക ചുമതലകളിൽ നിന്ന് വിരമിച്ച് കൂടുതൽ വിശ്രമിക്കേണ്ടിയിരിക്കുന്നു എന്നു ബോധ്യമായി. ഔദ്യോഗിക ചുമതലകളിൽ നിന്ന് വിരമിക്കുന്നു എങ്കിലും ദൈവം നൽകുന്ന കഴിവനുസരിച്ച് സഭാശുശ്രൂഷയിൽ തന്നെ ഞാൻ തുടരുന്നതാണ്. ഈ വിവരം എപ്പിസ്കോപ്പൽ സിനഡിൽ അറിയിക്കുകയും, തത്സംബന്ധമായി വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി ചെയ്യാവുന്ന ക്രമീകരണങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു. അതിൻപ്രകാരം ചെയ്ത ക്രമീകരണങ്ങൾ 511-ാം നമ്പർ സർക്കുലർ കല്പനമൂലം എല്ലാവരെയും അറിയിക്കുന്നു. അതിൽ വിവിധ ചുമതലകൾ ആരൊക്കെ നിർവ്വഹിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഇതുവരെ ലഭിച്ച എല്ലാ ദൈവകൃപയ്ക്കായും സ്തോത്രം അർപ്പിക്കുകയും, എല്ലാവരുടെയും പ്രാർത്ഥനയ്ക്കും സഹകരണത്തിനും കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്യുന്നു. അപ്രകാരും ഈ കല്പനയിലെ വാക്കുകളിലൂടെ ഈ കത്ത് സമാപിപ്പിക്കുന്നു.

## മലങ്കര ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിൻെറ അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായിൽ നിന്നും

സർക്കുലർ നമ്പർ 511.

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

കർത്താവിൽ പ്രിയരെ,

നമ്മുടെ പ്രായാധിക്യവും ഇപ്പോഴത്തെ ശാരീരിക ക്ഷീണവും പരിഗണിച്ച് മെത്രാപ്പോലീത്തായുടെ ചുമതലകളിൽ നിന്ന് വിരമിച്ച് കൂടുതൽ വിശ്രമിക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. കഴിഞ്ഞ ദീർഘവർഷങ്ങളിൽ സഭാ ശുശ്രൂഷയിൽ ലഭിച്ച എല്ലാ ദൈവനടത്തിപ്പിനായും, കൃപയ്ക്കായും, സഭാജനങ്ങളുടെ എല്ലാ പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായും, ദൈവത്തിന് സ്തുതി കരേറ്റുന്നു. എല്ലാവരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇപ്പോൾ പുതിയ ക്രമീകരണങ്ങൾ നടപ്പാക്കേണ്ടതായി വന്നിരിക്കുന്ന വിവരം അറിയിക്കുന്നു.

ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്തായെ 1999 മാർച്ച് മാസം 15-ാം തീയതി മുതൽ നി.വ.ദി.മഹിമ ശ്രീ. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം ഒഫിഷ്യേറ്റിംഗ് മെത്രാപ്പോലീത്താ എന്ന നാമധേയത്തിൽ നിയോഗിച്ചിരിക്കുന്നു. ഒഫീഷ്യേറ്റിംഗ് മെത്രാപ്പോലിത്താ നമ്മോടൊപ്പം പുലാത്തിനിൽ താമസിക്കുകയും മെത്രാപ്പോലീത്തായുടെ ചുമതലകൾ നിർവഹിക്കുകയും ചെയ്യും. ഇപ്പോഴുള്ള ചെങ്ങന്നൂർ-തുമ്പമൺ ഭദ്രാസനത്തിൻെറ ചുമതലയും ഒഫീഷ്യേറ്റിംഗ് മെത്രാപ്പോലീത്താ നിർവഹിക്കും.

എപ്പിസ്കോപ്പൽ സിനഡിൻെറ ശുപാർശയോടും 1999 ഫെബ്രുവരി 26-ാം തീയതി കൂടിയ സഭാകൗൺസിൻെറ ആലോചനയോടും കൂടെ നമ്മുടെ ജോസഫ് മാർ ഐറേനിയസ് എപ്പിസ്കോപ്പായെ 1999 മാർച്ച് 15-ാം തീയതി മുതൽ സഫ്രഗൻ മെത്രാപ്പോലിത്തായായി നിയമിക്കുന്ന വിവരവും ഇതിനാൽ സഭാജനങ്ങളെ അറിയിച്ചുകൊള്ളുന്നു.

മെത്രാപ്പോലിത്തായുടെ നേരിട്ടുള്ള ചുമതലയിൽ ആയിരുന്ന സ്ഥാപനങ്ങളുടെ ചുമതലകൾ താഴെ പറയുംപ്രകാരം ക്രമീകരിച്ചിരിക്കുന്നു.

ഡിപ്പാർട്ട്മെൻറ് ഓഫ് സേക്രഡ് മ്യൂസിക് ആൻഡ് കമ്മ്യൂണിക്കേഷൻസ് ഗീവർഗീസ് മാർ അത്താനാസിയോസ് എപ്പിസ്കോപ്പായുടെയും ഡവലപ്മെൻറ് ഡിപ്പാർട്ട്മെൻറ് കാർഡ് എന്നിവ ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പായുടെയും, എം.സി.ആർ.ഡി., ഡോ. യുയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പായുടെയും ചുമതലയിലായിരിക്കും. മെത്രാപ്പോലീത്തായുടെ ചുമതലയിലായിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇതര ചുമതലകൾ എന്നിവ ഒഫീഷ്യേറ്റിംഗ് മെത്രാപ്പോലീത്തായെ ഭരമേല്പിക്കുന്നു.

പുതിയ സ്ഥാനത്തേക്ക് പ്രവേശിക്കുന്ന ഒഫിഷ്യേറ്റിംഗ് മെത്രാപ്പോലിത്തായുടെയും സഫ്രഗൻ മെത്രാപ്പോലീത്തായുടെയും മറ്റു എപ്പിസ്കോപ്പാമാരുടെയും കല്പനകളും നിർദ്ദേശങ്ങളും സ്വീകരിച്ച് ഇടവക ജനങ്ങളും സഭയുടെ സ്ഥാപനങ്ങളും സഹകരിച്ചു പ്രവർത്തിക്കണമെന്ന് ഇതിനാൽ നാം ഉൽബോധിപ്പിക്കുന്നു.

സീനിയർ വികാരി ജനറാളായ പി.വി. തോമസ് കശീശാ ഇപ്പോഴുള്ള ചുമതലകളോടൊപ്പം, നിരണം-മാരാമൺ, ചെങ്ങന്നൂർ-തുമ്പമൺ എന്നീ ഭദ്രാസനങ്ങളുടെ ഭരണക്രമീകരണങ്ങളിൽ ഒഫീഷ്യേറ്റിംഗ് മെത്രാപ്പോലീത്തായെ സഹായിക്കും. വികാരി ജനറാൾ ഡോ. പി.പി. ഏബ്രഹാം കശീശായെ മുംബെ-ഡൽഹി ഭദ്രാസനത്തിലും, വികാരി ജനറാൾ ഏ.സി. കുര്യൻ കശീശായെ തിരുവനന്തപുരം-കൊല്ലം ഭദ്രാസനത്തിലും എപ്പിസ്കോപ്പാമാരെ സഹായിക്കുന്നതിനു നിയമിച്ചിരിക്കുന്നു. ഈ നിയമനങ്ങൾ ഇവരുടെ ഇപ്പോഴുള്ള ഔദ്യോഗിക കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പ്രാബല്യത്തിൽ വരുന്നതാണ്.

ഔദ്യോഗിക ചുമതലകളിൽ നിന്നും വിരമിക്കുന്നു എങ്കിലും ലഭിക്കുന്ന എല്ലാ അവസരങ്ങളും സഹമേൽപ്പട്ടക്കാരെയും, വൈദീകരെയും, സഹായിക്കുന്നതിനും, ഇടവകകൾക്കും, സ്ഥാപനങ്ങൾക്കും, സമൂഹത്തിനും ആവശ്യമായ ശുശ്രൂഷകൾ ദൈവം തരുന്ന കഴിവനുസരിച്ചു നിർവ്വഹിക്കുന്നതിനും ഉത്സുകനായിരിക്കും. അതിന് നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും തുടർന്നുംലഭിക്കുമെന്നും കർത്താവും ശക്തിപ്പെടുത്തുമെന്നും വിശ്വസിക്കുന്നു.

നമ്മുടെ കർത്താവ് യേശുമിശിഹായുടെ വാഴ്വുകളും , അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

എന്ന് ക്രിസ്താബ്ദം 1999 ഫെബ്രുവരി 27-ാം തീയതി തിരുവല്ലാ സഭാ ആഫീസിൽ നിന്നും

(ഒപ്പ്)

അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ.


# XVII MAR THOMA FAMILY CONFERENCE

## Diocese of North America and Europe

**Date: July 1-4, 1999**

Place: Adams Mark Hotel, Houston, TX

***Theme:* Reconciliation in the Midst of Conflicts** (II Cor. 5:18)

*Hosted by:* **Trinity Mar Thoma Church,** Houston, TX

*Celebrating 25 years of growth and service*

**Main Leaders:**

Rt. Rev. Dr. Zacharias Mar Theophilus Episcopa
Rt. Rev. Dr. Geevarghese Mar Theodosius Episcopa
The Rev. Dr. Cleophus J. LaRue, Jr. • Sister Joan Chunkappura, Ph.D. • Rev. Kurien George

Separate Programs for Children of age groups 4-7, 8-12 and 13-17.

*For more information contact:*

Rev. Cherian Joseph, *President* – (281) 261-4603 • M. A. Mathews, *Vice President* – (281) 933-1547
T. A. Mathew, *Secretary* – (713) 455-7469 • Abraham Edicula, *Registration* – (713) 664-5607

# Message From The Diocesan Bishop



Dearly Beloved in Christ,

Easter has brought to us and the humanity a new hope of resurrection and opened up innumerable possibilities. In a world of fights and flights, bloodshed and hunger, everything looks dim, dark and disappointing. Christ coming out of the grave points towards the end of darkness and the beginning of a new life, the life eternal. The modern world is badly in need of the vision, mission and power of the resurrected Christ.

Ethnic wars, genocide, and religious conflicts all generate numerous problems for the world's community. The landless, homeless, jobless, and refugees become a threat to the peace and prosperity of the neighboring countries. Any murder calls for revenge by persons or communities who become objects of violence. Violence can never bring peace but only multiply violence. Negotiations, dialogues, and self-examination are better tools of peace than the weapons of wars. Modern man must learn the hard truth of creating, sustaining and promoting peace in the local as well as in the wider context. There is no winner or loser in the modern wars. All are the losers monetarily, militarily, geographically and ethically. We need to rethink whether we should work for peace.

The new Diocesan Assembly is meeting during the last week of April on Long Island. Now we have about 100 assembly members and 16 council members. The Diocesan structure has become strong and moving. We need to move further in ecumenical, evangelical and educating aspect of faith and its expressions. We have yet to get involved in the life of the community in which we are living. In our well-secured homes, we do not think about the insecure human beings around us. We have to financially support the strengthening of the weak and poor around us.

Rev. Oommen Philip, who has been the Diocesan/Bishop's secretary for the past two years, is leaving the Diocese to take the Vicarship at Bethel Mar Thoma parish in New Delhi. We owe him and his family much for his hard and useful service. Let us remember them in our prayers. Rev. K. Y. Jacob, the present vicar of the Chicago Mar Thoma Church, will be the new Diocesan/Bishop's secretary effective May 1, 1999. I hope and believe that his tenure will be a blessed time for the Diocese. A few clergy have been transferred to parishes in India, while a few clergy will be joining the parishes in this Diocese. Let us pray that the ministry of all our Achens be a blessed service to the Lord and His people wherever they are posted.

It is the undeserved gift of blessings from God that we receive and enjoy abundantly. But for the divine grace, none of us would have been in our present place or position. All of us as persons, families and Diocese need to thank God always for the amazing grace. John Newton, who wrote the popular hymn "The Amazing Grace" has written, "I am, in myself, incapable of standing a single hour without continual fresh supplies of strength and grace from the fountain-head."

Let me conclude with these lines from John Newton:

Amazing grace—how sweet the sound—that saved a wretch like me!
I once was lost but now am found, was bind but now I see.
'Twas grace that taught my heart to fear, and grace my fears relieved;
How precious did that grace appear the hour I first believed.
The Lord has promised good to me, His word my hope secures;
He will my shield and portion be as long as life endures.
Thru many dangers, toils and snares, I have already come;
'Tis grace hath brought me safe thus far, and grace will lead me home.

With prayers and blessings

Yours in Christ's Service,

The Rt. Rev. Dr. Zacharias Mar Theophilus

# 104-ാമത് മാരാമൺ കൺവൻഷന് അനുഗ്രഹകരമായ തുടക്കം



**ആ**ത്മീയതയുടെ വറ്റാത്ത നീരുറവ തേടിയെത്തിയ ജനസഹസ്രങ്ങൾ സാക്ഷിനിൽക്കെ, പമ്പാനദിയുടെ വിശാലമായ മണൽപ്പുറത്ത് 104-മതു മാരാമൺ കൺവൻഷൻ മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമ്മ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. പന്തലും മണൽപ്പുറവും നിറഞ്ഞു കവിഞ്ഞ വിശ്വാസികളുടെ ഹൃദയങ്ങളിൽ ആത്മീയ ചൈതന്യത്തിൻെറ മാറ്റൊലികൾ നൽകികൊണ്ട് രണ്ടുമണിക്ക് മുഴങ്ങിയ മണിനാദത്തെ തുടർന്ന് റവ. ഏബ്രഹാം ലിങ്കൺ നയിക്കുന്ന ഗായകസംഘത്തോടു ചേർന്ന് ''പരിശുദ്ധപരനേ നിരന്തരം സ്തുതിപ്പിൻ ...' എന്ന ഗാനം ജനങ്ങൾ ആലപിച്ചപ്പോൾ മണൽപ്പുറം സ്തുതിയിൽ മുഖരിതമായി. സുവിശേഷപ്രസംഗസംഘം പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്ത, അഭിവന്ദ്യ ഡോ. ജോസഫ് മാർ ഐറേനിയസ് എപ്പിസ് കോപ്പാ, അഭിവന്ദ്യ ഡോ. സഖറിയാസ് മാർ തെയോഫിലോസ് എപ്പിസ്കോപ്പാ, അഭിവന്ദ്യ ഗീവർഗീസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ, അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പാ. അഭിവന്ദ്യ ഡോ. യുയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പാ, അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ് കോപ്പാ, അഭിവന്ദ്യ തോമസ് മാർ തിമോഥേയോസ് എപ്പിസ്കോപ്പാ, അഭിവന്ദ്യ ഡോ. ഐസക് മാർ ഫീലിക്സീനോസ ് എപ്പിസ് കോപ്പാ, അഭിവന്ദ്യ ഡോ. ബിഷപ്പ് എം. സി. മാണി എന്നിവരും യോഗത്തിൽ സംബന്ധിച്ചിരുന്നു. സുവിശേഷസംഘം ജനറൽ സെക്രട്ടറി വെരി. റവ. ഡോ. പി. പി. ഏബ്രഹാം പ്രാരംഭപ്രസ്താവന ചെയ്തു. അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ ഉദ്ഘാടന പ്രസംഗത്തിനുശേഷം റവ. ഡോ. സാമുവൽ ടി. കമലേശൻ മുഖ്യ സന്ദേശം നൽകി. റവ. എ. റ്റി. സഖറിയാ, പരിഭാഷപ്പെടുത്തി. 'മാർത്തോമ്മാ, സഭാ ഡയറക്ടറി', 'മാർത്തോമ്മാ വൈദിക ഡയറക്ടറി' എന്നിവ, അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി യോഗത്തിൽവച്ച് പ്രകാശനം ചെയ്തു . മെത്രാപ്പോലീത്താ തിരുമേനിയുടെ ആശീർവാദത്തിനുശേഷം 4.30 ന് പ്രാരംഭയോഗം പര്യവസാനിച്ചു..



*സുവിശേഷസംഘം പ്രസിഡൻറ്*
***അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്താ***

## ക്രിസ്തു : ദൈവരാജ്യത്തിൻെറ ഉദാത്ത മാതൃക

### അഭിവന്ദ്യ ഡോ.അലക്സാണ്ടർ മാർത്തോമ്മ മെത്രാപ്പോലീത്താ തിരുമേനിയുടെ ഉദ്ഘാടന പ്രസംഗം

**ദൈ**വത്തിൻെറ അതിരറ്റ കൃപയാൽ ഈ വർഷവും മാരാമൺ കൺവൻഷനായി ചേർന്നു വരുവാൻ ദൈവം നമ്മെ സഹായിച്ചതിനായി സ്തോത്രം ചെയ്യാം ദൈവവചനം ദൈവാത്മ ശക്തിയിൽ ഘോഷിക്കുന്നതിനും പ്രാർത്ഥനാപൂർവ്വം അതു കൈകൊള്ളുന്നതിനും കഴിഞ്ഞ 103 വർഷമായി ദൈവം നമ്മുടെ സഭയ്ക്ക് അവസരം നൽകി. ക്രിസ്തീയ ജീവിതത്തിൻെറ വളർച്ചയ്ക്കും, നിലനിൽപ്പിനും, ദൈവവചനം ഘോഷിക്കുന്നതും അതിൻെറ വെളിച്ചത്തിൽ ജീവിതങ്ങൾ പുതുക്കപ്പെടുന്നതും അത്യന്താപേക്ഷിതമാണെന്ന് നമ്മുടെ പിതാക്കന്മാർക്ക് ബോധ്യപ്പെട്ടതിൻെറ ഫലമായാണ് ഈ കൺവൻഷൻ ആരംഭിച്ചതും, തുടർന്നു വരുന്നതും. വചനം, മനുഷ്യനായി ലോകത്തിൽ ജീവിച്ച യേശുക്രിസ്തുവിനെ അറിയുന്നതും, സ്വീകരിക്കുന്നതും, അവനിൽ വേരൂന്നി കൂട്ടായ്മയിൽ വളരുന്നതും നിത്യജീവൻെറ അനുഭവം നമുക്ക് നൽകുന്നു.

ദൈവം സ്നേഹമാകുന്നു എന്ന് വെളിപ്പെടുത്തിയ യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽ നാം ജീവിക്കുമ്പോൾ, ദൈവത്തെ സ്നേഹിക്കുന്നതും, നമ്മുടെ അയൽക്കാരെ സ്നേഹിക്കുന്നതും മൗലീകമായ ധർമ്മമായി നാം മനസ്സിലാക്കുന്നു. അപ്പോൾ അത് വ്യക്തിപരമായ ഒരു അനുഭവം മാത്രമല്ല, ദൈവത്തെ സ്നേഹിക്കുന്നവർ തമ്മിൽ തമ്മിൽ സ്നേഹിക്കുന്ന കൂട്ടായ്മയുടെ അനുഭവമായി തീരുന്നു. അവിടെ

*Cont'd on pg. 9*

*മാരാമൺ കൺവൻഷൻ 1999: പ്രാരംഭയോഗം 14-2-99 2. 30 p.m.*

*പ്രസംഗകൻ:* **റവ. ഡോ. സാമുവേൽ ടി. കമലേശൻ** *പരിഭാഷ: റവ. എ. റ്റി. സഖറിയ*

*വേദഭാഗം:* ***മർക്കോസ് 1: 14-20***

# കർത്താവ് വിളിക്കുന്നു : അനുസരിക്കുക

മാരാമണ്ണിലെ പരിശുദ്ധ ഭൂമിയിൽ വീണ്ടും ആയിരിക്കുക എന്നത് എത്ര സന്തോഷകരമാണ്. ചരിത്രം സൃഷ്ടിക്കപ്പെട്ട നദീതടമാണിത്. ദൈവത്തിൻെറ വിളിയോടു പ്രതികരിക്കുക എന്നു മാത്രം ചിന്തിച്ച പൂർവ്വികർ ആരംഭിച്ച ഒരു വലിയ ശുശ്രൂഷ.വർഷം തോറും ഇതു ഓർത്തു ഒരുമിച്ചുകൂടുവാൻലഭിക്കുന്ന അനുഭവം. മാരാമൺ കൺവൻഷനിൽ പങ്കെടുക്കുന്നത് എനിക്ക് ഒരു ആത്മീയ തീർത്ഥാടനമാണ്.

പാലസ്തീനിൽ നൂറ്റാണ്ടുകൾക്കുമുൻപ് ഉയർന്നു കേട്ട ദൈവീകആഹ്വാനം കർത്താവു നൽകിയ വിളി; അത് ദൈവരാജ്യത്തിലേക്കുള്ളതാണ്. ഉത്തരവാദിത്വം നൽകുന്ന ദൈവവിളിയാണത്. ദൈവവിളി നമുക്കു നൽകുന്ന ഉത്തരവാദിത്വത്തെപ്പറ്റി ഈ വർഷത്തെ കൺവൻഷനിൽ ധ്യാനിക്കുവാൻ നമുക്കു ശ്രമിക്കാം. നാലു മേഖലകളിൽ ഈ ഉത്തരവാദിത്വം ദർശിക്കാം.

1) നാം ആരായിരിക്കണം എന്ന അവബോധം നമുക്കു നൽകുന്നതു ദൈവവിളിയാണ്.
2) കൂടുതൽ പങ്കാളിത്തം സമൂഹത്തിൽ നൽകുവാൻ നമ്മെ പ്രേരിപ്പിക്കുന്ന മനസ് ദൈവവിളി നൽകുന്നു.
3) ഭാവിയെക്കുറിച്ചുള്ള നിയോഗം ദൈവവിളിയിലൂടെ അറിയുന്നു.
4) സാക്ഷികളാകുവാൻ നമ്മെ ഒരുക്കുന്നു

നാം ആരായിരിക്കുന്നു, അതായിരിക്കണം എന്നു അവബോധം നമുക്കു നൽകുന്നത് ദൈവവിളിയാണ്.

ഗലീലയിൽ ആരംഭിച്ച കർത്താവിൻെറ ശുശ്രൂഷ പിതാവായ ദൈവം നിയോഗിച്ചതാണ്. ഈ ദൗത്യം തുടരുവാൻ സഭയെ വിളിച്ചിരിക്കുന്നു. ഈ വിളിയുടെ മൂന്നു പ്രധാന പടികൾ നമുക്കു ചിന്തിക്കാം.

**1. ആദ്യശിഷ്യന്മാരെ വിളിച്ച വിളി**

മുക്കുവൻമാരായ ഒരു സമൂഹമായിരുന്നു കർത്താവിൻെറ ആദ്യശിഷ്യന്മാർ. സാധാരണക്കാരെങ്കിലും അവർക്കും വലിയ സ്വപ്നങ്ങൾ ഉണ്ടായിരുന്നു. ഒരുനാൾ രക്ഷകൻ അവരുടെ മദ്ധ്യത്തിലേക്കു വരുന്നു. സമൂഹത്തിലെ കാണാതെപോയതിനെ അന്വേഷിച്ച് എത്തിയ രക്ഷകൻ. അവൻ അവരെ പേരുചൊല്ലി വിളിക്കുകയാണ്. നിങ്ങൾ ചരിത്രം തിരുത്തിക്കുറിക്കുന്നവരാകുമെന്ന് അവരെ ബോദ്ധ്യമാക്കി.

ഈ ദൈവവിളിക്ക് ഒരു പ്രത്യേക പശ്ചാത്തലമുണ്ട്. അതു ശൂന്യമായതല്ല. വികാരവിചാരങ്ങൾക്ക് താല്ക്കാലികശമനം നൽകുന്ന ഒന്നല്ല ഇത്. ദൈവം ഭരിക്കുന്ന ദൈവരാജ്യത്തിലേക്കുള്ള ക്ഷണമാണിത്. സൂര്യചന്ദ്രന്മാരും പ്രകൃതിമുഴുവനും ദൈവം എന്ന ഭരണാധികാരിയുടെ ശക്തി നമ്മെ വെളിപ്പെടുത്തുകയാണ്. ഈ ക്രമീകരണങ്ങളിലേക്ക് അവൻ മുക്കുവ സുഹൃത്തുക്കളെ വിളിക്കുന്നു. അകന്നുകഴിഞ്ഞവർ ദൈവജനമാകുന്നു. പേരില്ലാത്തവരെ പേരു ചൊല്ലി വിളിക്കുന്നു.

ദൈവഭരണത്തെ സ്വീകരിക്കുന്ന അനുഭവമാണ് ദൈവരാജ്യ അനുഭവം. ദൈവഹിതത്തെ സ്വീകരിക്കുന്നതല്ലാതെ നമുക്കു മറ്റൊരു ദൗത്യമില്ല അവിടെ സഭയുടെ പ്രവർത്തനങ്ങൾക്ക് വ്യക്തത ഉണ്ടാകും.

നമ്മുടെ ജീവിതത്തിലൂടെ ദൈവരാജ്യത്തിൻെറ ഫലം പുറപ്പെടണം. ലോകം അതു ദർശിക്കണം.

യേശു നൽകുന്ന വിളി വ്യക്തിപരമാണ്. അവൻ ഓരോരുത്തരെയും പേരു ചൊല്ലി വിളിക്കുന്നു. ഓരോരുത്തരോടും വ്യക്തിപരമായി ഇടപെടുവാൻ അവൻ ആഗ്രഹിക്കുന്നു.

യേശുവിൽ വെളിപ്പെട്ട ഈ ഉദാത്ത മാതൃക അവൻ നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നു. തള്ളപ്പെട്ടവരെയും പേരില്ലാത്തവരെയും അറിയുന്ന മനസ്സ് നമുക്കുണ്ടാകണം.

മനുഷ്യവർഗ്ഗത്തെ രൂപാന്തരപ്പെടുത്തുന്ന ചാലകശക്തിയായി അവൻ നമ്മെ മാറ്റും. ഈ വിളി അംഗസംഖ്യ കൂട്ടുവാനുള്ളതല്ല. പിന്നെയോ ജീവിതം അർത്ഥവത്താക്കുവാൻ സാധിക്കുന്ന, ലോകം അറിയുന്ന വിളിയാണ്.

**2. ചിതറിപ്പോകലിനു മുഖാന്തരമായ വിളി - അപ്പൊ. 8: 1-4**

ദൈവം ആഗ്രഹിക്കുന്ന അനുഭവമാണ്. ചിതറിപ്പോകൽ. അപ്പോസ്തലപ്രവർത്തികളിലെ അടിസ്ഥാനഭാഗമാണിത്. സ്തേഫാനോസിൻെറ രക്തസാക്ഷിമരണത്തിൻെറപശ്ചാത്തലം. സഭാചരിത്രത്തിലേക്ക് അപ്പോസ്തല പ്രവർത്തിയുടെ പുസ്തകം പ്രവേശിക്കുന്നു. 8-ാം അദ്ധ്യായത്തിൽ ഒരു കഥാപാത്രത്തെകാണുന്നു ഫിലിപ്പോസ്. അത് അപ്പോസ്തലന്മാരിൽ ഒരാൾ അല്ല. ഏഴുപേരിൽ ഒരുവനായ (6:5) ഫിലിപ്പോസ് ആണ്. അപ്പോസ്തലന്മാർ യെരുശലേമിൽ തന്നെ പാർത്തപ്പോൾ സാധാരണക്കാരായവർ ചിതറപ്പെട്ടു. ഭവനപരമായ സുരക്ഷിതത്വം അവർക്കു നഷ്ടപ്പെട്ടു. സ്വന്തദേശത്തു ലഭിക്കുന്ന ബഹുമാന്യത നഷ്ടപ്പെട്ടു. എന്നാൽ അതിരുകളില്ലാത്ത ദൈവരാജ്യ സുവാർത്ത ഘോഷിച്ചുകൊണ്ട് അതിരുകളില്ലാതെ അവർ സഞ്ചരിച്ചു. അവരുടെ നില നിൽപ്പിൻെറ അടിസ്ഥാനം തന്നെ ഈ സുവാർത്താഘോഷണം ആയിരുന്നു. ചന്ദനമരം മുറിക്കുമ്പോൾ അതിൽ ഓരോ വെട്ട് ഏൽക്കുമ്പോഴും അതു കൂടുതൽ സുഗന്ധം പരത്തിക്കൊണ്ടേയിരിക്കും എന്നതു പോലെ അവർ ശക്തരായിത്തീർന്നു.

കേരളത്തിൽ നിന്ന് രണ്ടുതരം ചിതറിപ്പാർക്കൽ ഉണ്ടായിട്ടുണ്ട്; (1) പണസമ്പാദനത്തിനായി വിദേശങ്ങളിൽ ചിതറിപ്പോയവർ (2) സുവിശേഷഘോഷണത്തിനായി ഭാരതത്തിൻെറ വിവിധ ഗ്രാമങ്ങളിലേക്കു ചിതറിപ്പോയവർ. അസാദ്ധ്യകാര്യങ്ങളെ സാധ്യമാക്കി തരുന്ന ദൈവ ത്തോടൊപ്പം പ്രവർത്തിക്കുന്നവരാണ് ഈ രണ്ടാമത്തെ കൂട്ടർ. പുതിയനൂറ്റാണ്ടിലേക്കു നാം പ്രവേശിക്കുമ്പോൾ നാം ആഗ്രഹിക്കുന്ന ചിതറിപ്പാർക്കൽ ഏതാണ്? ദൈവമേ, എൻെറ പൈതലിനെ അങ്ങേ കരങ്ങളിൽ എടുക്കണമേ, ഉപയോഗിക്കണമെ എന്നു പ്രാർത്ഥിക്കുവാൻ നമുക്കു കഴിയുമോ? സമൂഹത്തിൻെറ ഉദ്ധാരണത്തിനായുള്ള ശുശ്രൂഷ നിർവ്വഹിക്കുവാൻ നമ്മുടെ കുഞ്ഞുങ്ങളെ സമർപ്പിക്കുമോ. അവർ യേശുവിൻെറ നാമത്തിൽ എല്ലായിടത്തുംപോയി. അവരുടെ ജീവിതം മനോഹരമായ ഒരു ഗാനമായി മാറി.

**3. ഫിലിപ്പോസിനു ശമര്യയിലേക്കു വിളി അപ്പോ. 8: 5, 12.**

അതു രൂപാന്തരപ്പെടുത്തുവാനുള്ള യാത്രയായിരുന്നു. ദൈവം നമ്മെ വിളിക്കുമ്പോൾ അവൻ നമ്മെ രൂപാന്തരപ്പെടുത്തും. സ്വയം രക്ഷപെടുവാൻ കഴിയാത്ത അവസ്ഥയിൽ നിന്ന് അവൻ ജീവിതത്തെ ഉയർത്തും. സ്വന്തദേശത്തുനിന്നും ധ്രുവീകരിക്കപ്പെട്ടു കേന്ദ്രദേശവുമായി ബന്ധമില്ലാതിരുന്ന ശമര്യരുടെ രൂപാന്തരത്തിനായുള്ള വിളിയാണിത്. കുടുംബങ്ങളിൽ



*റവ. ഡോ. സാമുവൽ ടി. കമലേശൻ*

നാം പലപ്പോഴും ധ്രുവീകരിക്കപ്പെട്ടു കഴിയുന്നതിനാൽ കേന്ദ്രസ്ഥാനത്തെ കണ്ടെത്താൻ കഴിയാതെ പോകുന്നില്ലേ. എവിടെയാണ് നാം നിൽക്കുന്നത് ? ഒരിക്കലും ഇളകാത്ത ഒരു രാജ്യം ദൈവം നമുക്കു നൽകിയിരിക്കുന്നു. (എബ്രാ. 12:28). ഒരിക്കലും നാടുനീങ്ങാത്ത രാജാവ് (എബ്രാ. 13:8). ഇന്നും അവൻ നമ്മോടുകൂടെയുണ്ട്. ഭാരതത്തിൽ തള്ളപ്പെട്ടു കഴിയുന്നുവർ സമൂഹത്തിൽ നിന്ന് അകന്ന് കഴിയുന്നവർ അനേകരുണ്ട്. അവർ പറയുന്നു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും. (മർ. 1: 40) അവർ യാചിക്കുന്നു. അവിടെ മനസ്സലിവോടുകൂടി പ്രവർ ത്തിക്കണം. മനസ്സലിവ് ഏറ്റവും ശക്തമായ വാക്കാണ്. വിപ്ലവകരമായ ഒരു വിമർശനമാണ് മറ്റുള്ളവരുടെ ഹൃദയവേദന നാം അനുഭവിക്കുന്ന അവസ്ഥയാണ്. മറ്റൊരർത്ഥത്തിൽ, മാനസികമായി ഹൃദയപൂർവ്വംതന്നെ മറ്റുള്ളവർക്കായി വേദനപ്പെടുന്നതാണ്. അവൻെറ വിളി കേട്ട് അവനെ അനുസരിക്കുമ്പോൾ മറ്റുള്ളവർ നഷ്ടമെന്ന് കരുതുന്നത് നാം നേട്ടമാക്കിത്തീർക്കുന്നു.

ഈ വിളി നമുക്ക് ഒരു സാമൂഹ്യപ്രതിബദ്ധത നൽകുന്നു. മറ്റുസമൂഹങ്ങളെയും ആലിംഗനം ചെയ്തു സ്വീകരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ദൈവവിളി. വേർപാടിൻെറ നടുച്ചുവർ തകർത്തുകളയുന്ന ദൗത്യത്തിനായുള്ള വിളി.

സഭയുടെ അനുഭവത്തിലേക്കു വരുന്നവരോടുള്ള നമ്മുടെ സമീപനം എങ്ങനെയാണ്. നമ്മെ അവർക്കായി സമർപ്പിക്കുവാൻ കഴിയുമോ? സഭ എന്നതിനേക്കാൾ മനുഷ്യനു വിലകല്പിക്കണം. ജീവിതത്തിൻെറ വൈരുദ്ധ്യത്തിൽ നിന്ന് ജീവിതത്തിൻെറ വിശ്വസ്തതയിലേക്കു നീങ്ങുവാൻ നമുക്കു കഴിയണം. ഇത് ആശയതലത്തി ലല്ല, അനുഭവത്തിൽ ദർശിക്കണം. ജീവിതവൈരുദ്ധ്യമില്ലാത്ത സമൂഹം എന്നു പറയുകയും, അതു പുലർത്താതിരിക്കയും ചെയ്താൽവളർന്നു വരുന്ന സമൂഹം നിരാശരാകും. നാമിത് അറിയാവുന്നവരാണ്. ആധുനിക സമൂഹത്തിൻെറ പ്രശ്നം അറിയേണ്ടത് അറിയില്ല എന്നതല്ല, അറിവിനെ അവഗണിക്കുന്നു എന്നതാണ്.

കർത്താവ് നമ്മെ പേരുചൊല്ലിവിളിക്കുന്നു. അത് തിരിച്ചറിയാം. അനുസരിക്കാം. ●

Cont'd from pg. 7

സാമൂഹിക ബന്ധങ്ങൾ സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ ഉറപ്പാക്കപ്പെടുന്നു. ഓരോ വ്യക്തിക്കും സ്വന്തമായ ഇഷ്ടങ്ങളും അനിഷ്ടങ്ങളും ഉണ്ട്. അതു ദൈവ ഇഷ്ടത്തിന് കീഴ്പ്പെടുത്തുമ്പോഴാണ് ഒരുമിച്ച് ജീവിക്കുന്നതിനും, പ്രവർത്തിക്കുന്നതിനും സാധ്യമാകുന്നത്. വ്യക്തി ജീവിതവും,സാമുഹിക ജീവിതവും, ദൈവ ഇഷ്ടത്തിന് കീഴ്പ്പെടുത്തി ഒരുമിച്ച് ജീവിക്കുമ്പോൾ ദൈവരാജ്യത്തിന്റെ അനുഭവമുണ്ടാകും. സ്നേഹവും, സത്യവും, നീതിയും, സമാധാനവും ദൈവരാജ്യത്തിന്റെ അനുഭവങ്ങളാണ്. കഴിഞ്ഞ വർഷത്തെ മാരാമൺ കൺവൻഷന്റെ പൊതുവായ ചിന്താവിഷയം ദൈവരാജ്യം എന്നതായിരുന്നു.

ഈ വർഷം ഈ അനുഭവത്തിന് സാക്ഷ്യം വഹിക്കുന്നത് എങ്ങനെ, എന്നുള്ളത് നമ്മുടെ മുഖ്യ ധ്യാനവിഷയമായി തീരണം എന്ന് താൽപര്യമുണ്ട്. ഇക്കാലത്ത് ഇത് അത്യന്താപേക്ഷിതമായിരിക്കുന്നു. യേശുക്രിസ്തു ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കമാത്രമല്ല, തന്റെ ജീവിതംകൊണ്ട് അത് വെളിപ്പെടുത്തുകയും ചെയ്തു. ക്രിസ്തുവിനെ അനുഗമിക്കുന്നവർ യേശുക്രിസ്തുവിന്റെ ശക്തി അനുഭവിച്ചുകൊണ്ട് ദൈവരാജ്യത്തിന്റെ സാക്ഷികളായിരിപ്പാനും ദൈവം ഉദ്ദേശിക്കുന്നു. ''പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽവരുമ്പോൾ നിങ്ങൾ ശക്തി പ്രാപിച്ച് യെറുശലേമിലും, യഹുദ്യയിലും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും. (അ.പ്ര. 1:8) എന്ന ദൈവവചനം ഓർക്കാം. നമ്മുടെ സ്വന്തശക്തിയാൽ ഇത് സാദ്ധ്യമല്ല. അതിനാൽ അത്രേ ദൈവം പരിശുദ്ധാത്മാവിനെ ദൈവത്തിന്റെ മക്കൾക്കായി അയച്ചുതന്നത്. പരിശുദ്ധാത്മശക്തി നാം സ്വീകരിക്കുമ്പോൾ അവൻ നമ്മെ ശുദ്ധീകരിക്കയും, ശക്തീകരിക്കയും ചെയ്യും. ക്രിസ്തുവിന്റെ സ്നേഹം നമ്മിൽ വെളിപ്പെടും. തമ്മിൽ തമ്മിൽ കരുതുന്നതിനും ഭാരങ്ങൾ വഹിക്കുന്നതിനും, അങ്ങനെ ക്രിസ്തുവിന്റെ സ്നേഹം കൂട്ടായ്മ ജീവിതത്തിൽ വെളിപ്പെടുത്തുന്നതിനും ഇടയാകും അവിടെ ദീർഘക്ഷമയും, ദയയും,പരോപകരാവും, വിശ്വസ്തതയും, സൗമ്യതയും, ഇന്ദ്രീയജയവും പൊതുജീവിതത്തിൽ പ്രത്യക്ഷപ്പെടും, അങ്ങനെ നാം ക്രിസ്തുവിലുള്ള പുതുജീവന്റെ സാക്ഷികളായി ഭവിക്കും.

ഇങ്ങനെ സാക്ഷ്യം വഹിക്കുന്നത് വാക്കുകൊണ്ടും, ജീവിതംകൊണ്ടും, സേവനങ്ങൾ കൊണ്ടും ആയിരിക്കും യേശുക്രിസ്തുവിലുള്ള പുതുജീവനെക്കുറിച്ച് മറ്റുള്ളവരെ അറിയിക്കുന്നത് നമ്മുടെ സ്വാഭാവിക അനുഭവമായിത്തീരും. അപ്പോൾ സ്നേഹത്തിൽ മറ്റുള്ളവരുടെ ആവശ്യങ്ങൾ അറിഞ്ഞു ശുശ്രൂഷചെയ്യുന്നതും, സന്തോഷമായിത്തീരും. മറ്റുള്ളവരുടെ പ്രയാസങ്ങളിൽ അവരോട് സഹതപിക്കുന്നതും, അവരെ അതിൽനിന്ന് ഉദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും, സന്തോഷ അനുഭവമായി ഭവിക്കും. കാരാഗ്രഹത്തിൽ ആയിരുന്നപ്പോഴും സന്തോഷിപ്പിൻ എന്ന് പൗലോസ് അപ്പോസ്തലന് ആഹ്വാനം നൽകുവാൻ കഴിഞ്ഞത് ഈ അനുഭവം കൊണ്ടാണ്.

നാം ഭാരതത്തിൽ വസിക്കുന്നു. ഇന്ന് ഈ രാജ്യത്ത്, ദൈവരാജ്യത്തിന്റെ സാക്ഷികളായി ജീവിക്കുമ്പോൾ രണ്ട് പ്രത്യേക കാര്യങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഒന്ന്, വിവിധ മതാനുയായികൾ ഒരുമിച്ച് ജീവിക്കുന്ന രാജ്യമാണ് ഭാരതം. വിവിധ മതവിശ്വാസങ്ങൾ പുലർത്തുന്നവർ ഉൾപ്പെടുന്ന സമൂഹത്തിൽ നാം ജീവിക്കുമ്പോൾ അന്യോന്യം ആദരിക്കുവാനും അവരുമായി സൗഹൃദം പുലർത്തുവാനും, പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. പ്രത്യേകിച്ചും മറ്റുള്ളവരിലുള്ള നന്മ എന്തെന്ന് മനസ്സിലാക്കുവാൻ പരിശ്രമിക്കണം. അവരവർ അറിയുന്നപ്രകാരം ദൈവത്തെ സ്നേഹിക്കുന്നവരുടെ ഭക്തി, ദൈവം ആദരിക്കുന്നുയെന്ന് കോർന്നല്ല്യോസിനോടുള്ള സംഭാഷണത്തിൽ പത്രോസ് പറയുന്നത് അപ്പോ: പ്രവർത്തി. 10:35 ൽ നാം വായിക്കുന്നു. അതേസമയം യേശുക്രിസ്തുവിൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന പാപമോചനത്തിന്റെയും, ദൈവസ്നേഹത്തിന്റെയും അനുഭവം സ്നേഹത്തോടുകൂടെ മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുവാനും സാധിക്കണം. അത് സ്നേഹബന്ധങ്ങൾ പുലർത്തുന്നതിൽ കൂടിയാണ് ഫലകരമാകുന്നത്. ഒരുമിച്ച് മറ്റുള്ളവർക്ക് സേവനം ചെയ്യുന്ന പരിപാടികളിൽ പങ്കെടുക്കുന്നതും, സ്നേഹബന്ധങ്ങൾ കെട്ടിപ്പടുക്കുവാൻ സഹായകരമായിത്തീരും. പ്രത്യേകിച്ചും സമൂഹത്തിൽ പുറംതള്ളപ്പെട്ടവരേയും, സാമ്പത്തീകക്ലേശം അനുഭവിക്കുന്നവരേയും സഹായിക്കുന്നതിൽ കഴിയുന്നത്ര ഒരുമിച്ച് പ്രവർത്തിക്കുവാൻ സാധിക്കണം. ഇപ്രകാരമുള്ള ആഹ്വാനം ഈ കൺവൻഷനിൽ ലഭിച്ചതിന്റെ ഫലമായി അനേക സാമുഹിക സേവനപദ്ധതികൾ ആരംഭിച്ചു. നമ്മുടെ നാട്ടിൽ അയിത്തം ശക്തിയായി ആചരിച്ചിരുന്ന കാലത്ത് അതിനെതിരായി എല്ലാവരേയും ചേർത്ത് പന്തിഭോജനങ്ങൾ നടപ്പാക്കി, വിദ്യാലയങ്ങൾ തുറന്നു കൊടുത്തു, ഭവനദാന പ്രസ്ഥാനത്തിന് നൽകിയ നേതൃത്വം കേരളത്തിനാകെ മാർഗ്ഗദീപമായി, നിരാലംബരെ പാർപ്പിച്ച് ശുശ്രുഷിക്കുന്നതിനായി അനേകം മന്ദിരങ്ങൾ സ്ഥാപിച്ചു. മദ്യവിപത്തിനെതിരായി കൂട്ടായുള്ള ശബ്ദം ഉയർത്തി. നമ്മുടെ നാട്ടിൽ നടപ്പായിരിക്കുന്ന പഞ്ചായത്ത് പദ്ധതികൾ ഇപ്രകാരം ജാതി മതഭേദമെന്യേ ഒരുമിച്ച് സ്നേഹത്തിന്റെ ആത്മാവിൽ പൊതുജനനന്മയ്ക്കായി പ്രവർത്തിക്കുവാൻ അവസരങ്ങൾ നല്കുന്നു. അത് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ താൽപര്യസംരക്ഷണത്തിന് ദുരുപയോഗപ്പെടുത്താതെ സൂക്ഷിക്കണം. കൂടാതെ ഒരോരുത്തരും ഏർപ്പെട്ടിരിക്കുന്ന ജോലികൾ, ഉദ്യോഗങ്ങൾ എന്നിവ പൊതുജനസേവനം എന്ന മനോഭാവത്തിൽ നിർവഹിക്കണം.

അതോടൊപ്പം എല്ലാ മതവിഭാഗക്കാർക്കും അവരവരുടെതായ വിശ്വാസം പുലർത്തുന്നതിനുള്ള സ്വാതന്ത്ര്യത്തിന് യാതൊരു തടസവും ഉണ്ടാകുവാൻ പാടില്ല. ഭാരതത്തിലെ പൗരന്മാർക്കെല്ലാവർക്കും രാഷ്ട്രത്തിന്റെ ഭരണഘടന ഇപ്രകാരമുള്ള സ്വാതന്ത്ര്യം ഉറപ്പ് വരുത്തിയിട്ടുണ്ട്. ഇത് യാതൊരു കാരണത്താലും നഷ്ടപ്പെടുത്തുവാൻ പാടില്ല. അതേ സമയം ഈ സാതന്ത്ര്യം മതപരിവർത്തനത്തിനായി ദുരുപയോഗിക്കുന്നു എന്ന് ക്രിസ്ത്യാനികൾക്കെതിരെ ഒരു ആരോപണം ചില സ്ഥാനങ്ങളിൽ ഉയർന്നിട്ടുണ്ട്. നിർബന്ധത്താലോ, തെറ്റായ മാർഗ്ഗങ്ങൾ ഉപയോഗിച്ചോ ആരും മതപരിവർത്തനം ചെയ്യിക്കുവാൻ പാടില്ല. ഇപ്രകാരമുള്ള തെറ്റായ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നുവോ എന്ന് ക്രിസ്ത്യാനികളും ആത്മപരിശോധന ചെയ്യേണ്ടതാണ്. ഉണ്ടെങ്കിൽ അത് തിരുത്തേണ്ടതുമാണ്. അതേ സമയം സുവിശേഷ ഘോഷണം, സാമൂഹിക സേവനം എന്നിവ നമ്മുടെ ചുമതലയാണെന്ന് ഓർക്കണം. അതിൽ നിന്ന് ഭീരുത്വം മൂലം ഒഴിഞ്ഞ് മാറുവാനും പാടില്ല.

രണ്ടാമത്, അടുത്ത കാലത്ത് ചില സംസ്ഥാനങ്ങളിൽ ന്യൂനപക്ഷങ്ങൾക്കെതിരെ എതിർപ്പ് ഉണ്ടാകുന്നത് നാം അറിയുന്നു. അത് എങ്ങനെ അഭിമുഖീകരിക്കണമെന്നത് യേശുക്രിസ്തു കാണിച്ച് തന്നിട്ടുണ്ട്. ദോഷത്തെ വെറുക്കയും, ദോഷം പ്രവർത്തിക്കുന്നവരെ വെറുക്കാതിരിക്കുകയും ചെയ്യുക. അവരോട് ക്ഷമിക്കുന്നതും, അവരിൽ സന്മനസുണ്ടാകുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നതും നമ്മുടെ ചുമതലയാണ്, എന്ന് യേശുക്രിസ്തു പഠിപ്പിക്കയും, തന്റെ ജീവിതത്തിൽ അത് വെളിപ്പെടുത്തുകയും ചെയ്തു. അതിനാവശ്യമായ ക്ഷമാശീലം അഭ്യസിക്കുവാനും വേദനകൾ സഹിക്കുവാനും നമുക്ക് സാധിക്കണം. കഷ്ടത്തിലാകുന്നവരെ നമ്മുടെ കഴിവ് ഉപയോഗിച്ച് ശുശ്രൂഷിക്കയും വേണം. സഹനത്തിന്റെ മാർഗ്ഗത്തിൽ കൂടെയാണ് വിജയം നേടേണ്ടതെന്ന് യേശുക്രിസ്തു ക്രൂശിൽ കൂടെ വെളിപ്പെടുത്തി. ഭാരതത്തിന് സ്വാതന്ത്ര്യം നേടുന്നതിന് മഹാത്മാ ഗാന്ധി ആ മാർഗ്ഗം തന്നെ സ്വീകരിച്ചു, മാർട്ടിൻ ലൂഥർ കിംഗ്, നെൽസൺ മണ്ടേല ആദിയായവരും രാഷ്ട്രീയ രംഗത്ത് ഈ മാർഗ്ഗം പ്രായോഗികമാക്കുവാൻ ആഹ്വാനം ചെയ്തു. യേശുക്രിസ്തുവിന്റെ പിൻഗാമികളായ നാമും ക്രൂശിൽ കൂടെയുള്ള വിജയത്തിന് സാക്ഷ്യം വഹിക്കേണ്ടവരാണ്.

യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ സ്നേഹത്തിന്റെയും, നീതിയുടെയും, ദൈവരാജ്യത്തിന്റെയും പങ്കാളികളായി നാം തീരുന്നു ഈ വിശ്വാസം പ്രഖ്യാപിക്കേണ്ടത് നമ്മുടെ ചുമതലയാണ്. എന്നാൽ അത് വാക്കുകൾ കൊണ്ട് പ്രഖ്യാപിച്ചാൽ പോരാ; നമ്മുടെ കുടുംബ ജീവിതത്തിലും, സാമുഹിക ബന്ധങ്ങളിലും ഇടവക ജീവിതത്തിലും, സ്നേഹകൂട്ടായ്മയുടെ സന്തോഷം വെളിപ്പെടുത്തേണ്ടിയിരിക്കുന്നു.

എന്നാൽ പലപ്പോഴും നമ്മുടെ കുടുംബ ജീവിതത്തിലും, ഇടവകജീവിതത്തിലും, അനൈക്യവും, ശണ്ഠയും വെളിപ്പെടാറുണ്ടെന്നുള്ളതും, അയൽക്കാരുടെ ആവശ്യങ്ങളെ കാണാതിരിക്കുന്നതും നമ്മുടെ കുറവാണെന്ന് സമ്മതിക്കണം. മാത്രമല്ല മദ്യപാനം, ധൂർത്ത്, ആദിയായ ദോഷങ്ങൾ ക്രിസ്തീയ സമൂഹത്തിലും വർദ്ധിച്ചിട്ടുണ്ടെന്നുള്ളതും സമ്മതിക്കയും, ഏറ്റുപറയുകയും വേണം. അതിൽനിന്ന് ജനങ്ങൾ വിടുവിക്കപ്പെടുന്നതിനായി അനുതാപഹൃദയത്തോടുകൂടെ പ്രാർത്ഥിക്കുകയും, പ്രവർത്തിക്കുകയും വേണം കാണാതെ പോയതിനെ, തിരഞ്ഞ് രക്ഷിപ്പാനുള്ള യേശുവിന്റെ രക്ഷണ്യ പ്രവൃത്തി നമ്മിൽ കൂടെ തുടരണം. ഇടവകയിലുള്ള എല്ലാ കുടുംബങ്ങളും, സ്നേഹത്തിന്റെ കൂട്ടായ്മയും, സന്തോഷവും അനുഭവിക്കണം, അതിന് താൽപര്യപൂർവ്വം പ്രവർത്തിക്കുന്ന അനേകം ചെറിയ ഗ്രൂപ്പുകൾ ഇടവകകളിൽ സജീവമാകണം. ആരാധനയിലും, ദൈവവചനപഠനത്തിലും, ശക്തിയും, പരിജ്ഞാനവും അനുഭവിക്കണം. അങ്ങനെ നാം കർത്താവിന്റെ സാക്ഷികൾ ആയിത്തീരും. ഇപ്രകാരം വ്യക്തികളിലും, സഭ ഒന്നായും, സാക്ഷ്യം പുതുക്കപ്പെടുവാൻ ഈ വർഷത്തെ മഹായോഗം സഹായകരമായിതീരുവാൻ പ്രത്യേകം പ്രാർത്ഥിക്കാം നമ്മെ സമർപ്പിക്കാം.

●

***മാരാമൺ കൺവൻഷൻ 15-2-99 10. 30 a.m.***

*പ്രസംഗകൻ:* **ആർച്ച്ബിഷപ്പ് ഗുഡ്ഹ്യൂ** *പരിഭാഷ:* റവ. ഡോ. എബ്രഹാം കുരുവിള

*വേദഭാഗം:* ***സങ്കീ. 33: 1-4***

# ദൈവത്തിൻെറ ലോകത്തിൽ ദൈവവചനം

**ദൈ**വത്തെ അറിയേണ്ടതും ദൈവ പരിജ്ഞാനത്തിൽ നിലനിൽക്കേണ്ടതും അനിവാര്യമാണ്. അതിൽനിന്നും ആരും ഒഴിവാകുവാൻ പാടില്ല. കഥ വായിച്ചാൽ കഥാപാത്രത്തെക്കുറിച്ചാണ് നാം അറിയുന്നത്. എന്നാൽ ദൈവത്തെ അറിയുന്നത് അതുപോലെയല്ല.

നമ്മുടെ വിശ്വാസപ്രമാണത്തിൽ ദൈവത്തിൻെറ സർവ്വസൃഷ്ടിയെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്. ഇന്നത്തെ ചിന്ത പിതാവായ ദൈവത്തിൻെറ ലോകം എന്നതാണ്. നാം ആര് എന്ന് നിർണ്ണയിക്കുന്നത് ദൈവസ്വഭാവമാണ്. ദൈവത്തിൻെറ സ്വഭാവത്തെക്കുറിച്ചാണ് ഈ ഭാഗത്ത് പറഞ്ഞിരിക്കുന്നത്. ദൈവത്തിൻെറ വിശ്വസ്തത എന്നതാണ്. അതുകൊണ്ട് ദൈവത്തെയും ദൈവവചനത്തെയും നാം വിശ്വസിക്കണം. ദൈവസ്വഭാവത്തെ വിശ്വാസം കൊണ്ടാണ് മനസ്സിലാക്കേണ്ടത്. ദൈവത്തിൻെറ വചനം വിശ്വസ്തതയുള്ളതായതിനലാണ് നാം ദൈവത്തിൽ വിശ്വസ്തരായിരിക്കേണ്ടത്. നമ്മുടെ സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്നത് ഇല്ലായ്മചെയ്യുവാൻ നാം അഹോരാത്രം പോരാടണം. ഭൂമി ദൈവഭയത്തിലും വിശ്വസ്തതയിലും നിറഞ്ഞിരിക്കുന്നു. നാം ദൈവത്തിങ്കലേക്ക് തിരിയാൻ കാരണം വിശ്വസ്തതയാണ്. ദൈവത്തിൻെറ ശ്രേഷ്ഠസ്വഭാവങ്ങളായ നീതി, വിശ്വസ്തത ഇവയെല്ലാം സങ്കീർത്തനക്കാരൻ വിവരിക്കുന്നു. അപ്രകാരം ആണ് ദൈവം പ്രവർത്തിയ്ക്കുന്നത് ദൈവത്തിൻെറ കല്പനപ്രകാരം ഓരോകാര്യവും ഉരുവായി. ഈ വസ്തുത ഗതകാലതലമുറയേക്കാൾ ഇന്നിൻെറ മക്കൾക്കറിയാം.

പ്രപഞ്ചത്തിൻെറ വിസ്തീർണ്ണം നിർവ്വചിക്കുന്നതിന് അപകസ്തമാണ്. നമ്മുടെപിതാക്കന്മാരുടെ ദൈവം ഭൂമിയിലെ സകല ചരാചരങ്ങളെയും മനുഷ്യരെയും സൃഷ്ടിച്ചത്. ദൈവമാണ് ലോകത്തിൻെറ യജമാനൻ. പ്രത്യുത ആ ലോകത്തിൻെറ യജമാന്മാരല്ല. (സങ്കീ. 33:8). ദൈവഭയത്തേക്കാൾ ഭക്തിയാണ് അത്യന്താപേക്ഷിതം. ദൈവഹിതം പ്രപഞ്ചത്തിലൂടെവെളിപ്പെടുന്നു. (യെശ. 40: 12) ദൈവത്തിൻെറ സൃഷ്ടിപ്പിൻെറ ഭയങ്കരമായ കാര്യങ്ങൾ വർണ്ണിക്കുന്ന ഭൂമിയിലൂടെ നാം പ്രയാണം ചെയ്യുമ്പോൾ പിതാവിൻെറ വകയാണെന്ന് പറയണം. കടലിലെ തിരമാലകളിലൂടെ നാം ദർശിക്കുന്നത് ദൈവത്തിൻെറ നിസ്തുലമായ മഹത്വമാണ്. (സങ്കീ. 33: 10-17) ൧ ദൈവത്തിൻെറ ശക്തിയാണ് ഭൂമിയെ ഭരിക്കുന്നത്. ലോകത്തിൻെറ ശക്തിയല്ല പ്രബലപ്പെട്ടിരിക്കുന്നത് ദൈവത്തിൻെറ ശക്തിയാണ്. ഭൂമിയിലെ സകലത്തെയും നിയന്ത്രിക്കുന്നത് ദൈവത്തിൻെറ ശക്തിയാണ് എന്ന് വിശ്വാസമുണ്ടോ?

ഫറവോൻെറയും നെബുക്കദ്നേസ്സറിൻെറയും യെഹസ്കിയാ രാജാവിൻെറയും ബുദ്ധി യും ആലോചനയുമല്ല നിലനിന്നത് മറിച്ച് ദൈവത്തിൻെറ ആത്യന്തികമായ പ്രവർത്തനമാണ്. യേശുവിനെ ക്രൂശിക്കുവാനായി ജനം അലമുറയിട്ടപ്പോൾ പീലാത്തോസ് ചാഞ്ചാടി. റോമാസാമ്രാജ്യമോ, യേശുവിൻെറ ശത്രുക്കളോ ആരാണ് വിജയം വരിച്ചത്? എന്നാൽ പിതാവായ ദൈവത്തിൻെറ ശക്തിയാണ് ആത്യന്തികമായി വിജയം വരിച്ചത്?

യോഹന്നാനെ ദൈവം വിളിച്ച് വേർതിരിച്ച് ധൈര്യപ്പെടുത്തുന്നു. അധികാരവും ശക്തിയും ദൈവത്തിലാണ് പീഡിപ്പിക്കുന്ന ആരിലും അല്ല.

സങ്കീ. 18: 22 - അവൻ സ്നേഹിക്കുന്നു, ലോകത്തെ കരുതുന്നു. വാക്യം: 18-ൽ ദൈവം നമ്മോട് പറയുന്നത് ഈ വചനങ്ങൾ ധ്യാനിച്ച്



**ARCHBISHOP R. H. GOODHUE**

അനുഗ്രഹം പ്രാപിപ്പാനാണ്. യഹോവയുടെ ദൃഷ്ടി പ്രത്യാശക്കായി കാത്തിരിക്കുന്നവരുടെ മേൽ ഉണ്ട്. ദൈവത്തെ നാം പിതാവായാണോ സങ്കല്പിക്കുന്നത്? വ്യക്തമായും സ്പഷ്ടമായും യഹോവയുടെ ദൃഷ്ടി നമ്മുടെ മേൽ ഉണ്ട്. മരണം ഭൗതികമായും ആത്മീകമായും അർത്ഥത്തിൽ മനസ്സിലാക്കണം. ലോകത്തിൽ ദൈവത്തിൻെറ വചനം അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മെ ഒരോരുത്തരെക്കുറിച്ചും ദൈവത്തിന് കരുതലുണ്ട്. ദൈവവചനം എടുത്ത് ദൈവം വലിയവനെണന്ന് സാക്ഷിക്കാൻ കഴിയണം.

ദൈവത്തെ സ്തുതിക്കുന്നതിനു മൂന്നു കാരണം ഉണ്ട്.

1) പ്രപഞ്ചസൃഷ്ടിയുള്ളതെല്ലാം ദൈവത്തെ സ്തുതിക്കുന്നു.

2) രാജാവായി വാഴുന്നു.

3) അവനിൽ ആശ്രയിക്കുന്നവരെ കരുതുന്നു.

ദൈവസ്തുതിയെക്കുറിച്ചാണ് ഈ കാര്യങ്ങൾ പറയുന്നത്. മനോഹരമായ ദൈവത്തിൻെറ കരവിരുത് കണ്ട് ദൈവത്തെ സ്തുതിക്കണം. സ്തുതി ഉചിതം ആണ്.

സ്തുതി എന്നത് വാക്കുകളിലല്ല, ഹൃദയത്തിൻെറ അഭിനിവേശവും ആഗ്രഹവും ആണ്. ദൈവത്തെ സ്തുതിക്കാതിരിക്കുന്നതിൻെറ കാരണം നാം നീതിമാന്മാരല്ല എന്നതാണ്. നീതി എന്നത് സമഗ്രമായി ചർച്ചചെയ്യപ്പെടുന്നതാണ്. അബ്രഹാം ദൈവവുമായി നേരായ ബന്ധം പുലർത്തിയിരുന്നു. അതാണ് അവന് നീതിയായി കണക്കാക്കുന്നത്. യേശുവിൽകൂടിയുള്ള നീതി മൂലമാണ് നാം നീതിമാന്മാരായി കണക്കാക്കുന്നത്. പാപം ഏറ്റുപറയുമ്പോൾ മാത്രം ആണ് നാം നീതിമാന്മാരായി കണക്കാക്കുന്നത്. കർത്താവായ യേശുവിനെ രക്ഷിതാവ്വായി ഹൃദയത്തിൽ അംഗീകരിച്ചതാണ് സ്തുതിക്കു യോഗ്യമായത്.

ഇയ്യോബ് നീതിമാനായിരുന്നു. (ജോബ്. 1: 8) സാത്താൻ ഇയ്യോബിനോട് ദോഷം ചെയ്യുന്നു. ദൈവത്തിലാശ്രയം വയ്ക്കുന്ന നീതിമാനായിരുന്നു. ദൈവം തന്നെ ഇയ്യോബ് നീതിമാനായിരുന്നു എന്ന് സാക്ഷിക്കുന്നു.

സ്തുതി മാറ്റപ്പെടാൻ കാരണം 2 കാര്യങ്ങളാണ്.

1) ദൈവം ദാനമായിതരുന്നതല്ല സ്വന്തം നിലയീൽ നാം നീതിമാൻമാരാകുന്നത് എന്ന അഹംഭാവം സ്തുതി മാറ്റപ്പെടാൻ കാരണം ആണ്.

2) ഇയ്യോബിനെപ്പോലെ നാം നീതിമാന്മാരായി ജീവിക്കാതിരുന്നാൽ സ്തുതി മാറ്റപ്പെടാം.

വേദന നമ്മെ ദൈവത്തിങ്കലേക്ക് നയിക്കട്ടെ. ദൈവത്തിൽനിന്ന് അകറ്റാതിരിക്കട്ടെ. വേദനയ്ക്ക് പുതിയ ഒരു മാനം കണ്ടെത്താനായി നാം ശ്രമിക്കണം. വേദന മനുഷ്യൻെറ കൂടപ്പിറപ്പാണ് എന്നാൽ വേദനയിൽ ദൈവമഹത്വം കാണണം .മുറിവുകളുടെ മധ്യത്തിൽ ദൈവത്തെ കാണണം. പിതാവായ ദൈവത്തിൻെറ ലോകം ആണ് ഇത് എന്ന് ക്രിസ്തു അറിഞ്ഞിരുന്നു. മത്തായി : 11-21) കർത്താവിൻെറ സന്ദേശം തള്ളിക്കളഞ്ഞജനം പ്രതികരിക്കാതിരുന്ന ജനം (മത്തായി 11: 25) കർത്താവിൻെറ പ്രതികരണം പറയുന്നു തൻെറ ശുശ്രൂഷയിൽ മടുപ്പുണ്ടായപ്പോൾ പിതാവായ ദൈവത്തിൻെറ മുഖത്തേക്ക് നോക്കുന്നു. നമുക്കും പിതാവായ ദൈവത്തിൻെറ മുഖത്തേക്ക് നോക്കുവാനായി സാധിക്കുമോ?

യോഹ: 14-ാം അദ്ധ്യായം... പിതാവിൻെറ മുഖത്തേക്ക് നോക്കുവാനും ആശ്രയിക്കുവാനും ശിഷ്യന്മാരോട് പറയുന്നു. സ്വർഗ്ഗത്തിലെ ഭവനത്തിലേക്ക് കണ്ണ് ഉയർത്താനായി യേശു ശിഷ്യന്മാരോട് ആവശ്യപ്പെടുന്നു. പിതാവായ ദൈവത്തിൻെറ ലോകം എന്ന മോഹത്തോടെജീവിക്കാൻ കർത്താവ് ആഹ്വാനം നൽകുന്നു. റോമർ: 8: 31- അഞ്ച് കാര്യങ്ങൾ ചോദിക്കുന്നു. ഇതിന് മറുപടി ഇല്ല.

1. ദൈവം നമുക്ക് അനുകൂലം എങ്കിൽ ആർ നമുക്ക് പ്രതികൂലം?

ദൈവകരങ്ങളിൽ നിന്നും നമ്മെ പിടിച്ചുപറിക്കാൻ ആർക്കും സാധ്യമല്ല.

2. സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് ഏൽപിച്ചുതന്നവൻ

ദൈവം ഏറ്റവും വലുത് ചെയ്തുവെങ്കിൽ ചെറുത് ചെയ്യാതിരിക്കുമോ? നമുക്കുവേണ്ടി ദൈവം എല്ലാം കരുതുന്നവൻ. റോമർ 8: 33- ദൈവം നമ്മെ സ്വന്തമാക്കിയിരിക്കുന്നു.

3. ശിക്ഷാവിധിക്കുന്നവൻ ആർ?

നമുക്കുവേണ്ടി അവൻ മദ്ധ്യസ്ഥത വഹിക്കുന്നു.

4. ക്രിസ്തുവിൻെറ സ്നേഹത്തിൽ നിന്നും നമ്മെ പിൻതിരിപ്പിക്കുന്നത് എന്ത്?

5 ദൈവത്തിൻെറ സ്നേഹത്തിൽ നിന്നും വിട്ടു നിൽക്കുവാനോ?

പിതാവായ ദൈവത്തിൻെറ ലോകത്തിൽ അവൻ അധികാരം നൽകുന്നു. പിതാവായ ദൈവത്തിൻെറ ലോകത്തെ പരിപാലിപ്പാനായി അവൻ നമ്മെ ക്ഷണിക്കുന്നു. ●

*മാരാമൺ കൺവൻഷൻ 1999 : 15-2-99 2. 30 p.m.*

*പ്രസംഗകൻ:* **റവ. ഡോ. സാമുവേൽ ടി. കമലേശൻ** *പരിഭാഷ:* റവ. എ. റ്റി. സഖറിയ

*വേദഭാഗം:* ***പത്രോസ് 2:8-10***

# വേർപാടിൻെറ നടുച്ചുവർ ഇടിച്ചുകളയുന്ന ആർദ്രത



*റവ. ഡോ. സാമുവേൽ ടി. കമലേശൻ*

സഭ വിളിക്കപ്പെട്ട സമൂഹമാണ്. സഭയ്ക്ക് എങ്ങനെ സമൂഹത്തിൽ പ്രവർത്തിക്കാം.

- സഭ ആത്യന്തികമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നു.
- മനുഷ്യജീവിതത്തിലെ അഭിമാനത്തിനുവേണ്ടി സഭ പ്രവർത്തിക്കുന്നു. മനുഷ്യത്വത്തിനു മാനം നൽകുന്ന പ്രവർത്തികൾ
- ധാർമ്മികമായ ദിശാബോധം സഭ നൽകുന്നു.
- യഥാർത്ഥമായ മനുഷ്യ സമൂഹത്തെ സൃഷ്ടിക്കുന്നു.
- അസ്ഥിത്വമുള്ളതും, സ്വാർത്ഥപരമല്ലാത്തതുമായ ശുശ്രൂഷ സഭ ചെയ്യുന്നു.

എന്നും നിലനിൽക്കുന്നതും ശക്തവുമായ ശുശ്രൂഷയാണ് സഭ നിർവഹിക്കേണ്ടത്.

**1. ദൈവത്തിൻെറ വിളി നമുക്കു സ്വത്വ ബോധം തരുന്നു.**

മർ : 1:39-45 വരെയുള്ള ഭാഗത്ത് കുഷ്ഠരോഗിയെ സൗഖ്യമാക്കുന്ന സംഭവം കാണാം. കർത്താവിൻെറ മനസലിവാണ് അവിടെ പ്രകടമാകുന്നത്. കുഷ്ഠരോഗി, മനുഷ്യൻ എന്ന ആത്മബോധംതന്നെ നഷ്ടപ്പെട്ടവനായിരുന്നു. മനുഷ്യ സമൂഹബോധത്തിൽ അവൻ തള്ളപ്പെട്ടവനായിരുന്നു. നമ്മുടെ സമൂഹത്തിലും വിവിധ കാരണങ്ങളാൽ തള്ളപ്പെട്ടവർ അനേകരുണ്ട്. യേശു മനസലിഞ്ഞു എന്ന് മർക്കോസ് വിവരിക്കുന്നു. മനസലിവ് അധികാരത്തിൽനിന്നല്ല ഉളവാകുന്നത്. അത് ഹൃദയപൂർവ്വമായ ഒരു വികാരമാണ്. കുഷ്ഠരോഗിയെ യേശു സ്പർശിച്ചു. ദൈവത്തിൻെറ വിശുദ്ധി കുഷ്ഠരോഗിയിലേക്ക് പ്രവേശിച്ചു. സമൂഹത്തിൻെറ കുഷ്ഠപരമായ ഘടനകളെ അവൻ രൂപാന്തരപ്പെടുത്തുന്നു. അത് മനസലിവിൻെറ പ്രവർത്തനമാണ്. പോക, പോയി മഹാപുരോഹിതനെ കാണിക്ക എന്നു യേശു പറയുന്നു. മനസലിവ് സമൂഹത്തിലേക്കു നമ്മെ എത്തിക്കും. ഇതാണ് സഭയുടെ ദൗത്യം. സഭ ഇന്നു സമൂഹത്തിനു എന്തു ചെയ്യുന്നു ? മനസലിവു നൽകുന്ന നിർബന്ധത്തിൽനിന്ന് പിന്തിരിഞ്ഞ് ഓടുവാൻ പാടില്ല.

**2. ആകർഷണം വികർഷണത്തിലേക്കു നമ്മെ നയിക്കുന്നു.** ഫിലി : 3:4-6

കർത്താവുമായുള്ള ബന്ധത്തിലൂടെ ജീവിതത്തിൽ ലാഭമായിരുന്നവ നഷ്ടമെന്ന് എണ്ണിയിരിക്കുന്നു. ജീവിതത്തിൻെറ കേന്ദ്രം യേശുക്രിസ്തുവാകുന്നു. അവിടെ വേർതിരിവുകളില്ല. യെഹൂദർ, യവനന്മാർ എന്നിങ്ങനെ വേർതിരിവില്ലാത്ത സഭയായിരുന്നു അന്ത്യോക്യയിലെ സഭ. യേശുക്രിസ്തുവിൻെറ ശക്തിയാൽ അത്തരം വേലിക്കെട്ടുകളെ തകർക്കണം. എഫെ : 2:15 . വേർപാടിൻെറ നടുച്ചുവർ ഇടിച്ചുകളഞ്ഞ്, വേർതിരിക്കപ്പെട്ട സമൂഹത്തെ ഏകമാക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നു. വേർതിരിക്കപ്പെട്ട സമൂഹത്തെ ഐക്യതയിൽ കൊണ്ടുവരുന്നു. സഭ തടസ്സങ്ങളെ ഉന്മൂലനം ചെയ്യണം. സഭയുടെ ഘടന ദൈവരാജ്യ അനുഭവത്തിൽ ക്രമീകരിക്കപ്പെടണം. സഭയുടെ ദൗത്യത്തിലെ ദൈവരാജ്യത്തിൻെറ മനസലിവ് തടസ്സപ്പെടരുത്.

**3. മനസലിവ് ആശയ വിനിമയത്തിലേക്ക്**

അപ്പൊ : 11: 23-25

പരിശുദ്ധാത്മാവ് വേലിക്കെട്ടുകളെ തകർത്തപ്പോൾ ഒരുമ മനുഷ്യരെ കണ്ടെത്തുന്നു. സമൂഹത്തോടുള്ള സ്നേഹം പ്രകടമാക്കുന്നു. സമൂഹത്തിലെ അവഗണിക്കപ്പെട്ടവരുടെ ഉയർച്ചയ്ക്ക് വേണ്ടി പ്രവർത്തിക്കുവാൻ നമ്മുക്കു കഴിയണം. അതിന് വളരെപ്പേരെ ആവശ്യമുണ്ട്. മനസലിവ് ഈ ബന്ധനങ്ങളെ തകർക്കുന്നു. തകർന്നുപോയ ആശയവിനിമയം പുതുക്കുന്നു. ലൂക്കോ 10:25-37 വരെയുള്ള ഉപമ പ്രസക്തമാണ്. ഈ ഉപമയിൽ മൂന്നു തരം നിയമങ്ങൾ കാണാം.

**1. വനത്തിലെ നിയമം.** യാത്രക്കാരനെ അപഹരിച്ച് കൊലപ്പെടുത്തും എന്നാൽ സ്നേഹമില്ലാത്ത ഞാൻ അതിൻെറ എതിർപദം അന്വേഷിക്കുന്നു, നിസ്സംഗത നിസ്സംഗതയെ ഞാൻ വനനിയമം എന്നു പറയുന്നു.

**2. ബൗദ്ധികതയുടെ നിയമം** ലേവ്യരും പുരോഹിതരും നടന്നുപോയി. ബുദ്ധിജീവി ആകുമ്പോൾ ജനങ്ങളിൽനിന്നും മാറി ജീവിക്കുവാൻ ആഗ്രഹിക്കുന്നു.

**3. മനസലിവിൻെറ നിയമം.** സമൂഹം നിന്ദിച്ച മനുഷ്യനെയാണ് കഥയിലെ നായകനാക്കിയത് മനസലിവിൻെറ തത്വശാസ്ത്രം പറയുന്നത് മനുഷ്യജീവിതത്തെ കെട്ടുപണി ചെയ്യുക എന്നാണ്.

4. **മനസലിവ് തകർത്ത ബന്ധനങ്ങൾ**

*i. വംശപരമായ ബന്ധനങ്ങൾ തകർത്തു*

സമൂഹത്തിൽ ആവശ്യമുള്ള ശുശ്രൂഷ ചെയ്യണം. അതാണ് ദാസ്യശുശ്രൂഷ.

*ii. പ്രതികാരത്തിൻെറ നിയമം തകർത്തു*

ശമര്യക്കാരൻെറ മനസ്സിൽ പ്രതികാരമില്ല. മനസലിവ് പ്രതികാരവുമായി കൂട്ടുചേരുന്നില്ല.

*iii. പ്രതിഫലനത്തിൻെറ ബന്ധനങ്ങളെ തകർത്തു.*

കർത്താവ് കഥയുടെ നട്ടെല്ലായി തീർന്നു. സുവിശേഷം പ്രസംഗിക്കുന്നിടത്തെല്ലാം ശമര്യക്കാരൻ ചർച്ച ചെയ്യപ്പെടുന്നു. സഭ ഇതുപോലെ ചെയ്യുന്നുവോ?

നിങ്ങൾ (സഭ) പോയി മനസലിവോടെ പ്രവർത്തിക്കണം നഷ്ടപ്പെട്ടുപോയ മകൻെറ ഉപമയിൽ നഷ്ടപ്പെട്ടുപോയവനെ രൂപാന്തരപ്പെടുത്തിയത് പിതാവിൻെറ മനസലിവാണ്.

മനസലിവിൻെറ മനോഭാവം കുടുംബത്തിലും സഭയിലും വ്യതിയാനങ്ങൾ വരുത്തും. ആയിരിക്കുന്ന അവസ്ഥയിൽ നിന്ന് ആയിരിക്കേണ്ട അവസ്ഥയിലേക്ക് മനസലിവ് നമ്മെ നയിക്കും. സമൂഹത്തിൽ നിന്ന് മാറിനിന്നല്ല സമൂഹത്തോടു ചേർന്ന് മനസലിവിൻെറ ശുശ്രൂഷ ചെയ്യുവാൻ സഭയായി നമുക്കു ശ്രമിക്കാം. ദൈവത്തിൽ നിസംഗതാ മനോഭാവമില്ല. ആർദ്രതയുള്ള സഭയായി സമൂഹത്തിൽ നിലനിൽക്കാം. •

*മാരാമൺ കൺവൻഷൻ 1999 : 15-2-99 7.00 p.m.*

*പ്രസംഗകൻ:* **റൈറ്റ് റവ. ഡോ. യുയാക്കീം മാർ കൂറിലോസ് എപ്പിസ്ക്കോപ്പാ**

*വേദഭാഗം:* ***മർക്കോസ് 4: 43-52***

# ക്രൂശിൻെറ പാതയിലേയ്ക്കു നയിക്കുന്ന ആത്മീയത

**യെ**രിഹോവിൽനിന്ന് യെരൂശലേമിലേയ്ക്ക് യേശു അവസാനമായി നടത്തിയ യാത്ര. വ്യക്തമായ കാഴ്ചപ്പാടോടെയാണ് ഈ യാത്ര. കഷ്ടതയും, മരണവും മുമ്പിൽ കണ്ടുകൊണ്ടുള്ള യാത്ര. അതിനിടയിലാണ് യേശു ബർത്തിമായിയുടെ കരച്ചിൽ കേൾക്കുന്നത് പ്രതികരിക്കുന്നത്.

**1. യേശുവിൻെറ അജണ്ടയിൽ മനുഷ്യൻ മുൻഗണന അർഹിക്കുന്നു.**

പരിപാടികളേക്കാൾ മനുഷ്യനു മുൻഗണന. പരിപാടികൾ മനുഷ്യനു വേണ്ടിയാണ് ക്രമീകരിക്കുന്നത്. പക്ഷെ പലപ്പോഴും പരിപാടികളുടെ അതിപ്രസരത്തിൽ മനുഷ്യൻ അവഗണിക്കപ്പെടുവാൻ സാധ്യതയുണ്ട്. നമ്മുടെ ദൗത്യം Programme Oriented ആകരുത്, Man Oriented ആകണം. അതാ യിരുന്നു യേശുവിൻെറ ശൈലി. ഭൂതഗ്രസ്തനെ വിടുവിക്കുവാൻ നദിയുടെ മറുകരയിൽ പോയ യേശു. ശമര്യാസ്ത്രീയെ വീണ്ടെടുക്കുവാൻ വഴിമാറി ശമര്യയിലൂടെ യാത്ര ചെയ്യുന്ന യേശു.

**2. സ്വാർത്ഥതയുടെ പ്രതീകമായ ജനം**

എന്നാൽ യേശുവിനോടൊപ്പം യാത്ര ചെയ്യുന്ന ജനം സ്വാർത്ഥതയുടെ പ്രതീകമാണ്. വിവിധ ഉദ്ദേശ്യത്തോടെ യേശുവിനെ പിൻപറ്റുന്നവർ. രോഗസൗഖ്യത്തിനുവേണ്ടി, ആവേശ (Trill) ത്തിൻെറ പേരിൽ, വിമർശിക്കുവാൻ... ഇത് ഒരു സമൂഹമല്ല, പുരുഷാരമാണ്. കാര്യസാദ്ധ്യത്തിനപ്പുറം യേശു അവർക്ക് ആരുമല്ല. ഇതു ഇന്നും പ്രസക്തമായ സത്യമാണ്. ദൈവത്തെ സ്വന്ത താത്പര്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രസ്ഥാനങ്ങൾ, വ്യക്തികൾ വർദ്ധിച്ചു വരുന്നില്ലേ. വിശ്വാസത്തെയും മതജീവിതത്തെയും സ്വകാര്യമാക്കുന്ന അവസ്ഥ. ദൈവത്തെ ആരാധി ക്കുന്നത് എന്തു കിട്ടും എന്നതിനെ ആശ്രയിച്ചായിരിക്കുന്നു. യേശു എന്തു നൽകും എന്നതല്ല യേശു ആരാണ് എന്നറിയുക യാണാവശ്യം.

**3. കുരുടൻെറ നിലവിളി പുരുഷാരത്തെ അസ്വസ്ഥമാക്കുന്നു.**

സൗഖ്യത്തിനായുള്ള കുരുടൻെറ നിലവിളി പുരുഷാരത്തെ അലോരസപ്പെടുത്തുന്നു. അത് ക്രമസമാധാനപ്രശ്നമായി മാറി. ആവശ്യത്തിലിരിക്കുന്നവൻെറ നിലവിളി സമാധാന ധ്വംസനമായി ചിത്രീകരിക്കുന്നു. അവനെ സമൂഹത്തിൻെറ പൊതുശത്രുവായി മാറ്റുന്നു. 'മിണ്ടാതിരിക്കുവാൻ' പലരും അവനെ ശാസിച്ചു ( വാ. 48) നിലവിളിക്കുന്നവരെ നിശബ്ദരാക്കാൻ എന്നും ശ്രമങ്ങൾ നടക്കാറുണ്ട്. അവനെ ശബ്ദരഹിതനാക്കാൻ ശബ്ദമുള്ളവർ ഏതു നിയമവും കൊണ്ടുവരും.

**4. വേദനിക്കുന്നവൻെറ നിലവിളി കേൾക്കുന്ന യേശു.**

ഏതു തിരിക്കിനിടയിലും, ശബ്ദകോലാഹലത്തിനിടയിലും യേശു വേദനിക്കുന്നവൻെറ നിലവിളി കേൾക്കുന്നു. യേശു പ്രശ്നപരിഹാരാർത്ഥം യാത്ര നിർത്തി. ജീവിതത്തിൽ മുൻഗണന അപ രനാണ്. മനുഷ്യൻെറ വേദനയും നിലവിളിയും കേൾക്കുമ്പോൾ അസ്വസ്ഥനാകുന്ന യേശു. പുറ : 3:7 ൽ ഇപ്രകാരം അസ്വസ്ഥനാകുന്ന ദൈവത്തെ ചിത്രീകരിച്ചിരിക്കുന്നു. ജനത്തിൻെറ കഷ്ടത കണ്ടു നിലവിളി കേട്ട് ഇറങ്ങിവരുന്ന ദൈവം. ഈ മനോഭാവം, ആർദ്രത യേശുവിൻെറ സ്വഭാവമായിരുന്നു. ദരിദ്രരോടും, അവകാശം നിഷേധിക്കപ്പെട്ടവരോടും ഈ മുൻഗണന യേശു കാട്ടിയിരുന്നു.



**റൈറ്റ് റവ. ഡോ. യുയാക്കീം മാർ കൂറിലോസ്**

ഇന്ന് ഈ വിധ നിലവിളിയിൽ സഭയുടെ നിലപാട് എന്താണ്? കുടിയേറ്റ പ്രദേശങ്ങളിൽ ആദിവാസികളുടെ ഭൂമി നഷ്ടപ്പെട്ടത് വീണ്ടെടുക്കുവാനുള്ള നീതിനിർവഹണം തടസ്സപ്പെടുത്തുന്ന നിയമനിർമ്മാണം ചെയ്തപ്പോൾ സഭ എന്തു നിലപാട് എടുത്തു ? പിൻതുടർച്ചാനിയമം കോടതി നിർദ്ദേശിച്ചപ്പോൾ സഭ മൗനം ദീക്ഷിക്കുകയായിരുന്നില്ലേ. സൗകര്യവും (Convenience) നീതി (Justice) യും തമ്മിലുള്ള വടംവലിയാണ് ഇന്നു നടക്കുന്നത്. യേശുവിൻെറ ശൈലി അതായിരുന്നില്ല.

ആർദ്രത, മനസലിവ് എന്ന വികാരം മാത്രമല്ല, ശക്തമായ നിലപാട് എടുക്കുകയാണ് ആവശ്യം. കുഷ്ഠരോഗിയെ തൊട്ടുസൗഖ്യമാക്കുന്നതിലൂടെ ശുദ്ധാ ശുദ്ധിക്ക് പുതിയ മാനം കർത്താവു നൽകുകയായിരുന്നു. ശമര്യാസ്ത്രീയുമായുള്ള സംവാദത്തിലൂടെ യഹൂദൻെറ വംശസ്പർദയെ ചോദ്യം ചെയ്യുകയായിരുന്നു. രക്തസ്രാവക്കാരിയെ സൗഖ്യമാക്കിയ സംഭവം കർത്താവു തന്നെ ലോകത്തെ അറിയിച്ചതിലൂടെ പുരുഷാരത്തിൻെറ സദാചാരസങ്കൽപ്പത്തെ ചോദ്യം ചെയ്യുകയായിരുന്നു.

യേശു നിന്നിടത്ത് സഭ നിൽക്കണം. നമുക്കു സാധിക്കുമോ? ഇല്ല എങ്കിൽ യേശുവിനെ പിൻപറ്റുന്നു എന്ന് അവകാശപ്പെടുന്നതിൽ അർത്ഥമില്ല.

**5. പുരുഷാരത്തിൻെറ മന:പരിവർത്തനം**

യേശു പറഞ്ഞു അവനെ വിളിപ്പിൻ. ഒരു വലിയ ദൗത്യം അവിടെ ആരംഭിക്കുന്നു. സ്വാർത്ഥതയോടെ, യേശുവിനെ പിൻപറ്റിയിരുന്നവർക്കു മന:പരിവർത്തനത്തിന് ഈ ആഹ്വാനം കാരണമായി. സഹോദരൻെറ ശബ്ദം കേൾക്കാതിരുന്ന, അവനെ നിശബ്ദനാക്കാൻ ശ്രമിച്ച മനുഷ്യരെ ആ ദൗത്യം ഏൽപ്പിക്കുന്നു. പുരുഷാരത്തെ മനുഷ്യനിലേയ്ക്കു എത്തിക്കുന്നു. നിശബ്ദരാക്കാൻ ശ്രമിച്ചവർ സ്നേഹപൂർവ്വം കുരുടനെ സമീപിക്കുന്നു. സഹായഹസ്തം നീട്ടി അവനെ ധൈര്യപ്പെടുത്തുന്നു. എഴുന്നേൽക്ക നിന്നെ വിളിക്കുന്നു. അവരുടെ മനോഭാവത്തിൽ മാറ്റം വരുന്നു. ദൈവസ്നേഹം അതിർവരമ്പുകൾ ഇല്ലാത്ത താണ്. അതിലേക്ക് തൊട്ടുകൂടാത്തവരും, തള്ളപ്പെട്ടവരും എങ്ങനെ ആകർഷിക്കപ്പെടാതിരിക്കും. ബലമില്ലാത്തവനെ, കൈ പിടിച്ച് സ്വന്തം കാലിൽ നിൽക്കുവാൻ സഹായിക്കുന്നതാണ് സഭയുടെ ധർമ്മം. സഭയായി നാം പല മേഖലകളിൽ പ്രവർത്തിക്കുന്നു എന്നതിനും അഭിമാനിക്കാം. 'നിങ്ങളെ ഞങ്ങൾക്കു വേണം' തള്ളപ്പെട്ടവരോട് സഭയ്ക്ക് ഇതു പറയാൻ കഴിയണം. ഇനിയും പുതിയ മേഖലകൾ കണ്ടെത്താൻ കഴിയണം.

*Cont'd on pg. 13*

# മാരാമൺ കൺവൻഷൻ 1999
## പുരുഷന്മാരുടെ വേദപഠനം (തിങ്കൾ & ചൊവ്വ)

**റവ. ഡോ. സാമുവേൽ കമലേശൻ** *പരിഭാഷ:* **റവ. എ.റ്റി. സഖറിയ**

# സുവിശേഷം തത്വശാസ്ത്രമല്ല, പ്രത്യുത യേശുക്രിസ്തുവാണ്

**1 പത്രോസ്** : ചിതറിയ്ക്കപ്പെട്ട തീർത്ഥാടകർക്കാണി ലേഖനമെഴുതിയിരിക്കുന്നത്. ചിതറിക്കുമ്പോൾ അതിൽ ദൈവത്തിനൊരു ഉദ്ദേശ്യമുണ്ട്. ദൈവം ചിതറിക്കപ്പെട്ടവരെ വിളിക്കുന്നതിന്റെ പിന്നിൽ സ്വത്വബോധമുണർത്തുന്നു. വിളി പുതിയ ഉടമ്പടിയാണ്. പുതിയ ഉടമ്പടിയിലൂടെ വിളിച്ചു വേർതിരിക്കപ്പെട്ടവർ വിശുദ്ധീകരണത്തിലധിഷ്ഠിതമായി ജീവിക്കണം.

**തിരഞ്ഞെടുപ്പിന്റെ ഉദ്ദേശം**

ദൈവത്തോട് അനുസരണമുള്ളവരായി ജീവിപ്പാൻ രക്ഷയുടെ ഉറവിടം കൃപയാണ്. രക്ഷയുടെ പ്രതിഫലനം സമാധാനമാണ്. സഭയുടെ, പ്രത്യാശ ലോകത്തിൽ ദൈവത്തിനായി ജീവിക്കുകയെന്നതാണ്. നാം ശാരീരികമായി മരിക്കുമ്പോൾ നമ്മുടെ അസ്തിത്വം മരിക്കുന്നില്ല. കഷ്ടതയിലൂടെ ദൈവത്തോട് അനുരൂപമാകണം.

**ദൈവപൈതലിന്റെ അനുസരണം**

സഭയിൽ സമന്വയം അനിവാര്യമാണ്. അത് വ്യക്തികളിൽ ഉണ്ടായാൽ മാത്രമേ സഭയിൽ ഉണ്ടാകയുള്ളൂ. പത്രോസ് വിശുദ്ധീകരണം എന്നു പറയുന്നു പൂർണ്ണ ആളത്വത്തെ സൂചിപ്പിക്കുന്നു.

കൃപയിൽ മനസ്സുറപ്പിച്ചുവയ്ക്കണം. നാം തയ്യാറെടുപ്പോടെ നിൽക്കണം. നിഷ്ക്കളങ്കതയോടും, നിസ്വാർത്ഥതപരമായിട്ടും ഹൃദയത്തിൽ ചിന്തിപ്പീൻ. വിശ്വാസവും യുക്തിയും പരസ്പരം ഒരുമിച്ചു പോകണം. മറിച്ച്, വിരുദ്ധമല്ല, ഇതാണ് പരിജ്ഞാനം.

**ദൈവീകതയുള്ള വ്യക്തിയിലെ ഘടകങ്ങൾ**

(1) ബൗദ്ധിക കാര്യം

(2) പക്വതയോടെ

(3) ശുഭാപ്തിവിശ്വാസം

14-ാം വാക്യം: വിശുദ്ധിയിൽ ബുദ്ധിപൂർവ്വം ജീവിക്കുക

**പ്രതീകങ്ങൾ മൂന്ന്**

1) ദൈവത്തിന്റെ മക്കൾ

(2) തീർത്ഥാടകർ

(3) സ്വതന്ത്രരാക്കപ്പെട്ടവർ

14-ാം വാക്യത്തിൽ ദൈവത്തോട് അനുസരണയുള്ള മക്കളോടു ഇവിടെ പറയുന്നു. ആധുനിക ശൈലിയിൽ അടിമയാക്കാതെ ജീവിക്കുവാൻ ഇവിടെ പറയുന്നു. കാലത്തെ അനുസരിക്കുന്നു എങ്കിൽ പൊടുന്നനെ നശിച്ചുപോകും.

ദൈവം പാപത്തെ വെറുക്കുന്നു. പാപിയെ സ്നേഹിക്കുന്നതിനാൽ നാം ദൈവത്തെ അനുസരിക്കണം. ദൈവീക നീതീകരണം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത് ദൈവത്തോടുള്ള പൂർണ്ണ അനുസരണത്തിനാണ്. (1) നീതീകരണം (വിശുദ്ധീകരണം) ദൈവത്തിന്റെ ദാനമാണ്. വിശുദ്ധി ദൈവത്തിന്റെ ആളത്വമാണ്. (2) വിശുദ്ധിക്കു കൊടുക്കേണ്ട വില പാപമാണ്. ഇവിടെ (1) സ്വയം അയോഗ്യത അറിയണം. (2) ദൈവത്തിന്റെ പൂർണ്ണതയും ഇപ്പോൾ ഞാനെവിടെ നിൽക്കുന്നുയെന്നു നാം അറിയണം. നമ്മുടെ യോഗ്യത ദൈവത്തിന്റെ കൃപയാലാണ്. കൃപ ദൈവമക്കളുടെ അവകാശമാണ്. ക്രൂശിന്റെ മുമ്പിൽ നമസ്ക്കരിച്ചു ലഭിക്കുന്നതാണ് ഈ അവകാശം.

1കൊരി. 1:30 നീതീകരണം, നീതി യേശുക്രിസ്തുവാണ്. 1 തെസ്സ. 5: 23 പാപത്തെ ശുദ്ധീകരണത്താൽ മരിപ്പിപ്പാൻ കഴിയണം.

*16-ാം വാക്യം: അവനിലെ ആളത്വം എന്നിലേക്ക് നൽകുന്നു.*

പ്രവാസിയായിരിക്കുന്ന അവസ്ഥയാണിവിടെ പ്രവാസിയ്ക്ക് ഒരു ലക്ഷ്യമുണ്ട്. നമ്മുക്ക് ഒരു ലക്ഷ്യബോധം ഉണ്ടോ?

ഫിലി: 3:1-4:- പ്രവാസിയ്ക്കുള്ള വിളിയാണിവിടെ നാം ദൈവത്തിന്റെ കോളനികളാണ്. സഭയായ നമുക്ക് ഒരു പ്രത്യേക സംസ്ക്കാരമുണ്ട്. അതിന് പൂർണ്ണത ആയിട്ടില്ല. അതിനാൽ നാം നിരന്തരം പൂർണ്ണതയിലേയ്ക്ക് വളരണം.

**സഭയുടെ പ്രതീകങ്ങൾ**

ആട്ടിടയനും ആടും, തലയും ശരീരവും, മണവാട്ടി മണവാളൻ, സഭയായ നാം ദൈവത്തിന്റെ ആത്മാവിനാൽ ലക്ഷ്യത്തിലേക്ക് യാത്രചെയ്യുവാൻ പറയുന്നു. പിതാവ് നമ്മെ മുഖപക്ഷമില്ലാതെ ന്യായവിധി നടത്തും. സഭയുടെ മൂല്യങ്ങൾ എന്താണ്?

ഫിലി 1: 27-30. സഭ എതിരാളികളാൽ നശിച്ചുപോകുവാൻ പാടില്ല. അവരുടെ എതിർപ്പ് അവരുടെ നാശത്തിലേക്ക് നാം മൗനം അവലംബിച്ചാൽ ഉണ്ടാകും. നമ്മുടെമൂല്യബോധം ദൈവത്തിലധിഷ്ഠിതമാകണം.

18-ാം വാക്യത്തിൽ : സ്വതന്ത്രരാക്കപ്പെട്ട ജനമാണ്. അടിമത്വത്തിൽ നിന്ന് വിമോചിക്കപ്പെട്ടിരിക്കുന്നു. ഭൂതകാലത്തെ അടിമത്വത്തെ നാം സ്വയം ഉപേക്ഷിക്കണം. അടിമത്വത്തിൽ നിന്ന് നാം വിമോചിച്ച് യേശുവിന്റെ രക്തമാണ്.

വീണ്ടെടുപ്പുകാരന്റെ പ്രവർത്തനങ്ങൾ ചരിത്രത്തിൽ വെളിപ്പെട്ടു. ആത്മാവ് സഭയായ നമ്മുടെ ജീവിതത്തിലും, പ്രവർത്തനങ്ങളിലും നിയന്ത്രിച്ചു ഭരിച്ചു ചരിത്രത്തിലൂടെ വെളിപ്പെടുത്തേണ്ടിയിരിക്കുന്നു ●

---

*Cont'd from pg. 12*

**6. രൂപാന്തരം ആവശ്യപ്പെടുന്ന കുരുടൻ.**

യേശു അവനോടു ചോദിക്കുന്നത്, ഞാൻ നിനക്ക് എന്തു ചെയ്തുതരേണം എന്നാണ്. മറുപടി - റബ്ബൂനി എനിക്കു കാഴ്ചപ്രാപിക്കേണം. സ്വന്ത ജീവിത സാഹചര്യത്തിൽ അവൻ അസ്വസ്ഥനാണ്. നാണയം ആവശ്യപ്പെട്ടിരുന്നവൻ, സൗഖ്യം ആവശ്യപ്പെടുന്നു. മറ്റുള്ളവരുടെ ഔദാര്യമല്ല, സമൂലമായ പരിവർത്തനം ജീവിതത്തിൽ അവൻ ആഗ്രഹിക്കുന്നു. ഗാന്ധിജി പറഞ്ഞു ''വിശക്കുന്നവന് ചൂണ്ടയിൽ പിടിച്ച മീനല്ല, സ്വയം പിടിക്കാൻ സഹായിക്കുന്ന ഒരു ചൂണ്ടയാണ് നല്കേണ്ടത്''. അപ്പനുറുക്കുകൾ എറിഞ്ഞുകൊടുക്കന്നതിൽ സംതൃപ്തിയടയുകയല്ല ആവശ്യം. വികസനം മനുഷ്യന് ആത്മാഭിമാനം നൽകുന്നതിനായിരിക്കണം.

രൂപാന്തരത്തിന് ഊന്നൽ നൽകുമ്പോൾ എതിർപ്പുണ്ട്, മരണമുണ്ട്. മനുഷ്യനെ മനുഷ്യനാക്കുവാൻ ശ്രമിക്കുമ്പോൾ എതിർപ്പുണ്ടാകും. എല്ലാ കലാഘട്ടങ്ങളിലും അതുണ്ടായിട്ടുണ്ട്. രക്തസാക്ഷികളില്ലാത്ത സഭ വളരുകയില്ല. രൂപാന്തരപ്പെടുത്തുന്നസുവിശേഷം പ്രഘോഷിക്കപ്പെടുന്നിടത്ത് രക്തസാക്ഷികൾ ഉണ്ടായിട്ടുണ്ട്. പുതിയദർശനത്തോടെ പ്രവർത്തിക്കാനുള്ള വെല്ലുവിളിയായി അതിനെ കാണണം.

രൂപാന്തരം യേശുവിനെ അനുഗമിക്കുവാൻ അവനെ പ്രേരിപ്പിക്കുന്നു. യേശു ക്രൂശിലേക്കാണ് യാത്രചെയ്യുന്നത്. കുരിശിലേക്കുള്ള യാത്രയിൽ യേശുവിനെ അനുഗമിക്കുന്നവനാണ് യഥാർത്ഥ രൂപാന്തരമുള്ളവൻ, സമൃദ്ധിയുടെ സമതലങ്ങളല്ല, കുരിശിന്റെ ജീവിതശൈലിയാണ് യേശുവിനെ അനുഗമിക്കുന്നവർക്കുള്ള വാഗ്ദാനം. ഇതാണ് യഥാർത്ഥ ആത്മീയതയുടെ യാത്ര. ഈ യാത്രയിൽ എപ്പോഴു അപരൻ പ്രധാനപ്പെട്ടവനാണ്. ഈ ദർശനമേറ്റെടുത്തുകൊണ്ട്, ഈ വലിയ ദൗത്യനിർവഹണത്തിൽ നമുക്കു പങ്കുചേരാം അതി നായി ദൈവം നമ്മെ വിളിക്കുന്നു. ●

*മാരാമൺ കൺവൻഷൻ 1999 : 16-2-99 2. 30 p.m.*

*പ്രസംഗകൻ:* **റവ. ഡോ. സാമുവേൽ ടി. കമലേശൻ** *പരിഭാഷ:* **റവ. എ. റ്റി. സഖറിയ**

*വേദഭാഗം:* ***അപ്പോ: 12: 29-13:3***

# സഭ: അയയ്ക്കപ്പെടുന്ന സമൂഹം

ഭാവി സുനിശ്ചിതമാക്കുന്ന വിളിയാണ് ദൈവത്തിൻെറ വിളി ദൈവവവചനം ഉത്തരോത്തരം വളർന്നുകൊണ്ടിരുന്നു ആദിമ സഭയിൽ (അപ്പോ :12:24) അന്ത്യോ ക്യയിലെ സഭയിൽ പ്രത്യേകം വിളിച്ചു വേർതിരിക്കപ്പെട്ട രണ്ടുപേർ പ്രവർത്തനം ആരംഭിച്ചു. യെരുശലേമിലെ സഭയ്ക്ക് കഴിയാതിരുന്നത് അന്ത്യോക്യയിലെ സഭയ്ക്കു കഴിഞ്ഞു. സഭ എപ്പോഴും അയയ്ക്കപ്പെടുന്ന സമൂഹമാണ്, പ്രസ്ഥാനമാണ്.

അന്ത്യോക്യയിലെ സഭ എന്ത്?

**1. അയയ്ക്കപ്പെടുന്ന സഭ എല്ലായ്പ്പോഴും ശ്രദ്ധിക്കുന്ന സഭയാണ്.**

യെരുശലേമിലെ സഭ സങ്കുചിതമായ മനോഭാവം പുലർത്തി അന്ത്യോക്യയിലെ സഭ ആരാധിക്കുന്ന സമൂഹമായിരുന്നു. ആരാധന എന്നാൽ ഒരേസമയം കേൾക്കുകയും അനുസരിക്കയും ചെയ്യുകയാണ്. ദൈവത്തെ ശ്രദ്ധിക്കുമ്പോൾ അവൻ പറയുന്നത് അനുസരിക്കണം. ലോകത്തിൽ വച്ച് ഏറ്റവും വലിയ വിമോചനത്തിന് ആരംഭം കുറിക്കുവാൻ അന്ത്യോക്യയിലെ സഭയ്ക്ക് കഴിഞ്ഞത് അവർ ശ്രദ്ധിച്ചതുകൊണ്ടാണ്. മാത്രമല്ല ലോകവും അവരെ ശ്രദ്ധിക്കുവാൻ തുടങ്ങി. സഭ ലോകത്തെ ശ്രദ്ധിക്കാൻ തുടങ്ങുമ്പോൾ ലോകം ശ്രദ്ധിക്കാൻ തുടങ്ങും മാരാമൺ പ്രസംഗകരിൽ ശ്രേഷ്ഠനായിരുന്ന ഡോ. ഇ. സ്റ്റാൻലി ജോൺസ് എൻെറ അഭിപ്രായത്തിൽ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതായുണ്ട്.

1. യേശുവിൻെറ ജീവിതം - അത് നാം എങ്ങനെ ആയിരിക്കണം എന്നു വെളിപ്പെടുത്തുന്നു.

2. ദൈവത്തിൻെറ പ്രവർത്തനത്തിനു നമ്മെ ഏൽപ്പിച്ചു കൊടുക്കുക.

3. ഏറ്റവും ഉന്നതമായ ധാർമ്മികബോധം പുലർത്തുക.

4. നമ്മുടെ ഉള്ളിലുള്ള ദൈവത്തിൻെറ ശബ്ദം ശ്രദ്ധിക്കുക.

ദൈവം നമ്മോടു സംസാരിക്കുന്നു എന്നതു വൻകാര്യമാണ്. അത് വാദപ്രതിവാദമല്ല. ദൈവത്തിൻെറ അധികാരത്തിൽ നാം കീഴടങ്ങുകയാണ്. ദൈവശബ്ദത്തിന് സഭ അനുസരണം കാണിക്കുമ്പോൾ സഭ അറിയപ്പെടും. അവിടെയാണ് ക്രിസ്ത്യാനിയുടെ മൂല്ല്യബോധം.

**2. അന്ത്യോക്യയിലെ സഭ സങ്കരസഭയായിരുന്നു. 13:3**

അന്ത്യോക്യയിലെ സഭയിൽ പ്രവാചകർ, ഉപദേഷ്ടാക്കന്മാർ എന്നിവർ ഉണ്ടായിരുന്നു. പല വിഭാഗങ്ങൾ. എന്നാൽ അവർ പരസ്പര പൂരകങ്ങളായി പ്രവർത്തിച്ചു. ഇവിടെ യുദ്ധമില്ല. ദൈവരാജ്യപ്രകിയയിൽ ധ്രുവീകരണമല്ല ഐക്യതയാണുള്ളത്. സഭയ്ക്കകത്ത് വംശപരമായ വേർതിരിവ് പാടില്ലജാതി-വർഗ-വർണ്ണ വ്യത്യാസങ്ങളെ എതിർക്കണം. സമൂഹം കടപ്പാടുകളുടെ ലോകമാണ്. മനുഷ്യരേക്കാൾ ദൈവത്തോട് കടപ്പാട് കാട്ടണം.

**3. അന്ത്യോക്യയിലെ സഭ രൂപാന്തരം വരുത്തുന്ന സഭയായിരുന്നു.**

യേശുവിൻെറ പ്രവർത്തനം ദാസ്യശുശ്രൂഷയാണ്. മറ്റാരും ചെയ്യാത്ത കാര്യങ്ങൾ ദൈവത്തോടുചേർന്നു ചെയ്യുന്നവൻ അത് സമൂഹത്തിൽ സ്വാധീനം നൽകുന്നു. സഭയ്ക്കകത്ത് സങ്കുചിത മനോഭാവം ഇല്ല. ഇത് ലോകത്തിൻെറ ജ്ഞാനമല്ല. ഉയരത്തിൽ നിന്നുള്ളതാണ്.ലോകത്തിൻെറ ജ്ഞാനം ഭൗതികമാണ്. ഉയരത്തിലെ ജ്ഞാനം പരിശുദ്ധമാണ്. കക്ഷിഭേദമില്ലാതെ എല്ലാവരോടും ഐക്യദാർഢ്യം വേണം. സമ്പത്ത് നമ്മെ സ്വന്തമാക്കിതീർക്കരുത്. സഭ ജനാഭിലാഷം ഇല്ലാത്തതാകണം. (ഗലാ : 5:19) ഇവ ചെയ്യുന്നവർ ദൈവരാജ്യം കൈവശമാക്കുകയില്ല.



*റവ. ഡോ. സാമുവൽ ടി. കമലേശൻ*

ദൈവത്തിൻെറ നിയോഗം കിട്ടിയ സഭ ദൈവരാജ്യ മൂല്ല്യങ്ങളെ പിൻതുടരണം. അപ്പോൾ നമ്മിൽ നിന്നും പരിശുദ്ധാത്മ ഫലങ്ങൾ പുറപ്പെടും. അപ്പോൾ ജീവിതം അനുഗ്രഹീതമാകും, കുടുംബങ്ങൾ അനുഗ്രഹീത കുടുംബങ്ങൾ ആകും. ജീർണ്ണതയുടെ കെട്ടുമായി നിൽക്കാതെ ദൈവാത്മശക്തിയിൽ നിൽക്കുക, ലോകത്തെ രൂപാന്തരപ്പെടുത്തുക. വൃക്ഷം ഫലം പുറപ്പെടുവിക്കുന്നത് മറ്റുള്ളവർക്കു വേണ്ടിയാണ്. നാം മറ്റുള്ളവർക്കായി പ്രവർത്തിക്കുക.

## മാരാമൺ കൺവൻഷൻ 17-2-99 10.30 a.m.

## എക്യൂമെനിക്കൽ സമ്മേളനം

*ആശംസ:*

# യേശുവിനെ അറിയുക

**നി. വ. ദി.ശ്രീ. തോമസ് മാർ മഖാറിയോസ് മെത്രാപ്പോലീത്ത**

*വിശ്വാസികളുടെ സമൂഹമേ,*

*മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിനിധി എന്ന നിലയിലും, സഭയുടെ അമേരിക്കൻ ഭദ്രാസനത്തിൻെറ പ്രതിനിധി യായും മാരാമൺ കൺവൻഷന് ആശംസകൾ അർപ്പിക്കുന്നു. അമേരിക്കയിലെ ഇളംതലമുറക്കാരായ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കണം എന്ന് ഞാനഭ്യർത്ഥിക്കുന്നു. സഭാപൈതൃകവും സഭയുടെ പ്രസ്ഥാനങ്ങളും സ്ഥാപനകളുമായി ബന്ധപ്പെടുവാൻ അവസരം ലഭിക്കാത്തവരാണവർ. ഭാഷയുടെ വൈകല്യ പ്രയോഗങ്ങളും അജ്ഞതയും അമേരിക്കൻ കുട്ടികൾക്കു പരിമിതികൾ സൃഷ്ടിക്കുന്നു. ആയതിനാൽ ഈ കുഞ്ഞുങ്ങളുടെ ആകമാനമായ വികാസത്തിനും സ്വഭാവ രൂപീകരണത്തിനുമായി നിങ്ങൾ പ്രാർത്ഥിക്കണം.*

*യോഹന്നാൻ സ്നാപകൻ തൻെറ ശിഷ്യന്മാരെ യേശുവിനെ ചൂണ്ടിക്കാട്ടി., ''ഇതാ, ദൈവത്തിൻെറ കുഞ്ഞാട്'' എന്നു പരിചയപ്പെടുത്തുന്നു. അതുകേട്ട് രണ്ടുപേർ യേശുവിനെ അനുഗമിക്കുന്നു. തൻെറ പ്രവർത്തനങ്ങളെപ്പറ്റി ആരായുമ്പോൾ യേശു പ്രതിവചിക്കുന്നു.: ''വന്നു കാൺമീൻ''. അന്വേഷിച്ചു കണ്ടെത്തിയ കർത്താവിൻെറ കൂടെ പാർത്തു, തങ്ങൾക്കു ലഭിച്ച സുന്ദരമായ അനുഭവങ്ങളെ സഹോദരനുമായി പങ്കുവെക്കുമ്പോൾ അവരിലൊരാളായ അന്ത്രെയോസ് ആവേശത്തോടെ സാക്ഷിക്കുന്നു. ''ഞങ്ങൾ മശിഹായെ എന്നുവച്ചാൽ ക്രിസ്തുവെ കണ്ടെത്തിയിരിക്കുന്നു.'' പ്രവാചകന്മാർ പ്രവചിച്ച മശീഹായെ സാക്ഷ്യം വഹിക്കേണ്ടതിന് അവനെ കാണേണ്ടതാവശ്യമാണ്. ''ഞാൻ കണ്ടു''. എന്നു പറയുവാനുള്ള ധൈര്യം നമുക്കുണ്ടോ?*

*നസറായനായ യേശുവിനെ അറിയാതെ അവനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുവാൻ നമുക്കാവില്ല! ഈ കൺവൻഷനിൽ പങ്കെടുക്കുന്നതിലൂടെ നമുക്ക് സംഭവിക്കേണ്ട പ്രധാനമായ അനുഭവം ''യേശുവിനെ അറിയുക'' എന്നുള്ളതായിരിക്കണം. അനുഭവത്തിൻെറ ഏടുകളിൽ നിന്ന് ദൈവത്തെ അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നതിലൂടെ ഐക്യത്തിൻെറ നവമാനങ്ങൾ കണ്ടെത്തുവാൻ നമുക്കാവും.*

*അമേരിക്കയിൽ അഭിവന്ദ്യ സഖറിയാസ് മാർ തെയോഫിലോസ് തിരുമേനിയോട് ചേർന്ന് പല കാര്യങ്ങളിലും യോജിച്ചുപ്രവർത്തിക്കുവാൻ അവസരം ലഭിക്കുന്നത് പരസ്യമായി പ്രസ്താവിക്കുന്നതു സന്തോഷകരമാണ്. സഭൈക്യത്തിൻെറ നൂതന മാനങ്ങൾ കണ്ടെത്തുവാൻ നസറായനായ യേശുവിനെ അറിയേണ്ടത് ആവശ്യമാണ്. യേശുവിനെ അറിയുവാൻ, ഐക്യതയിൽ മുന്നേറുവാൻ, പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. ദൈവം നമ്മോടു കൂടെ എല്ലായ്പ്പോഴും എന്നേക്കും ആവസിച്ച് വഴി നടത്തുമാറാകട്ടെ.*

*മാരാമൺ കൺവൻഷൻ യോഗത്തിനും എല്ലാ സഭൈക്യശ്രമങ്ങൾക്കും ആശംസകൾ!*

*പ്രസംഗകൻ:* ***റൈറ്റ്: റവ. ഡോ. സാം മാത്യു***

# സഭൈക്യം: ഉയിർത്തെഴുന്നേല്പിൻെറ മഹത്വദർശനത്തിൽ

***വേദഭാഗം :*** **കൊലോസ്യർ 3: 14-15**



കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നേഹവന്ദനം, മാരാമൺ കൺവൻഷൻെറ നൂറ്റിനാലാമത് സമ്മേളനത്തിൽ പങ്കെടുക്കുന്നത് ഒരു വലിയ ഭാഗ്യവും പദവിയുമായി കരുതുന്നു. ഈ എക്യുമെനിക്കൽ യോഗത്തിന് സി. എസ്.ഐ എ. സഭയുടെയും മദ്ധ്യകേരള മഹാ ഇടവകയുടെയും കെ. സി.സിയുടെയും ആശംസകൾ ആമുഖമായി അറിയിക്കുന്നു. മതൈക്യത്തിൻെറയും സ്നേഹത്തിൻെറയും പ്രത്യാശയുടെയും സന്ദേശങ്ങളാൽ പുണ്യമാക്കപ്പെട്ട ഈ വേദിയിൽനിന്നുകൊണ്ട് സഭൈക്യത്തെപ്പറ്റി ചില ധ്യാനചിന്തകൾ പങ്കിടുന്നത് സന്തോഷകരമാണ്. സഭൈക്യത്തിൻെറ താത്വികവും സൈദ്ധാന്തികവുമായ തലങ്ങളുടെ വിശകലനമല്ല, എന്നാൽ ഐക്യത്തിൻെറ ധ്യാനപരമായ ചിന്തകൾ പങ്കിടണമെന്നാഗ്രഹിക്കുന്നു.

''എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പീൻ. ക്രിസ്തുവിൻെറ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ; അതിനല്ലോ നിങ്ങൾ ഏകശരീരമായി വിളിക്കപ്പെട്ടിരിക്കുന്നത്. നന്ദിയുള്ളവരായും ഇരിപ്പീൻ (കൊലൊ. 3: 14-15) '' പൗലോസ് കൊലോസ്യസഭയെ അഭിസംബോധന ചെയ്തുകൊണ്ടു എഴുതുന്നു. അപ്പോസ്തലൻ സഭ സന്ദർശിച്ചിരുന്നില്ല എങ്കിലും സഭയെപ്പറ്റി വ്യക്തമായ അറിവും ധാരണകളും ഉണ്ടായിരുന്നു. സഭ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വ്യക്തമായി മനസ്സിലാക്കി ലേഖനത്തിലൂടെ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു സഭയിൽ പ്രബലമായിരുന്ന ജ്ഞാനവാദം (Gnosticism) ദുരുപദേശങ്ങളിലേക്കു വഴിതെളിച്ചു. അതിൽ നിന്ന് സഭ വിമോചിതമാകുവാൻ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിൻെറ അതുല്യതയിലും ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിലും ആശ്രയിക്കുവാൻ അപ്പോസ്തലൻ ഉദ്ബോധിപ്പിക്കുന്നു. പൌലോസ് അപ്പോസ്തലൻ എഫേസ്യ ലേഖനത്തിൽ ക്രിസ്തുവിൻെറ ശരീരമാകുന്ന സഭയ്ക്ക് ഊന്നൽ നല്കുമ്പോൾ, ഇവിടെ സഭയുടെ തലയാകുന്ന ക്രിസ്തുവിൻെറ അതുല്യതയ്ക്കാണ് ശക്തീകരണം നല്കുന്നത്.

**ഉത്ഥാനത്തിൻെറ മഹത്വദർശനം:** ക്രിസ്തുവിൻെറ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിലിരിക്കട്ടെ (3:14) ഇതു സംഭവിക്കണമെങ്കിൽ ഉയിർത്തെഴുന്നേറ്റ യേശുവിൻെറ ദർശനം സഭയ്ക്കുണ്ടാവണം. The Vision of the Appearence of Jesus in his resurrected Glory. യേശുവിനെ കണ്ട് അറിയുമ്പോൾ മാത്രമേ അവൻെറ സന്ദേശം കാലിക പ്രസക്തമായി അവതരിപ്പിക്കാനാവൂ. പുനരുത്ഥാനം ചെയ്ത യേശുവിൻെറ ദർശനം ഇവിടെ നമ്മെ

നയിക്കുന്നതാണ്.

സമാധാനം എന്ന സംഭാവന: നാം എന്തിന് ഐക്യത്തിലാവണം? പുനരുത്ഥാനത്തിൻെറ മഹത്വത്തിൽ പ്രത്യക്ഷനായ യേശുവിൻെറ ദർശനമാണ് ഐക്യത്തിൻെറ അടിസ്ഥാനം. ഉയിർത്തെഴുന്നേല്പിൻെറ മഹത്വത്തിൽ പ്രത്യക്ഷനായ യേശുവിൻെറ ദർശനം, സ്നേഹം, സമാധാനം, ഐക്യത എന്നീ മൂല്യങ്ങൾക്കായി നമ്മെ നിർബന്ധിക്കുന്നു. യേശു ശിഷ്യന്മാർക്ക് മാളികമുറിയിൽ പ്രത്യക്ഷനായപ്പോൾ പന്തിരുവരിൽ ഒരുവനായ ദിദിമോസ് എന്ന തോമസ് അവരോടുകൂടെ ഉണ്ടായിരുന്നില്ല. (യോഹ:20:24). യേശുവിൻെറ മരണത്തിൽ ഭയചകിതരായി മുറിക്കുള്ളിൽ അടച്ചിരുന്ന ശിഷ്യന്മാരുടെ മദ്ധ്യേ ഉയിർത്തെഴുന്നേറ്റ യേശു പ്രത്യക്ഷനായി സമാധാനം എന്ന സംഭാവന നല്കുന്നു. നിർഭാഗ്യവശാൽ, സന്നിഹിതനല്ലാതിരുന്ന തോമസിന് സമാധാനദർശനം നഷ്ടപ്പെട്ടു ശിഷ്യന്മാരുടെ കൂട്ടായ്മയിൽ നിന്ന് അകന്നുപോയ തോമസിന് ഉയിർത്തെഴുന്നേറ്റ കർത്താവിൻെറ മഹത്വദർശനം നഷ്ടമാവുന്നു. കർത്താവിൻെറ മരണമുണ്ടാക്കിയ ഭയവും അവൻെറ സ്വാർത്ഥ താല്പര്യങ്ങളും ഈ അന്യവല്ക്കരണത്തിനും നിരാശയ്ക്കും കാരണമാവുന്നു. നിരാശയോടും ചഞ്ചല ഹൃദയത്തോടുംകൂടി കഴിയുന്നശിഷ്യസമൂഹം സഭയുടെ പ്രതീകമാണ്. കൂട്ടായ്മകളിലൂടെ മാത്രമേ പ്രതിസന്ധികളെ അതിജ' വിക്കുന്നപ്രതീക്ഷ നിലനിൽക്കുന്ന സഭയുടെ സൃഷ്ടി സാദ്ധ്യമാവൂ.

**കൂട്ടായ്മയിൽ മഹത്വദർശനം**

സഭ എന്തിന് ഒന്നിച്ച് നില്ക്കണം? എതിർപ്പുകളും പ്രതിസന്ധികളും അതിജീവിക്കുവാൻ എന്ന സാധാരണ മറുപടി ഇതിൻെറ ഒരു വശം മാത്രം. എന്നാൽ സകലബുദ്ധിയെയും കവിയുന്ന, ഈ ലോകത്തിനു നല്കാൻ കഴിയാത്ത, സമാധാനം ലോകത്തിനു സമ്മാനിക്കുവാൻ ഉയിർത്തെഴുന്നേല്പിൻെറ മഹത്വത്തെ ഉൾക്കൊള്ളുന്നതിലൂടെ സഭയ്ക്കു കഴിയണം. ഒറ്റപ്പെട്ടു നിരാശയിൽ ജീവിക്കുന്ന തോമസിൻെറ അനുഭവത്തിൽ നിന്ന് ഐക്യതയിലൂടെ സമാധാനവാഹകരാകുവാൻ നമുക്കു കഴിയണം. സഭയെ ശരീരത്തോടു ഉപമിച്ചുകൊണ്ടു പൌലോസ് വ്യക്തമാക്കുന്നു. പല അവയവങ്ങളായ നാം കൂട്ടായ പ്രവർത്തനത്തിലൂടെ ഒരു ലക്ഷ്യത്തിലേക്ക് മുന്നേറുന്നു.

കേരളത്തിലെ ക്രൈസ്തവ സഭയെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കേണ്ടതിനായി വിളിച്ചിരിക്കുന്നു. യേശുവിനോടു ചേർന്ന സഭയുടെ അംഗങ്ങളായിരിക്കുവാൻ സാധിക്കണം. If we are away from Church, we are away from Christ, If we are away from Christ, we are away from Church. അങ്ങനെ ഉയർത്തെഴുന്നേറ്റ കർത്താവിൻെറ

> **ഉയിർത്തെഴുന്നേല്പിൻെറ മഹത്വത്തിൽ പ്രത്യക്ഷനായ യേശുവിൻെറ ദർശനം സ്നേഹം, സമാധാനം, ഐക്യത എന്നീ മൂല്യങ്ങൾ നമ്മെ നിർബന്ധിക്കുന്നു**

ദർശനം നഷ്ടപ്പെടാതെ കൂട്ടായ്മയുടെ അനുഭവത്തിൽ ദർശനം രൂപപ്പെടുത്തുവാൻ നമുക്കു കഴിയണം.

**സഭയെന്നാൽ ജനങ്ങളാണ്.**

ഏതു തരത്തിലുള്ള സഭ ഇന്ന്ലോകത്തിന് ആവശ്യമായിരിക്കുന്നു? ഏതു തരത്തിലുള്ള സഭ ഇന്നു ദൈവം ആഗ്രഹിക്കുന്നു? പുതിയ സഹസ്രാബ്ദത്തിലേക്കു പ്രവേശിക്കുമ്പോൾ സഭ എങ്ങനെയായിരിക്കണം. ഒരുമിച്ചു പ്രവർത്തിക്കുന്ന, ഒരുമിച്ചു ജീവിക്കുന്ന, ഒരുമിച്ചു നിലനില്ക്കുന്ന സഭയായിരിക്കണം നാളത്തെ സഭ. Church is a place where the people feel they belong, welcomed, accepted and encouraged. Church is the people സഭയുടെ കാതലായ അടിസ്ഥാനം ജനങ്ങളാണ് സഭ എന്നുള്ളതാണ്. സഭയെന്നാൽ കെട്ടിടങ്ങളും സ്ഥാപനകളുമല്ല, ജനങ്ങളാണ്. Church is a living church. പുനരുത്ഥാനം ദർശിച്ച സഭ ജീവിക്കുന്ന സഭയാണ്. ആദിമസഭ ഇതിൻെറ ഉദാത്തമായ മാതൃകയാണ്. അത് ഘടനാപരമായി ഒരുമയുള്ള സഭയായിതീരുന്നു. ആദിമസഭ ആത്മാവിൽ ക്രിസ്തുവിനാൽ സംഘടിക്കപ്പെട്ടുവെന്ന് നാം മനസ്സിലാക്കുന്നു. യേശു പ്റഞ്ഞു. ഈ പാറമേൽ ഞാനെൻെറ സഭയെ പണിയും. ഇവിടെ സഭയെ നിലനിർത്തുന്നത് ദൈവമാണ്.

സഭ, സഭയാകുന്നത് പരസ്പരബന്ധങ്ങളിലൂടെയാണ്. ഇന്ന് സഭകൾ തമ്മിലുള്ള ബന്ധം പലസ്ഥാനങ്ങളിലും ശിഥിലമാണ്. ആദിമസഭയുടെ ഒരുമ ആളുകൾക്ക് ക്രിസ്തുവിനോട് പ്രതിബദ്ധതയിൽ അധിഷ്ഠിതമായിരുന്നു. ''സ്നാനം ക്രിസ്ത്യാനികളെ സൃഷ്ടിക്കുന്നില്ല, എന്നാൽ എല്ലാ ക്രിസ്ത്യാനികളും സ്നാനപ്പെട്ടവരാണ്''. അവർ ക്രിസ്തുവിനോട് ബന്ധിക്കപ്പെട്ടവരും പ്രതിബദ്ധതയുള്ളവരുമാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവായിരുന്നു ആദിമസഭയുടെ ഐക്യത്തിൻെറ പ്രേരകശക്തി. അവിടെ ശക്തമായ ഒരു സംഘബോധം അനുഭവപ്പെട്ടിരുന്നു. അവർ ഓരോ കൂടിവരവിലും യേശുവിൻെറ മരണത്തെ അനുസ്മരിച്ചു. കർത്താവിൻെറ അത്താഴം നമ്മെ ഐക്യപ്പെടുത്തുന്നു ശക്തിയാണ്. ഒരേ അപ്പത്തിൻെറയും ഒരേ രക്തത്തിൻെറയും അംശികളായി പല സഭകളിലെങ്കിലും നാമൊരുമിച്ചു ജിവിക്കുന്നു. കർത്താവിൻെറ ശരീരമാകുന്ന അപ്പം നുറുക്കി നാം ഒരേ മേശയിൽ പങ്കുചേരുമ്പോൾ നാം അവനിൽ ഒന്നായി ബന്ധിക്കപ്പെടുന്നു. കർത്താവ് അധികം സ്നേഹിച്ചിരുന്ന യോഹന്നാൻ, തന്നെ ഒറ്റിക്കൊടുത്ത യൂദാ, ചഞ്ചലചിത്തനായ തോമസ്, തള്ളിപ്പറഞ്ഞ പത്രോസ്- യേശുവിൻെറ അന്ത്യഅത്താഴത്തിനു വിവിധ സാഹചര്യങ്ങളുടെ പശ്ചാത്തലമുള്ള വിവിധ സ്വഭാവഗതികൾക്കുടമകളായ ശിഷ്യന്മാർ ഒരുമിക്കുന്നു. ഇവിടെ മാളികമുറിയിൽ രൂപീകൃതമാകുന്ന മാതൃക എത്രയോ അനുകരണീയമാണ്.

**വിശാലവീക്ഷണം: കാലഘട്ടത്തിൻെറ ആവശ്യകത:**

ഐക്യതയിലേക്കു പ്രവേശിക്കണമെങ്കിൽ വിശാലമായ വീക്ഷണം സഭയ്ക്കാവശ്യമാണ്. ഗ്ലാസ് നോസ്ത് എന്ന റഷ്യൻപദം അർത്ഥമാക്കുന്നത് പോലെ സഭയുടെ ഒരു തുറന്ന സമീപനം ഈ കാലഘട്ടത്തിൻെറ ആവശ്യമാണ്. മാരാമൺ പന്തൽപോലെ തുറക്കപ്പെട്ട വിശാലമായ ദർശനമാണ് സഭയ്ക്കിന്നാവശ്യം. ഇന്ന് ഐക്യതയ്ക്ക് ഉപോത്ബലകമായി ധാരാളം അനുകൂല ഘടകങ്ങൾ നിലനില്ക്കുന്നുണ്ട്. ഉയിർത്തെഴുന്നേറ്റ് നമ്മുടെ മദ്ധ്യത്തിൽ ജീവിക്കുന്ന ക്രിസ്തുവിനെ കാണുന്നതാവണം നമ്മുടെ ഐക്യദർശനം. പീഡനങ്ങളിലും പ്രതിബന്ധങ്ങളിലും വേദപുസ്തകത്തിലേക്കു മടങ്ങുവാൻ നമുക്കു കഴിയണം. നമ്മുടെ കുഞ്ഞുങ്ങളെ ബൈബിളിലേക്കു മടക്കികൊണ്ടുവരാൻ നമുക്കാവണം. പൊതുവായ വേദപുസ്തകം നമ്മെ ഒരുമിപ്പിക്കുന്ന ഘടകമാണ്.

പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ (യോഹ. 17:21) യേശുക്രിസ്തുവിൻെറ മഹാപുരോഹിത പ്രാർത്ഥനയും സമുന്നതമായ ഈ വിശാലദർശനം നാം കാണുന്നു. അപ്പോസ്തലന്മാരോടും സഭാ പിതാക്കന്മാരോടും വരുവാനുള്ള തലമുറയോടും ഒന്നാവാൻ കഴിയണം. സഭയ്ക്കു പുറത്തുള്ളവരോടും വിശാലമായ ഈ സമീപനം അത്യന്താപേക്ഷിതമാണ്. ●


> **ഗ്ലാസ് നോസ്ത് എന്ന റഷ്യൻപദം അർത്ഥമാക്കുന്നത് പോലെ സഭയുടെ ഒരു തുറന്ന സമീപനം ഈ കാലഘട്ടത്തിൻെറ ആവശ്യമാണ്. മാരാമൺ പന്തൽപോലെ തുറക്കപ്പെട്ട വിശാലമായ ദർശനമാണ് സഭയ്ക്കിന്നാവശ്യം.**

## മാരാമൺ കൺവൻഷൻ 1999

## സ്ത്രീകളുടെ വേദപഠനം (ചൊവ്വാ & ബുധൻ)

### പ്രസംഗകൻ: ആർച്ച് ബിഷപ്പ് ഗുഡ്ഹ്യൂ പരിഭാഷ: റവ. ഡോ. കെ. എ. ഏബ്രഹാം

### 1 തെസ്സലോനിക്യർ

വിശുദ്ധ പൗലോസിനെ ഒരു നല്ല സുവിശേഷകനായി കണക്കാക്കുന്നു, പൗലോസിൻെറ മുഖ്യ ഉപദേശം ക്രിസ്തുവിങ്കലേക്കു നയിക്കപ്പെടുകയും ഫലം കായ്ക്കുകയും ചെയ്യുക എന്നതാണ്. ദൈവത്തിൻെറ സഭയുടെ ഉദ്ദേശ്യവും മറ്റൊന്നല്ല.

അപ്പോസ്തോലന്മാരുടെ പ്രവർത്തനത്തെ പരിശുദ്ധാത്മാവ് തിരിച്ചു വിട്ടതുകൊണ്ടാണ് തെസലോനിക്യയിൽ സുവിശേഷം എത്തിയത്. എല്ലാകാലത്തും സമർപ്പണമുള്ളവരെ ദൈവം ഉപയോഗിക്കും. തെസലോനിക്യയിൽ സുവിശേഷ ത്തിന് അനുകൂലമായും പ്രതികൂലമായും പ്രതികരണമുണ്ടായി. വിപരീത അനുഭവങ്ങളുടെ പേരിൽ പൌലോസ് സുവിശേഷദൗത്യം അവസാനിപ്പിക്കുന്നില്ല. വേദപഠനം നടത്തുമ്പോൾ അതിൻെറ പശ്ചാത്തലം ഗ്രഹിക്കുകയും ലേഖകൻെറ മനസ് വായിച്ചറിയുകയും വേണം. ഒന്നാം നൂറ്റാണ്ടിൽ എഴുതിയ ലേഖനം ഇരുപതാം നൂറ്റാണ്ടിൽ വായിക്കുമ്പോൾ അതനുസരിച്ച് പ്രതികരണം ആവശ്യമാണ്. അവയുടെ ഇന്നത്തെ അർത്ഥവും സാംഗത്യവും കണ്ടെത്തണം.

ഈ ലേഖനം എഴുതുമ്പോൾ തെസലോനിക്യ സഭയെപ്പറ്റി പൌലോസ് ചിലത് ഗ്രഹിച്ചിരുന്നു.

- വിശ്വാസികളുടെ ഇടയിലെ അധാർമ്മികത
- പൌലോസിനോട് ചിലർക്കുള്ള എതിർപ്പ്
- പരിശുദ്ധാത്മാവിനെ തിരിച്ചറിയാത്ത സ്വഭാവം.

*1 തെസ്സലോനിക്യർ 1:1-9*

തെസലോനിക്യ വിശ്വാസികളെ പൌലോസ് മനസിലാക്കുന്നു. അവിടെയുള്ള കൂട്ടായ്മ ദൈവത്തിൻെറ കൂട്ടായ്മയുടെ സാക്ഷ്യപത്രമാണ്.

പൌലോസ് അവർക്കുവേണ്ടി നിരന്തരം പ്രാർത്ഥിച്ചു. ദൈവവചനത്തോട് അവർക്കുള്ള സ്നേഹം വലിയതായിരുന്നു ദൈവവചനം നമ്മെ ചൈതന്യത്തിലേക്ക് നയിക്കുന്നു. മറ്റുള്ളവർക്കുവേണ്ടി അവർ കരുതുന്നു. അത് ദൈവീക പ്രവർത്തിയാണ്. സ്നേഹം സ്വാഭാവിക മനുഷ്യനിൽ നിന്നല്ല. ദൈവ സ്വരൂപത്തിൽ നിന്നാണ് വരുന്നത്. പീഢനത്തിൻെറ മദ്ധ്യത്തിൽ സ്ഥിരതയുള്ള സഭ. പുതിയ വിശ്വാസികൾ നിലനിൽക്കുന്നത് പ്രാർത്ഥനയിലൂടെയാണ്. പൌലോസ് നിരന്തരം അവർക്കായി പ്രാർത്ഥിക്കുന്നു.

അവർ സുവിശേഷത്തോട് അനുകൂലമായി പ്രതികരിക്കുന്നു. നാം എല്ലാം ദൈവത്താൽ സ്നേഹിക്കപ്പെട്ടവരാണ്. ഒരു ചിത്രകാരൻ തൻെറ ചിത്രം കണ്ട് സന്തോഷിക്കുന്നതുപോലെ പൌലോസ് സഭയുടെ വളർച്ചയിൽ സന്തോഷിക്കുന്നു

സുവിശേഷം അധരജല്പനമായല്ല. ജീവിതമായിട്ടാണ് തെസലോനിക്യയിൽ വ്യാപിച്ചത്. പൌലോസിൻെറ ജീവിതം തന്നെ സുവിശേഷമായിരുന്നു.

അവർ കഷ്ടതയിലും വിശ്വാസസ്ഥിരത കാട്ടി. ജീവിതമാതൃക പുലർത്തി. അവരുടെ ജീവിതം മറ്റുള്ളവർക്കും മാതൃകയായി ചിത്രീകരിക്കുന്നു. നമ്മെ ശ്രദ്ധിക്കുന്നവർക്ക് നമ്മുടെ ജീവിതം ആത്മീയ പരിപോഷണം നൽകണം. ●



എപ്പിസ്ക്കോപ്പൽ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ
ഡോ. ജോസഫ് മാർ ഐറേനിയസ് എപ്പിസ്ക്കോപ്പായ്ക്ക്
**ആശംസകൾ !**



അഭിവന്ദ്യ തോമസ് മാർ തിമോത്തിയോസ്
എപ്പിസ്ക്കോപ്പാ

# മരുഭൂമിയെ ഹരിതാഭമാക്കുക

**നി. വ. ദി. ശ്രീ. ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ്**

*വേദഭാഗം:* ***മർക്കോസ് 6 :35, 37***

പ്രസിദ്ധ നോവലിസ്റ്റ് ആനന്ദിൻെറ ''മരുഭൂമികൾ ഉണ്ടാകുന്നത്'' എന്ന നോവലിൽ സർക്കാർ ഉദ്യോഗസ്ഥനായ 'കുന്ദൻ' എന്നൊരു കഥാപാത്രമുണ്ട്. സാധാരണക്കാരും ജയിലിൽ നിന്നും വരുന്നവരും ഉൾപ്പെടെയുള്ള ഒരു സമൂഹത്തിന് മേൽനോട്ടം വഹിക്കുകയാണ് അദ്ദേഹം . ഒരു ദിവസം ധനവാനും, കൊലപാതകിയും, തൂക്കിക്കൊല്ലുവാനും വിധിക്കപ്പെട്ട 'പശുപതി'ക്കുപകരം ഗ്രാമീണനും ദരിദ്രനുമായ സുലൈമാനെ പകരക്കാരനാക്കുവാൻ ജനായത്ത ഭരണമുള്ള സർക്കാർ തന്നെ ആവശ്യപ്പെടുന്നു.

നീതിയും ന്യായവും പുലർത്താൻ തല്പരനായ കുന്ദന് ഇതിൽ ഉള്ള പന്തികേട് മനസ്സിലാക്കി വിസമ്മതം പ്രകടിപ്പിച്ചു. എന്നാൽ മുകളിൽ നിന്നുള്ള സമ്മർദ്ദം മൂലം സുലൈമാനെ പശുപതിയായി നിയമിക്കുവാൻ കുന്ദൻ നിർബന്ധിതനായി. കുന്ദൻ ഇപ്രകാരം പറഞ്ഞു. ''ഇങ്ങനെയായാൽ മരുഭൂമി പടർന്നുകയറുന്നത് ആരും കാണാതെ പോയെന്നു വരും''.

ദുർബലരെ സംരക്ഷിക്കുകയും, നീതി പാലിക്കുകയും, മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്യേണ്ട ഭരണകൂടം അനീതിയുടെ പക്ഷം ചേരുന്നു. ഇവിടെ സമൂഹം ഒരു 'പുറംപോക്കായി' മാറ്റപ്പെടുന്നു. ലാഭം മാത്രം ലക്ഷ്യമാക്കി പ്രാർത്ഥനയോടെ പണക്കാരുടെ സംഘം ഭരണചക്രം തിരിക്കുന്നു. ഇവിടെ ഹരിതഭൂമി 'മരുഭൂമിയായി' പരിണമിക്കുന്നു.

ഇത്തരത്തിൽ 'മരുഭൂമി'യുടെ ഒരു ജീവിതാനുഭവം വിവരിച്ചുകൊണ്ടാണ് വി. മർക്കോസ് നാം വായിച്ച വേദഭാഗത്തേക്ക് കടക്കുന്നത്. സഹോദരഭാര്യയെ പരിഗ്രഹിക്കുന്നത് വിഹിതമല്ല എന്ന് പറഞ്ഞ് അധാർമ്മികതയുടെ കൂച്ചുവിലങ്ങ് പൊട്ടിച്ചെറിയാൻ പ്രവാചകശബ്ദം ഉയർത്തിയ യോഹന്നാൻസ്നാപകന് തൻെറ ശിരസ്സ് നഷ്ടപ്പെട്ടു. യോഹന്നാൻ സ്നാപകൻ 'മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ വാക്കായിരുന്നു (ലൂക്കോസ് 3: 2, 4)

ഓരോ കാലഘട്ടത്തിലും പ്രവാചകശബ്ദം ഉയരേണ്ടത് അനിവാര്യമാണ്. എന്നാൽ സമൂഹത്തിൽ ധാർമ്മീകതയുടെ ശബ്ദം ഉയർത്തിപ്പിടിക്കുവാൻ പരിശ്രമിക്കുന്ന പ്രവാചക ശബ്ദങ്ങളെ അമർച്ചചെയ്യാൻ പരിശ്രമിക്കുന്ന വിധ്വംസക ശക്തികൾ എല്ലാകാല ഘട്ടത്തിൻെറയും പ്രത്യേകതയാണ്. സ്വകീയ-സ്ഥാപിത താല്പര്യങ്ങൾ വർദ്ധിക്കുമ്പോൾ മരുഭൂമികൾ ഉണ്ടാകുന്നു.

**ഗീവർഗീസ് മാർ തിയഡോഷ്യസ്**



**50-ാം വയസ്സിൽ പ്രവേശിക്കുന്ന തിരുമേനിക്ക് ജന്മദിനാശംസകൾ**

യോഹന്നാൻ സ്നാപകൻെറ കാലഘട്ടത്തിൽ പ്രസംഗം കേട്ടവർ മാനസാന്തരപ്പെട്ടു. അവരിൽ മാനസാന്തരത്തിൻെറ ഫലമുണ്ടായി. അപ്രകാരമാണ്. യേശുവിന് വഴി ഒരുക്കിയത്. ദൈവഹിതം പൂർണ്ണമായി നിർവ്വഹിക്കപ്പെടുന്ന ജീവിതാനുഭവമായ ദൈവരാജ്യത്തിലേക്കാണ് യേശുവിൻെറ പ്രസംഗം നയിച്ചത്. ദൈവത്തിൽ നിന്നും അകന്നുപോയവരെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുക മാത്രമല്ല ദൈവരാജ്യ പ്രവർത്തനം. പിന്നെയോ, അവർ ദൈവഇഷ്ടം താല്പര്യത്തോടെ നിവർത്തിക്കുന്നവരായി തീർക്കുക എന്നതുമാണ്. ഈ ദൈവരാജ്യത്തിൻെറ അനുഭവക്കാരും പ്രചാരകരുമാകുവാനാണ് കർത്താവ് തൻെറ ശിഷ്യന്മാരെ വിളിച്ചു വേർതിരിച്ചത്. ഇന്ന് സഭയെ ദൈവം വിളിച്ചിരിക്കുന്നതും നിയോഗിച്ചിരിക്കുന്നതും ഈ ദൗത്യത്തോടെയാണ്.

എന്തിനാണ് സഭയിൽ കൺവൻഷനുകൾ? മനം കവരുന്ന ഹൃദ്യമായ പ്രസംഗങ്ങൾ കേൾക്കുവാൻ മാത്രമാണു നമുക്കു താല്പര്യം?. എന്നാൽ അവ കേട്ട് ഫലം പുറപ്പെടുവിക്കുവാൻ കഴിയണം. വചനം ശ്രോതാക്കളുടെ ജീവിതത്തിൽ ലയിച്ചു ചേരണം. വചനം ജീവിതത്തിൽ സ്വാംശീകരിച്ച് വളരണം. വചനം ജീവിതത്തിൽ രൂപാന്തരത്തിൻെറ ഫലം നൽകണം.

വചനകേൾവിയിലൂടെ ലോകത്തിൽ ദരിദ്രർ ഉണ്ട് എന്ന അവബോധം ലഭിച്ചാൽ മാത്രം പോരാ. ദാരിദ്ര്യം ഉച്ചാടനം ചെയ്യാനുള്ള പ്രസ്ഥാനത്തിൻെറ ഭാഗഭാക്കാക്കണം. ലോകത്തിൽ വസ്ത്രമില്ലാത്തവർ ഉണ്ട് എന്നറിഞ്ഞാൽ രണ്ടുവസ്ത്രങ്ങളിൽ ഒന്ന് കൊടുക്കുവാൻ നമുക്ക് കഴിയണം. നാം നല്ലവരാകണം എന്ന് കേട്ടാൽ മാത്രം പോരാ, നമ്മുടെ പ്രവർത്തനങ്ങളിൽ നാം വിശ്വസ്തതയുള്ളവരാകണം, സാക്ഷ്യം നിറവേറ്റണം. വചനകേൾവി 'മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്ക്കുന്നതിന് സഹായകരമാകണം'. ദൈവരാജ്യ അനുഭവം ജീവിതസാക്ഷ്യത്തിലൂടെ വെളിപ്പെടണം.

എന്നാൽ എന്താണ് ആധുനീകസമൂഹത്തിൽ സംഭവിക്കുന്നത്. പാവപ്പെട്ട മനുഷ്യരെ ചവിട്ടുകൊട്ടയിലെ എച്ചിലായി ഉപേക്ഷിക്കപ്പെടുന്നു. സ്വവർഗ്ഗത്തെ കുരുതി കഴിച്ചു മുന്നേറാൻ ശ്രമിക്കുന്ന ആധുനീക മനുഷ്യൻ ഇന്നിൻെറ പ്രത്യേകതയാണ്. ലാഭേച്ഛമാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഇന്നത്തെ കമ്പോള സംവിധാനത്തിൽ ഞെരിഞ്ഞ് അമർന്ന് ഇല്ലാതാകുന്നത് ഇവിടുത്തെ സാധാരണ മനുഷ്യജീവിതങ്ങൾ ആണ്.

ആനന്ദ് തൻെറ നോവലിൽ പറയുന്നു. ''മനുഷ്യത്വത്തിൻെറ വരൾച്ച സംഭവിച്ച് ആധുനീക ഇന്ത്യൻ സംസ്ക്കാരം മരുഭൂമിയായി തീരുന്നു.''. കഴിഞ്ഞ ചില ദിവസങ്ങളിൽ ദിനപത്രങ്ങളിൽ വന്ന ചില വാർത്തകളിലൂടെ നമ്മുടെ ചുറ്റും മരുഭൂമികൾ പടർന്നു കയറുന്നത് നമുക്ക് കാണാം. ധനികനായ ടി.കൃഷ്ണറെഡ്ഡിക്ക് നൽകാനുള്ള 50,000 രൂപയ്ക്കുവേണ്ടി തൻെറ മകളെ വൽക്കേണ്ടിവന്ന ഒരു പാവം കർഷകനും. ഒറീസ്സയിൽ വച്ച് കാറിലിട്ട് മാനഭംഗത്തിനു വിധേയമായ 32 വയസ്സുള്ള ജ്വാകിലിൻ എന്ന കന്യാസ്ത്രീയും ഒക്കെ നമ്മുടെ സമൂഹത്തിൽ ഇന്നും ജീവിക്കുന്നു.

***മാരാമൺ കൺവൻഷൻ 1999 : 17-2-99 2. 30 p.m.***

***സാമൂഹ്യഅനീതിക്കെതിരെയുള്ള സമ്മേളനം:*** *പ്രസംഗകൻ:* **ബിഷപ്പ് സൂസൈ പാക്യം**

*വേദഭാഗം:* ***യോഹ. 19: 28-30***

# പോരാട്ടത്തിലേക്കു നയിക്കുന്ന ക്രിസ്താനുഭവം

**മാ**ർത്തോമ്മാ സദയിൽ വളരെ ആസൂത്രിതമായി നടന്നുകൊണ്ടിരിക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ മാതൃകാപരവും അഭിനന്ദനാർഹവുമാണ്. കത്തോലിക്കാസഭാ പഞ്ചാംഗത്തിൽ ഇന്ന് (ഫെബ്രു. 17) വിഭൂതി തിരുനാൾ അഥവാ ചാരബുധനാഴ്ചയാണ്. നെറ്റിയിൽ ചാരം പൂശിക്കൊണ്ട് തപസ്സുകാലം ആരംഭിക്കുന്നു. ഈ തപസ്സു കാലത്തിലെ പ്രധാനചിന്താവിഷയം യേശുവിൻെറ ക്രൂശാണ്. നമ്മുടെ ചിന്ത ക്രൂശിതനായ യേശുവിലേക്ക് തിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

**കുരിശ്: സ്നേഹത്തിൻെറ പരമമായ ആവിഷ്ക്കാരം**

സ്നേഹത്തിൻെറ പാരമ്യമാണ് ക്രൂശിൽ വെളിപ്പെട്ടത്. സ്നേഹിതതന്മാർക്കുവേണ്ടി തൻെറ ജീവനെ കൊടുക്കുന്നതിൽ അധികം സ്നേഹമില്ല. ''ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചതുപോലെ അവസാനത്തോളം അവരെ സ്നേഹിച്ചു'' (യോഹ:13:16). വേദപുസ്തക പണ്ഡിതന്മാർ ഈ വാക്യത്തിനു ദ്വയാർത്ഥം കല്പിക്കുന്നു. ഒന്ന്, ശിഷ്യന്മാരെ സന്ധിക്കുന്നതു മുതൽ അവരെ വിട്ടുപിരിയുന്നതുവരെ യേശു അവരെ സ്നേഹിക്കുന്നു. അതായത്, തുടർച്ചയായ സ്നേഹം. രണ്ട്, യേശുവിൻെറ സ്നേഹം വളരുന്നതാണ്. അന്ത്യ അത്താഴത്തിൻെറ സമയത്ത് സ്നേഹം, അതിൻെറ പാരമ്യത്തിലെത്തുന്നു. നമ്മോടുള്ള ദൈവസ്നേഹം നിസ്സീമമാണെന്ന് കാട്ടുവാൻ യേശു കുരിശിൽ തലചായ്ച്ചു മരിക്കുന്നു. (യോഹ. 19: 28-30)

കുരിശുമരണം ഭയാനകമാണ്. ആ കാഴ്ച ദുസ്സഹമാണ്. യെരുശലേമിലും പരിസരത്തിലുമുള്ള സ്ത്രീകൾ കുരിശുമരണത്തിൻെറവേദനയുടെ തീവ്രത അനുഭവപ്പെടാതിരിക്കുവാൻ ലഹരി പിടിപ്പിക്കുന്നു. വിനാഗിരി(മുന്തിരിവീഞ്ഞ്) കൊടുത്തിരുന്നു. ഇത് ക്രൂശിതൻെറ സുബോധം നഷ്ടപ്പെടുത്തുകയും വേദനയിൽ നിന്ന് അവനെ മോചിപ്പിക്കുകയും ചെയ്യുന്നു.

**തിന്മകളുടെ ക്രൂശിൽ ഇന്നും മരിക്കുന്ന യേശു**

ഇന്നത്തെ സമൂഹത്തിലും യേശു മരിക്കുന്നു. അവശരിലും ആലംബഹീനരിലും, സമൂഹത്തിലും തിന്മകളാകുന്ന കുരിശിൽ യേശു തലചായ്ച്ചു മരിക്കുന്നു. യേശുവിൻെറ നിലവിളി, ''എനിക്കു ദാഹിക്കുന്നു'', ഇന്നും ഉയർന്നുകൊണ്ടിരിക്കുന്നു. സത്യത്തിനുവേണ്ടിയുള്ള, നീതിക്കുവേണ്ടിയുള്ള, സർവ്വോപരി സ്നേഹത്തിനുവേണ്ടിയുള്ള ദാഹം. കൂട്ടായ്മ ബന്ധങ്ങളിലൂടെയും സംഘ ബോധത്തിലൂടെയും ലഭിക്കുന്ന സ്നേഹവും അംഗീകാരവും, മദ്യവും മറ്റു ലഹരി വസ്തുക്കളും പ്രദാനം ചെയ്യാത്ത ആത്മനിർവൃതി പ്രദാനം ചെയ്യുന്നു. സാമൂഹ്യതിന്മകളെ ദുരീകരിക്കുന്നതിന് പ്രാഥമികമായും അടിസ്ഥാനപരമായും സാമൂഹ്യബന്ധങ്ങൾ ദൃഢവും ഭദ്രവുമാക്കേണ്ടതുണ്ട്.

ആമോസ് പ്രവാചകൻെറ വാക്കുകളിൽ, ദരിദ്രനെ ചവിട്ടിയരയ്ക്കുകയും, ചവിട്ടിയരയ്ക്കുന്നതിലൂടെ ആർജ്ജിക്കുന്ന ധനംകൊണ്ട് ചെത്തിയ കല്ലുകളാൽ പടുത്തുയർത്തിയ മാളികകളിൽ ഒരു ന്യൂനപക്ഷം മുന്തിരിരസം നുകർന്നു രസിക്കുന്നു. മരണവേദനയോടെ നിലവിളിക്കുന്ന ദരിദ്രൻെറചുണ്ടിൽ മുന്തിരി രസം തൊട്ടുകൊടു ക്കുന്നു സമൂഹത്തിലെ ചൂഷകർ നല്കുന്ന ലഹരി ഉപയോഗിച്ച് അവശരുടെ ശേഷിച്ച വിഭവങ്ങളും സമ്പത്തും ഇല്ലാതെയാവുന്നു. തൊഴിലാളികളിൽ 90 ശതമാനവും മദ്യ ഉപഭോക്താക്കളാണ്. മാത്രമല്ല, മിക്കവരും മദ്യ ഉല്പാദന പ്രവർത്തനങ്ങളിലും ഏർപ്പെടുന്നു. വളരെയേറെ ബുദ്ധിമുട്ടു കൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഈ മനുഷ്യർ അനുഭവിക്കുന്നു. വിദ്യാഭ്യാസവും മറ്റ് അടിസ്ഥാന ജീവിത സൗകര്യങ്ങളും നിഷേധിക്കപ്പെടുന്നു. എന്നാൽ ഇവരിൽ കൂടികൊള്ളുന്ന ദൈവ സ്നേഹത്തിൻെറ അംശം കണ്ടെത്തി പുതിയ സമൂഹനിർമ്മാണത്തിനു ഉപയോഗപ്പെടുത്തുവാൻ സഭയായി സാധിക്കണം. കത്തോലിക്കാ സഭ ഈ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ ഇതിൻെറ വിജയസാദ്ധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു.

എന്നാൽ രൂപാന്തരത്തിനു ശേഷം അനുഭവപ്പെടാൻ സാദ്ധ്യതയുള്ള പ്രശ്നങ്ങളനവധിയാണ്. പുനരധിവാസപ്രവർത്തനങ്ങൾക്കു നേരിടുന്ന എതിർപ്പ്, മദ്യലോബികളുടെ കുത്സിത ശ്രമങ്ങൾ, സർ ക്കാരിൻെറ ഭാഗത്തുനിന്നുള്ള നിസ്സഹകരണം, സാമൂഹ്യ പ്രവർത്തകർ നേരിടുന്ന പരിഹാസവും പീഡനവും, ഇവയെല്ലാം കണക്കിലെടുക്കേണ്ടതുണ്ട്.

**സർക്കാരിൻെറ വികലമായ മദ്യനയം**

ഒരു ഗ്രാമത്തിൻെറ ആകമാനമുള്ള മദ്യ ഉപഭോഗംമൂലം ഏകദേശം മൂന്നു കോടി രൂപയോളം ഒരു മാസംകൊണ്ടു കൊള്ളയടിക്കപ്പെടുന്നു. എന്നാൽ കേവലം 25 ലക്ഷം രൂപയാണ് ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി സർക്കാർമാറ്റി വെച്ചിരിക്കുന്നത്. എന്നാൽ സുബോധമില്ലാത്തവരെ മദ്യവർജ്ജനത്തിലേക്കു നയിക്കുവാൻ ശ്രമിക്കുന്നവിഫല ശ്രമം ഒരു പ്രഹസനം മാത്രമാണ്. മദ്യനിരോധനം തങ്ങളുടെ നയമല്ലെന്ന് സർക്കാർ വാദിക്കുന്നത് നിരാശാജനകമാണ്. കേരളത്തിൽ നല്ലൊരു ഭാഗം അടിസ്ഥാന ജീവിത സൗകര്യങ്ങൾക്കായ് ദാഹിച്ചു കേഴുമ്പോൾ നീർപഞ്ഞിയിൽ വിനാഗിരി മുക്കി യേശുവിൻെറ ചുണ്ടോടു അടുപ്പിക്കുന്ന പടയാളികളുടെ സഹതാപമാണ് സമൂഹത്തിൻെറയും അധികാരികളുടെയും ഭാഗത്തു നിന്ന് ഉണ്ടാകുന്നത്.

5989 മദ്യഷാപ്പുകൾ, 427 ബാറുകൾ, 245 വിദേശമദ്യഷാപ്പുകൾ, 62 ബീയർ പാർലറുകൾ, 14 ബിവറേജസ് കോർപ്പറേഷ റേഷൻ വിതരണ കേന്ദ്രങ്ങൾ - സർക്കാരിൻെറ ഒത്താശയോടെ മനുഷ്യരുടെ ദാഹം ശമിപ്പിക്കുവാനുള്ള സജ്ജീകരണങ്ങൾ! കൂടാതെ, അനവധി അനധികൃത മദ്യഷാപ്പുകൾ, ഡിസ്റ്റലറികൾ, ബോട്ടിലിംഗ് യൂണിറ്റുകൾ എന്നിവയിലൂടെ മദ്യത്തിൻെറ കാര്യത്തിലെങ്കിലും സ്വയം പര്യാപ്തത നേടാനുള്ള ശ്രമമാണ് സർക്കാരിൻേറത് ! ഇത് ഒരു പാർട്ടിയോടൊ സമൂഹത്തോടൊ ഉള്ളവിമർശനമല്ല, ചാരായ നിരോധനം കാര്യക്ഷമമല്ലെന്ന് വാദിക്കുന്ന സർക്കാരിൻെറ ന്യായങ്ങൾ വിചിത്രമാണ്.എന്നാൽ പരിപൂർണ്ണ മദ്യനിരോധനത്തിനുള്ള ശ്രമങ്ങൾ സർക്കാരിൻെറ ഭാഗത്തു നിന്നുണ്ടായാൽ അത് പൂർണ്ണമായും വിജയിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. വ്യാജമദ്യത്തിൻെറ നിരോധനത്തിനായ് ശ്രമിക്കേണ്ടതും സർക്കാർ തന്നെ.ഇതിനെ ചെറുക്കാൻ കഴിയില്ലെന്ന വാദം ഭരിക്കുവാനുള്ള കഴിവില്ലായ്മ അംഗീകരിക്കുന്നതിന് തുല്യമാണ്.

മദ്യപരോടുള്ള സഹതാപത്തേക്കാൾ തൊഴിൽ രഹിതരായി തീരുന്നവരോടുള്ള പരിഗണന മന സ്സിലാക്കുന്നില്ല ! 3 കോടി ജനങ്ങളെ രക്ഷപ്പെടുത്തുന്നതിനു പകരമായി 1200 തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള ശ്രമം ജനസേവനത്തിൻെറ പ്രതിബദ്ധതയല്ല. തൊഴിൽ നഷ്ടപ്പെടുന്നവരുടെ പുനരധിവാ

**പൂർണ്ണ മദ്യനിരോധനം പടിപടിയായുള്ള ഉദ്യമങ്ങളിലൂടെ സാദ്ധ്യമാവണം. ശക്തമായ പ്രചാരണ പ്രതികരണ പ്രവർത്തനങ്ങൾ ഉടലെടുക്കേണ്ടതാണ്. ചെറിയ ചെറിയ സമൂഹങ്ങളിലൂടെ ഇതു സാദ്ധ്യമാവും ഇത് നീതിക്കുവേണ്ടിയുള്ള സമരമാണ്. പാവപ്പെട്ടവൻെറ ദാഹം ശമിപ്പിക്കുന്നതിനുള്ള ശ്രമമാണ്.**

*Cont'd on pg. 20*

**മാരാമൺ കൺവൻഷൻ** *1999 :* **17-2-99 7.00 p.m.**

*പ്രസംഗകൻ:* **ആർച്ച്ബിഷപ്പ് ഗുഡ്ഹ്യൂ** *പരിഭാഷ:* **റവ. ഡോ. ഏബ്രഹാം കുരുവിള**

*വേദഭാഗം:* ***1തെസ്സലോനിക്യർ 2: 1-16***

# ദൗത്യത്തിൻെറ നിസ്വാർത്ഥ ശൈലി

പരിശുദ്ധാത്മാവിൻെറ ദിവ്യ ആലോചനയാൽ പൗലോസ് ഗ്രീസിൽനിന്ന് മക്കദോന്യയിലേക്കു യാത്രയാവുന്നു. അവിടെ ഫിലിപ്പ്യയിൽ ശുശ്രൂഷ ഫലപ്രദമായിരുന്നെങ്കിലും കാരാഗൃഹത്തിൽ ആക്കപ്പെടുന്ന പൗലോസ് അവിടെനിന്ന് വിമോചിതനായി തെസ്സലോനിക്യയിലെത്തുന്നു. അവിടെ അനുകൂലികളെപ്പോലെ എതിരാളികളെയും അഭി മുഖികരിക്കുന്നു. അപ്പോസ്തലൻ ശ്രദ്ധിക്കപ്പെടുന്നുവെന്ന് മനസ്സിലാക്കി പ്രതികൂലികൾ അദ്ദേഹം അനുധാവനം ചെയ്യുന്നു. അദ്ദേഹം അവിടെനിന്ന് അഥേനയിലേക്കു പോകുന്നു. തുടർന്നു കൊരിന്തിലെത്തുന്ന അപ്പോസ്തലൻ തെസ്സലോനിക്യരെപ്പറ്റി കേൾക്കുന്നു. വിഷമങ്ങളുടെ മദ്ധ്യത്തിൽ അവരെ ആശ്വസിപ്പിച്ച്, തിരുത്തലുക ളോടെ അവരെ നയിക്കുന്നതിന് ലേഖനം എഴുതുന്നു.

**A. തെസ്സലോനികൃയിലേക്ക് കൊണ്ടുവന്ന പ്രേരണശക്തി (2:1,2)**

മുഖവുരയിൽ വരുവാനുണ്ടായ കാരണത്തെ പരാമർശിക്കുന്നു. വളരെ അപമാനിതനായി ഫിലിപ്യയിൽ നിന്ന് എത്തുന്നു. റോമാപൗരനെന്ന് തിരിച്ചറിയുമ്പോൾ പൗലോസ് മോചിപ്പിക്കപ്പെടുന്നു. എന്നാൽ പൗലോസ് പ്രശ്നങ്ങളെ നിസ്സാരമായി പരിഗണിക്കുന്നു. കഷ്ടവും അപമാനവും നേരിടുമ്പോൾ കർത്താവിൽ ധൈര്യപ്പെട്ട് എതിർപ്പുകളുടെ മദ്ധ്യേ ധീരമായ് മുന്നേറുന്നു.



**ആർച്ച്ബിഷപ്പ് ഗുഡ്ഹ്യൂ**

സമ്മർദ്ദങ്ങൾ ക്രിസ്തീയ ശുശ്രൂഷയിൽ സ്വാഭാവികമാണ് ഇവയെ അതിജീവിക്കുവാനുള്ള ധൈര്യം ആവശ്യമാണ്. ധീരത മൂന്നു വിധത്തിൽ ദർശിക്കാം.

1. ധർമ്മിക ധീരത
2. ആത്മീക ധീരത
3. സുവിശേഷപരമായ ധീരത

ഉണർന്നിരിപ്പിൻ, പുരുഷത്വം കാണിപ്പിൻ, വിശ്വാസത്തിൽ ശക്തിപ്പെടുവിൻ എന്ന് പൗലോസ് കൊരിന്ത്യർക്കെഴുതുന്നു. ദൈവശക്തി ധരിച്ചു മോശ തൻെറ ബലഹീനതയെ അതിജീവിക്കുന്നു. ദൗത്യം ഏറ്റെടുക്കുന്നു. യിരമ്യാവിൻെറ അനുഭവവും ദൈവത്തോടുള്ള സംസർഗ്ഗത്തിൽ ശക്തിപ്പെടുന്നതാണ്. നെഹെമ്യാവ് യെരുശലേമിൻെറ പുനർനിർമ്മാണത്തിനു ധൈര്യപൂർവ്വം. പുറപ്പെടുന്നു. എന്നാൽ തിമൊഥയോസ് ധീരനായല്ല ചിത്രീകരിക്കപ്പെടുന്നത്. എൻെറ മകനേ, കർത്താവിൽ ശക്തിപ്പെടുക എന്ന് പൗലോസ് എഴുതുന്നു. പട ചേർത്തവനെ പ്രസാദിപ്പിക്കുകയാണ് പടയാളിയുടെ ധർമ്മം. നന്നായി അദ്ധ്വാനിക്കാത്ത കർ ഷകന് ഫലഭൂയിഷ്ഠമായ വിളവ് ഉണ്ടാകയില്ല. ദൈവത്തിൽ നിന്നും ശക്തി ഉൾക്കൊണ്ട് സുവിശേഷപ്രവർത്തനങ്ങളിൽ വ്യാപൃതരാവാൻ നമുക്ക് കഴിയണം.

മോക്ഷയാത്രയിൽ ആയിരിക്കുന്ന വിശ്വാസി പ്രതിബന്ധങ്ങളെ തരണം ചെയ്തേ മതിയാവു. പ്രതിബന്ധങ്ങളിൽ സാധ്യതകളെ കണ്ടെത്തുന്നതിനും അതിജീവിക്കുന്നതിനും ദൈവം നമ്മെ സഹായി

*Cont'd on pg.21*

---

സത്തിനുള്ള ആത്മാർത്ഥ ശ്രമങ്ങളുണ്ടായാൽ പരിഹാര്യമാണ്. സർക്കാരിന് മദ്യക്കച്ചവടം കൊണ്ട് ഉണ്ടാകുന്ന റവന്യൂ വരുമാനം 350 കോടിയാണ്. എന്നാൽ സമൂഹം മദ്യപാനത്തിനായി ചെലവഴിക്കുന്നത് 10,000 കോടി രൂപയാണ്. മദ്യനിരേധനം വരുന്നതോടെ ഈ തുക ജനങ്ങൾക്കു ജീവിതാവശ്യങ്ങൾക്കായ് ഉപയോഗപ്പെടുത്താം. സർക്കാരിന് വില്പന നികുതിയിലൂടെ ഇതെ വരുമാനം സർക്കാരിന് ലഭിക്കുന്നതാണ്. എന്നാൽ രാഷ്ട്രീയ പാർട്ടികൾക്കു വലിയ നഷ്ടം സംഭവിക്കുമെന്നത് തീർച്ചയാണ്.

**ആത്മപരിശോധനയുടെ ആവശ്യകത**

മറ്റുള്ളവരെ വിമർശിക്കുന്നത് എളുപ്പമാണ് എന്നാൽ ഒരു ആത്മപരിശോധന നടത്തേണ്ടത് അനിവാര്യമാണ്. ഏറെ ചർച്ച ചെയ്യപ്പെട്ട ശ്രീ സുകുമാർ അഴിക്കോടിൻെറ പ്രസ്താവനയിൽ അതിശയോക്തിയുണ്ടെങ്കിലും ആ വിമർശനം ഗൗർരവമായെടുക്കേണ്ടതാണ്. വിശുദ്ധിയുടെ പ്രതീ കങ്ങളായി സാധാരണ ജനം കണക്കാക്കുന്ന വൈദീകരുടെ വീഴ്ച ജനങ്ങൾ ഊതി വീർപ്പിക്കുക സ്വാഭാവികമാണ്. മാതൃകാപരമായി നമ്മുടെ ജീവിതങ്ങളെ നയിക്കേണ്ടതും ജാഗ്രതയുള്ളവരായിരിക്കേണ്ടതും കാലഘട്ടത്തിൻെറ ആവശ്യമാണ്.

കെ. സി. ബി.സിയുടെ ഇക്കഴിഞ്ഞ സമ്മേളനത്തിൽ സംഘടിതമായി മദ്യവിപത്തിനെ നേരിടേണ്ടതിൻെറ ആവശ്യകത ഊന്നിപറയുകയുണ്ടായി. ആഗോള തലത്തിൽ മദ്യ ഉപഭോഗവും വിപ്ണനവും അധാർമ്മികമായി കണക്കാക്കപ്പെടുന്നില്ല. എന്നാൽ ഭാരതത്തിൻെറ സംസ്കാരവും ലളിതജീവിതശൈലിയും സാമ്പത്തിക പിന്നോക്കാവസ്ഥയും മദ്യത്തെ ഉപയോഗ വസ്തുവായി കണക്കാക്കുന്നത് നിഷേധിക്കുന്നു. ഇതിൻെറ അഭാവം സമൂഹത്തിൽ പോരായ്മകൾ സൃഷ്ടിക്കുന്നില്ല.

പൂർണ്ണ മദ്യനിരോധനം പടിപടിയായുള്ള ഉദ്യമങ്ങളിലൂടെ സാദ്ധ്യമാവണം. ശക്തമായ പ്രചാരണ പ്രതികരണ പ്രവർത്തനങ്ങൾ ഉടലെടു ക്കേണ്ടതാണ്. ചെറിയ ചെറിയ സമൂഹങ്ങളിലൂടെ ഇതു സാദ്ധ്യമാവും ഇത് നീതിക്കുവേണ്ടിയുള്ള സമരമാണ്. പാവപ്പെട്ടവൻെറ ദാഹം ശമിപ്പിക്കുന്നതിനുള്ള ശ്രമമാണ്. ബുദ്ധിജീവികളുടെനിരുത്തരവാദപരമായ പ്രതികരണങ്ങൾ ആപത്ക്കരമാണ്. പരിപൂർണ്ണമായ മദ്യനിരോധനത്തിലൂടെ മാത്രമേ പുരോഗതിയുണ്ടാകൂ.

**വചനാനുഭവവും പ്രാർത്ഥനാ ജീവിതവും പ്രേരകശക്തികൾ**

മദ്യനിരോധനത്തിനായുള്ള ശ്രമങ്ങൾ വചനാനുഭങ്ങളിലൂടെയും പ്രാർത്ഥനാജീവിതത്തിലൂടെയും ദൃഢീകരിക്കേണ്ടതാണ്. ഒരു ഹൈന്ദവസന്യാസിനിയുടെ അഭിപ്രായത്തിൽ ഒരു ലഹരിയെ മറ്റൊരു ലഹരികൊണ്ടേ നിഷ്ഫലമാക്കാനാവൂ! ദുശ്ശീലങ്ങളെ വിട്ടൊഴിയുന്നവന് ഭക്തിലഹരി ആവേശവും സംതൃപ്തിയും പ്രദാനം ചെയ്യും. പ്രതിസ്നേഹത്തിനായുള്ള സ്നേഹം ജീവജലത്തിലേക്കു നയിക്കപ്പെടണം. ഈ വെള്ളം കുടിക്കുന്നവന് എല്ലാം വീണ്ടും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല(യോഹ. 4:13) യേശുവിൽ നിന്നു നിർഗ്ഗളിക്കുന്ന ഭക്തിരസം ഏതു ലഹരിയെയും അതിജീവിക്കും. വചനാനുഭവത്തിലടെ ദുഃശ്ശീലങ്ങളിൽ നിന്നും വിമുക്തി നേടാവുന്ന താണ്. അതിനുള്ള ആത്മാർത്ഥമായ ശ്രമമുണ്ടായാൽ മതി. മനസ്സുണ്ടെങ്കിൽവഴിയുണ്ട്.

യിരമ്യാപ്രവാചകൻ വിലപിക്കുന്നു. ജീവജലത്തിൻെറ ഉറവയായ ദൈവത്തെ ജനം തള്ളിക്കളഞ്ഞു. പകരം, ജലമുൾക്കൊള്ളുവാൻ കഴിയാത്ത പൊട്ടക്കിണറുകളെ കുഴിച്ചിരിക്കുന്നു. അനുതപിച്ച് ദൈവത്തിങ്കലേക്കു തിരിയാം. സാമൂഹ്യതിന്മകൾക്കെതിരെ സമൂഹമായി സഭയായി സംഘടിതമായി പ്രതിഷേധിക്കേണ്ടത് അത്യാവശ്യമാണ്.. വചനത്തിൽ നിന്ന് ശക്തി ലഭിക്കുന്ന ക്രൈസ്തവർ സർവ്വശക്തിയും സംഭരിച്ച് മദ്യവിമുക്ത സമൂഹത്തിനായ് മുന്നേറണം. മഹാജൂബിലി ആഘോഷി ക്കുന്ന ഈ വേളയിൽ നമുക്ക് ഇതിനിടയാവട്ടെ. ●

*Continued from page 20*

ക്കും. പൗലോസിന് തൻെറ ശുശ്രൂഷകളെനിർവ്വഹിക്കുന്നതിനാവശ്യമായ നിശ്ചയ ദാർഢ്യവും ധൈര്യവുമുണ്ടായിരുന്നു. ദൈവത്തിൻെറ സുവിശേഷം ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. എന്ന ബോധം പൗലോസിനുണ്ടായിരുന്നു.

**A. ഉത്സാഹത്തോടെ ദൗത്യത്തിൽ വ്യാപൃതരാവുക.**

ശിശു സഹജമായ ഉത്സാഹം കാടുകളെയും മലകളെയും അതിജീവിക്കുന്ന ഉത്സാഹം. എന്നാൽ പ്രായമാവുമ്പോൾ ശാരീരിക അസ്വാസ്ഥ്യങ്ങൾ നമ്മുടെ ഉത്സാഹങ്ങളെ മടുപ്പിക്കാം. എന്നാൽ മനസ്സിനും ആത്മാവിനും പുതുക്കമുള്ളവരായ് നിലനിൽക്കുവാൻ സാധിക്കണം. ആയുഷ്ക്കാലം മുഴുവൻ ഉത്സാഹികളായിരിപ്പാൻ നമ്മുക്ക് പ്രാർത്ഥിക്കാം. പൗലോസിനെപ്പോലെ സുവിശേഷപരമായി ധൈര്യവും ഉത്സാഹവുമുള്ളവരായി നിലനിൽക്കുവാൻ സാധിക്കണം.

**B.ആത്മത്വത്തിൻെറ ശ്രേഷ്ഠത (2:3-6)**

തൻെറ ആളത്വത്തെക്കുറിച്ചുള്ള അമിതമായ പ്രകടനമല്ല, തെസ്സലോനിക്യയിൽ പ്രചരിച്ച തൻെറ ആളത്വത്തെപ്പറ്റിയുള്ള തെറ്റിദ്ധാരണകൾ പൗലോസ് വിശദമാക്കുന്നു. സ്വന്ത പ്രശംസയ്ക്കുവേണ്ടി അലഞ്ഞു നടക്കുന്ന സുവിശേഷകനായ് അപ്പോസ്തോലൻ ചിത്രീകരിക്കപ്പെട്ടു സുവിശേഷം ഭരമേൽപ്പിക്കപ്പെട്ട അപ്പോസ്തോലനായ് സ്വയം അവതരിപ്പിക്കുന്നു എന്നൊക്കെയാണ് ആരോപണങ്ങൾ. മനുഷ്യരെയല്ല ദൈവത്തെ പ്രസാദിപ്പിക്കുന്നു എന്ന് വ്യക്തമാക്കുന്നു. നാം പറയുന്നത് ജനങ്ങളെ വിശ്വസിപ്പിക്കാൻ കഴിയണം. സത്യമെന്നു നാം പറയുന്ന കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രതിഫലിക്കണം. നാം ഒന്നു പറയുകയും മറ്റൊന്ന് ചെയ്യുകയും ചെയ്യുമ്പോൾ നമ്മുടെ വിശ്വസ്യത നഷ്ടപ്പെടുന്നു. ഇന്നത്തെ സമൂഹത്തിൽ വാക്കുകളുടെ വിശ്വാസ്യത തീരെയില്ല. ഒരു പുതിയ ധാർമ്മികബോധം ഉദയം ചെയ്തു വരുന്നു. അത് ഇന്നത്തെ അധികാരികളെയും വ്യാപാരികളെയും നയിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങൾക്ക് വിശ്വാസ്യതയിൽ നാം മാതൃകയായിരിക്കണം. മാതാപിതാക്കളുടെ വിശ്വാസ്യതയെപ്പറ്റി കുഞ്ഞുങ്ങൾക്കു ബോധം ഉണ്ടാവണം. If we want to walk the walk our talk must be the talk.

**C.. തൻെറ സ്നേഹത്തെപ്പറ്റി പൗലൊസ് പ്രസംഗിക്കുന്നു. (2:7-8)** : ഒരു മാതൃഭാവത്തോടെ, അമ്മ കരുതുന്നതുപോലെ ആർദ്രതയോടെ വർത്തിക്കുന്ന പൗലോസ്, വാത്സല്യവും സ്നേഹവും കരുതലും ജീവൻ തന്നെ പങ്കിടുന്നതിന് പ്രേരിപ്പിക്കുന്നു. മറ്റു മനുഷ്യർക്ക് നന്മ ചെയ്യുന്നതിന് നിസ്വാർത്ഥമായ ചേതന രൂപപ്പെടുന്നതാണ് സ്നേഹം. കുടുംബാംഗങ്ങൾ തമ്മിൽ പരസ്പരം ഭാരങ്ങൾ പങ്കിടുന്നതിനും സ്നേഹം പങ്കിടുന്നതിനും സാധിക്കുന്നുണ്ടോ? കർത്താവ് സഭയെ സ്നേഹിക്കുന്നതുപോലെ ഭർത്താവിന് ഭാര്യയെ സ്നേഹിക്കുവാൻ കഴിയണം. സ്നേഹിക്കപ്പെടുന്നതിലൂടെ ദൈവസ്നേഹം രുചിച്ചറിയുവാൻ നമ്മുടെ കുഞ്ഞുങ്ങൾക്കു കഴിയുന്നുണ്ടോ? ദൈവത്തിനു വേണ്ടി ഏറ്റവും ഉന്നതമായത് ആർജ്ജിക്കുവാനുള്ള മാതൃക അവർക്ക് നൽകാൻ കഴിയണം. 1 കൊരിന്ത്യർ 13-ാം അദ്ധ്യായം സ്നേഹഗീതമാണ്. കുഞ്ഞിനെപ്പോലെ പെരുമാറി എന്നു പറയുമ്പോൾ ആർദ്രതയോടെ പെരുമാറി എന്നാണർത്ഥമാക്കുന്നത്.

**D. നിസ്വാർത്ഥ പ്രവർത്തന ശൈലി, ഉത്തമദൗത്യ മാതൃക. (2:9)**

നിസ്വാർത്ഥമായ സേവനത്തെപ്പറ്റിയും കഠിന പ്രയത്നത്തെപ്പറ്റിയും പൗലോസ് വിശദീകരിക്കുന്നു. ആർക്കും ഭാരമാവരുത് എന്നു വെച്ച് രാവും പകലും വേല ചെയ്തു എന്നതാണ് അപ്പോസ്തലൻെറ നിലപാട്. നിസ്വാർത്ഥമായ കഠിനപ്രയത്നം പൗലോസിൻെറ മുഖമുദ്രയായിരുന്നു. അലസന്മാരായി, കർമ്മോത്സുകത ഇല്ലാതെ മറ്റുള്ളവർക്കു ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നത് ക്രിസ്തീയമല്ല. കഠിനാദ്ധ്യാനത്തിലൂടെ മറ്റുള്ളവരെ സഹായിക്കുവാൻ നാമൊരുക്കമുള്ളവരാവണം.

**E.ദൈവരാജ്യത്തിനും ദൈവത്തിനും യോഗ്യമായ ജീവിതശൈലി**

വിശുദ്ധവും നീതിയും അനിന്ദ്യവുമായി അപ്പോസ്തോലൻ വർത്തിക്കുന്നു. നാം വിളിക്കപ്പെട്ടവരാണ്. ദൈവരാജ്യത്തിന് യോഗ്യമായ ജീവിതം നയിക്കുവാൻ വിളിക്കപ്പെട്ടവരാണ്. ദൈവത്തിൻെറ പരിശുദ്ധാത്മ ഫലം പുറപ്പെടുവിക്കാൻ തുണയ്ക്കേണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം. രൂപാന്തരത്തിൻെറ അനുഭവത്തിന് യോഗ്യരാവാൻ ഈ അനുഭവം ഉണ്ടാവണം. ദൈവരാജ്യത്തിന് യോഗ്യമായ ഫലം, സ്ഥിരതയോടെ പുറപ്പെടുവിക്കുവാൻ കഴിയുന്നില്ലെങ്കിൽ ദൈവനാമത്തിന് നാം ദുഷിയുണ്ടാക്കുന്നു.

ജീവിതത്തിൽ ഞാനും നിങ്ങളും രണ്ടു തരത്തിലുള്ള അധികാരങ്ങൾ അനുവർത്തിക്കുന്നു. നിങ്ങൾക്കു വേണ്ടി ഒരു പ്രത്യേക സന്ദേശമുണ്ട് എന്നു നമുക്ക് പറയുവാൻ കഴിയും. അത് ജീവിതത്തിന് മാന്യത പകരും. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ●

---

ഭൗതീകനാഗരീകതയല്ല, മാനുഷീകമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ജീവൻ ജീവനോട് സംസാരിക്കുന്ന ഒരു സംസ്ക്കാരം ആണ് ഇന്നിൻെറ ആവശ്യം. എന്നാൽ ഇന്ന് എങ്ങനെയാണ് സഭയിൽ , സമൂഹത്തിൽ മരുഭൂമികൾ ഉണ്ടാകുന്നത്? മൂന്ന് ഘടകങ്ങൾ ശ്രദ്ധേയമാണ്.

**1. നിസ്സംഗത**

യേശുവിനെ ക്രൂശിച്ചപ്പോൾ കണ്ടുനിന്നവർ അനേകർ ആയിരുന്നു. കാഴ്ചക്കാരാകുവാനാണ് ഏറിയ പങ്ക് ആളുകൾക്കും ഇഷ്ടം. ഇന്ന് സഭയുടെ സ്ഥിതിയും ഇപ്രകാരമായിട്ടില്ലേ? ആരാധനയും സാമൂഹ്യജീവിതവുമായി ബന്ധമുണ്ടാവണം. വിശ്വാസികൾ നിസ്സംഗതരാകുമ്പോൾ മരുഭൂമികൾ പടർന്നു കയറുന്നു

**2. നിഷ്ക്രിയത്വം**

നിഷ്ക്രിയത്വം ഒരു തിരഞ്ഞെടുപ്പാണ്, മന:പൂർവ്വമായ പ്രവർത്തനം സമൂഹത്തോട് കണക്കുപറയേണ്ടവർ,സമൂഹത്തിൽ വെളിച്ചം പരത്തേണ്ട ഗോപുരങ്ങൾ ഇന്ന് നിഷ്ക്രീയമായ അവസ്ഥ മുഖമുദ്രയാക്കിയിരിക്കുന്നു. പ്രതിസന്ധികളിൽ നിലപാടുകൾ എടുക്കുവാൻ സഭയ്ക്ക് ഇന്ന് കഴിയുന്നുണ്ടോ? ആത്മവിശ്വാസവും പ്രത്യാശയുമുള്ളവർക്കുമാത്രമേ നിലപാടുകൾ എടുക്കുവാൻ കഴിയൂ. പ്രതിസന്ധി എല്ലാക്കാലത്തും ഉണ്ടാകും. അത്, ജീവിത യാഥാർത്ഥ്യമാണ്. എന്നാൽ ഈ പ്രതിസന്ധിയിൽ നിലപാടുകൾ സ്വീകരിക്കുവാൻ കഴിയുമ്പോഴാണ് നമ്മുടെ ദൗത്യം പൂർണ്ണമാകുന്നത്.

**3. മനുഷ്യവിഭവത്തിൻെറ ശോഷണം**

ഇന്ന് സഭയുടെ മുമ്പാകെയുള്ള ഒരു വലിയ പ്രതിസന്ധി ആവശ്യത്തിന് മനുഷ്യവിഭവം ഇല്ല എന്നതാണ്. മരുഭൂമികൾ ഉണ്ടാകുന്നത് പൊടുന്നനവേ, അല്ല, ക്രമേണയാണ്. പ്രതിബദ്ധതയുള്ള ആളുകളുടെ കുറവ് മരുഭൂമിയുടെ കയ്യേറ്റം ചെറുത്തു നില്ക്കുവാൻ സാധിക്കുന്നില്ല. നിലപാടുകളെടുക്കുവാനും പ്രവർത്തനനിരതരാകുവാനും ആളില്ല.

**A. മരുഭൂമിയിലേക്കിറങ്ങുക; സഭയുടെ ദൗത്യം**

യേശു ശിഷ്യന്മാരുമായി മരുഭൂമിയിലേക്ക് പോയി. അവിടെ പുരുഷാരം കൂടി. യേശു ഇവിടെ മരുഭൂമിയെ സമൃദ്ധിയുടെ ഇടമായി മാറ്റുന്നു. മരുഭൂമിയുടെ പ്രത്യേകത അവിടെ മതിലുകളില്ല, ഭിത്തികളില്ല, വാതിലുകളില്ല , ജനലുകളില്ലയെന്നതാണ്. ദൈവമുള്ളിടത്ത് വേലികെട്ടുകളുണ്ടാവില്ല. മരുഭൂമിയിൽ ആർക്കും വരാം. വിശ്വാസസമൂഹം ഒരു തുറന്ന സമൂഹമായിരിക്കണം. ഏവരേയും ക്ഷണിക്കുന്ന, സ്വീകരിക്കുന്ന തുറന്ന സമൂഹമായിരിക്കണം. പുറംതള്ളപ്പെട്ടവരും അഭയാർത്ഥികളും ബലഹീനരും രോഗികളും ഒക്കെ യേശുവിൻെറ അടുക്കലേക്ക് കടന്നുവരാൻ കഴിഞ്ഞിരുന്നു.

**B പുരുഷാരത്തോടു മനസ്സലിയുന്ന കർത്താവ്**

അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ ആകകൊണ്ട് അവരിൽ മനസ്സലിഞ്ഞ് യേശു പലതും ഉപദേശിച്ചു. (മർക്കോസ്. 6: 34)

മന്സലിവുള്ള ദൈവം യേശുവിൽ പ്രത്യക്ഷപ്പെട്ടു. ആർദ്രത യേശുവിൻെറ മുഖമുദ്രയാണ്. രോഗികൾ, ദു:ഖിതർ, മരണാസന്നർ, എല്ലാവരേയും യേശു ആർദ്രതയോടെ കണ്ടു. മരുഭൂമിയിലെ മണൽപ്പരപ്പിലൂടെ, നടക്കുമ്പോൾ മണലിൻെറ 'കിരുകിരുപ്പു ശബ്ദം' കേൾക്കാം. ഇന്ന് സമൂഹത്തിൽകേൾക്കുന്ന വേദനയുടെ ശബ്ദങ്ങൾ നമ്മെ അലോരസപ്പെടുത്തുന്ന അനുഭവങ്ങൾ ആകുന്നുണ്ടോ? സാങ്കേതിക വിദ്യയുടെ അതിപ്രസരത്തിൽ ഇത്തരം മൃദുല ഭാവങ്ങൾ സമൂഹത്തിന് നഷ്ടപ്പെടുന്നു. വസ്ത്രങ്ങളും ഇരിപ്പിടങ്ങളും വാഹനങ്ങളും മൃദുവായിരിക്കണം എന്ന് താല്പര്യപ്പെടുന്ന നാം നമ്മുടെ സ്വഭാവത്തിൻെറ മൃദുലഭാവങ്ങൾ നിലനിർത്തുവാൻ വിമുഖരാണ്.

**ഭൗതീകനാഗരീകതയല്ല, മാനുഷീകമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ജീവൻ ജീവനോട് സംസാരിക്കുന്ന ഒരു സംസ്ക്കാരം ആണ് ഇന്നിൻെറ ആവശ്യം.**

**പ്രതിസന്ധിയെ പ്രവർത്തനരംഗമാക്കുക**

നിങ്ങൾ അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ. (മർക്കോസ് 6:37) പ്രതിസന്ധിയിൽ തളർന്നുപോകുവാനല്ല, പ്രതിസന്ധിയെ പ്രവർത്തനരംഗമാക്കുകയാണ് യേശു. നിർജ്ജനപ്രദേശത്ത് നേരം വൈകിയ സമയത്ത് അവരെ വെറുതെ അയക്കാൻ യേശു സമ്മതിച്ചില്ല. മനുഷ്യൻെറ ആദ്ധ്യാത്മീകവും ശാരീരികവുമായ ആവശ്യങ്ങളെ യേശു രണ്ടായി കണ്ടില്ല. മരുഭൂമിയിൽ വന്ന പുരുഷാരത്തിന് യേശു ആത്മീയാഹാരമായ ജീവൻെറ വചനവും അപ്പവും മീനുമായ ഭൗതീകാഹാരവും നൽകി.

കഴുത്തറക്കുന്ന ബിസ്സിനസ്സുകാർ കൽക്കട്ടയിൽ മനുഷ്യരെ കുരുതി കഴിക്കുമ്പോൾ, എങ്ങനെയും പണം ഉണ്ടാക്കുവാൻ എന്തും ചെയ്യുമ്പോൾ അവരുടെ ഇടയിലേക്ക് ഇറങ്ങിചെല്ലുന്നത് വിശ്വാസസമൂഹമാണ്. ഇന്ന് ധാരാളം പണം ചിലവാക്കി മനോഹരമായ ദേവാലയങ്ങളിൽ ആരാധിക്കുന്ന മാർത്തോമ്മാക്കാരെയല്ല, തങ്ങൾക്കുള്ളതിനെ ഭാരതത്തിൻെറ ഗ്രാമങ്ങളിൽ ചിലവിടുന്ന, ഇറങ്ങിചെല്ലുന്ന, വിശ്വാസസമൂഹത്തെയാണ് ആവശ്യം.

മനുഷ്യസമൂഹവും പ്രപഞ്ചവും മരുഭൂമി ആയിത്തീരുമ്പോൾ വരൾച്ചയെ ഹരിതഭൂമിയാക്കുവാൻ സഭ ആക്കപ്പെട്ടിരിക്കുന്നു. ആർദ്രതയുടെ പ്രവാചകരാകുവാൻ സമൃദ്ധിയുടെ ജീവൻ പ്രദാനം ചെയ്യുവാൻ, ദൈവത്തിൻെറ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ. ●

# Ecumenism

## *From the Visible Church to the Invisible Ekklesia: From Diatribe to Dialogue*

Dr. P. M. Mammen



### The De Facto Pluralism: The Diatribe

***The Protestants say to the Catholics, "Have you taken seriously the Free Gift of the Cross of Christ? The gravity of sin? The uniqueness of the Mediator, Jesus Christ?" The Catholics, in reply, would ask, "Have you taken seriously the real unity (the catholicity) of the Church? The continuity and the apostolicity of the ministry? The Mystical Body which makes us members of the Body, and the Communion of Saints which authorizes the community of prayer and veneration?" In the midst of this philosophic conundrum, lies the central theme of Christian Faith which expounds a sense of crucifixion, a sense of agonizing annihilation, a sense of utter nothingness of empirical existence.***

One of the main characteristics of Christian Church has been its culture of pluralism as well as its predisposition to fragmentation. It has always been confronted with open-ended diversity without any countervailing ecclesial function of unity. Disunity of christians split the East -West axis of Christendom, shattering the sacramental communion between the Orient and the Occident. The Reform movements of the sixteenth century shattered the vertical axis, separating the Mediterranean peoples from the Germanic and Nordic nations. The "symbolic" or "creedal" theology of Zwingli in Zurich, Calvin in France and Geneva, Bucer in Alsace, Knox in Scotland, Lightfoot of Anglican Church, Luther in Saxony and Germany who declared, "The just shall live by faith," and the like promoted profound changes in the minds of the people. It divided the Christians of the world into Catholics and non-Catholics, the latter consisting of Protestants, Orthodox and Anglicans. (The words, "creed," and "creedal" come from the Latin word "credo," which means "I believe".)

### Toward a Movement for Ecumenism: at Institutional Level

This de facto pluralism of the visible churches would tend to devalue the goal and purpose of the institutional unity of and in the church(es). The consciousness of this reality began to dawn upon the minds of the people during the First World War. By the end of the War, Lenin's Bolsheviks were firmly entrenched in power to cast their shadow on the Russian Orthodox Church. As a result, a new mind-set was born to create a movement for substantive "ecumenism" among the churches. (The word, "ecumenical," was used in classical Greek to mean that which pertains to the " oikumenę," which means anything dealing with the entire world, or the inhabited earth.)

